മലബാറിൽ അന്ന് നിരന്തരമായി നടന്ന പോർച്ചുഗീസ് ആക്രമണ ങ്ങളിൽ നഷ്ടപ്പെട്ട ഇസ്ലാമിക കേന്ദ്രങ്ങൾ സംരക്ഷിക്കുവാൻ അദ്ദേഹം നടത്തിയ ആഹ്വാനം ഏറ്റവും ശ്രദ്ധേയമായ ഒന്നാണ്. ഒരു മലയാളി സമൂ ഹത്തിന്റെ ചരിത്രം രചിക്കുക മാത്രമല്ല ആ ചരിത്രത്തെ കൊളോണി യൽ അധീശ ശക്തികൾക്കെതിരായി പടനയിക്കുവാൻ ഉപയോഗപ്പെടു ത്തുകയും ചെയ്യുന്ന വിധമായിരുന്നു ഈ ഗ്രന്ഥത്തിന്റെ രചനയെന്നു കരു തേണ്ടിയിരിക്കുന്നു. മഖ്ദൂം രണ്ടാമൻ വളരെക്കാലം കോഴിക്കോട് സാമൂ തിരിപ്പാടിന്റെ ആശ്രിതനായി താമസിക്കുകയും ഈജിപ്ത്, ഗുജറാത്ത് തുടങ്ങിയ പല രാജ്യങ്ങളിലെയും സുൽത്താന്മാരുമായി സാമൂതിരിപ്പാ ടിനു നയതന്ത്ര ബന്ധം നടത്തുവാൻ ആവശ്യമായ കത്തുകൾ അറബി ഭാഷയിൽ എഴുതുകയും ചെയ്തവെന്നും വിശ്വസിക്കപ്പെടുന്നു. ഇതെല്ലാം

തന്നെ പോർച്ചുഗീസുകാർക്കെതിരെ ഇന്ത്യയിൽ ശക്തമായൊരു പശ്ചാത്തലമൊരുക്കുവാൻ കൂടിയായിരുന്നു. ഒരളവോളം മക്ദൂം രണ്ടാമന്റെ പ്രവർത്തനങ്ങൾ വിജയിക്കുകയുണ്ടായെന്ന് വിലയിരുത്താം. ഉദാഹരണമായി പോർച്ചുഗീസുകാരിൽ നിന്നും ചാലിയം കോട്ട പിടിച്ചെടുക്കുവാനും ആ പ്രദേശം സാമൂതിരിപ്പാടിന് തിരിച്ചു നൽകുവാനും ഈ പ്രവർത്തനങ്ങളിലൂടെ സാധിച്ചു. ഇത്തരം പ്രത്യാക്രമണങ്ങളുടെ പ്രത്യയ ശാസ്ത്രപരമായ പ്രചോദനം മഖ്ദൂം രണ്ടാമന്റേതാണെന്ന് നിസ്സംശയം പുണ്ടിക്കാട്ടാം. കുഞ്ഞാലി മരക്കാർ നാവിക കുടുംബം നിരന്തരമായി തങ്ങളുടെ വാണിജ്യത്തിനും വികസനത്തിനും വേണ്ടി പോർച്ചുഗീസുകാരുമായി കടലിലും കരയിലും ഏറ്റുമുട്ടിക്കൊണ്ടിരുന്നു. ആ ഏറ്റുമുട്ടലുകളിൽ അവരുടെ സമ്പത്തും ആയുധങ്ങളും പത്തേമാരികളുമെല്ലാം ബലി കഴിച്ചു. സാമൂതിരിപ്പാടിന്റെ നാവികസൈന്യം എന്നതിനേക്കാളും ഇതെല്ലാം മരക്കാർ കുടുംബത്തിന്റെ സമ്പത്തായിരുന്നുവെന്ന് പറയേണ്ടി വരുന്നു. ഈ നാവികപ്പടയുടെ ആശയപരമായ പ്രചോദനം മഖ്ദൂം രണ്ടാമന്റെ ചരിത്രപരമായ വിശകലനങ്ങളാണെന്നു കാണാം.

പടിഞ്ഞാറൻ കടലിലെ നാവികപരമായ സ്വാതന്ത്ര്യത്തിനു വേണ്ടി സാമൂതിരിപ്പാടും മരക്കാർ കുടുംബവും ഒരു നൂറ്റാണ്ടു കാലം നടത്തിയ ഏറ്റുമുട്ടലുകൾ മലബാറിനെ ഒരു കോളനി വാഴ്ചയിൽ നിന്നും രക്ഷപ്പെടുത്തി. ഈ ഏറ്റുമുട്ടലുകളായിരുന്നു ഗോവയിൽ തങ്ങളുടെ കേന്ദ്രം സ്ഥാപിക്കുവാൻ അൽബുക്കർക്കിനെ പ്രേരിപ്പിച്ചതെന്ന് ചരിത്രകാരന്മാർ സൂചിപ്പിക്കുന്നു. കൂടാതെ, പോർച്ചുഗീസുകാർക്ക് സാമൂതിരിപ്പാടിന്റെ ശത്രുവായ കൊച്ചി രാജവംശത്തിന്റെ അധീനതയിലായിരുന്ന ഫോർട്ടു കൊച്ചിയിലും ആധിപത്യമുറപ്പിക്കുവാൻ സഹായകമായി. ഇത്തരത്തിൽ പോർച്ചുഗീസുകാരുടെ പ്രവർത്തനങ്ങൾ കൊച്ചിയിലും ഗോവയിലും മാത്രമായി വികസിച്ചു വന്നപ്പോൾ മലബാറിന് ഒരു കോളനി ഭരണത്തിൽ നിന്നും മോചനം നേടുവാൻ സാധിച്ചു. പതിനാറാം നൂറ്റാണ്ടിൽ കോളനി വാഴ്ചയ്ക്കെതിരെ ഇത്രയും ശക്തമായ ഒരു പഠന ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിരുന്നില്ല. മഖ്ദൂം രണ്ടാമന്റെ ഈ അറബിക് ഗ്രന്ഥം ഏതാണ്ട് 15 - ലധികം ലോക ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഇംഗ്ലീഷിനു തന്നെ പ്രധാനമായും രണ്ട് വിവർത്തനങ്ങൾ ലഭ്യമാണ്. റൗളാന്റ്സൺ വിവർത്തനം ചെയ്ത പഠനം ഇതിൽ പ്രത്യേകം ശ്രദ്ധേയമാണ്. "ഹിസ്റ്ററി ഓഫ് ഇന്ത്യ ആസ് റ്റോൾഡ് ബൈ ഹെർ ഓൺ ഹിസ്റ്റോറിയൻസ്" എന്ന വോള്യങ്ങളിൽ എലിയഡ്. ഡൗസൺ എന്നീ ഗ്രന്ഥകാരന്മാർ ഈ ഗ്രന്ഥത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

മദ്രാസ് യൂണിവേഴ്സിറ്റിയിലെ അറബിക് പ്രൊഫസറായിരുന്ന മുഹമ്മദ് ഹുസൈൻ നായനാർ നാല്പതുകളിൽ ഈ ഗ്രന്ഥം ഇംഗ്ലീഷിലാക്കി

പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളത്തിൽ വേലായുധൻ പണിക്കശ്ശേരി. "കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ' എന്ന പേരിൽ ഈ ഗ്രന്ഥം സംകഷിപ്ത രൂപത്തിൽ നൽകിയിട്ടുണ്ട്. മലപ്പുറംകാരനായ ശ്രീ ഹംസ ഈ ഗ്രന്ഥം മലയാളത്തിൽ, അതിൽ പ്രതിപാദിച്ചിട്ടുള്ള സ്ഥലങ്ങളുടെ കുറിപ്പുകളോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമീപ കാലത്തായി ഈ ഗ്രന്ഥം കോലാംലംപൂരിൽ നിന്നും കോഴിക്കോട്ടെ അദർ ബുക്സിനു വേണ്ടി ഇംഗ്ലീഷിൽ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിനൊരു അവതാരിക എഴുതിയത് ഈ ലേഖകനായിരുന്നു.

എന്നാൽ ഈ ഗ്രന്ഥത്തെ സമഗ്രമായി അറബി പകർപ്പുകളിൽ നിന്നും കണ്ടെത്തുകയും വിമർശന ബുദ്ധിയോടെ പരിശോധിച്ചു കൊണ്ട് ഒരു പ്രസിദ്ധീകരണം നിർവ്വഹിക്കുവാനും ഇതുവരെയാരും ശ്രമിച്ചിട്ടില്ല. അറബിക് ഗ്രന്ഥത്തിലെ പല സ്ഥലനാമങ്ങളും ഗവേഷണങ്ങളിലൂടെ കണ്ടെത്തേണ്ടത് ഇന്ന് ഒരാവശ്യമാണ്. ഉദാഹരണത്തിന് കൊച്ചിക്ക് മക്ദൂം രണ്ടാമൻ നൽകുന്ന പേര് കോശി എന്നാണ്. ഇത്തരത്തിൽ ഭാഷാന്തരീകരിക്കപ്പെട്ട പല സ്ഥലങ്ങളും കണ്ടെത്തേണ്ടത് ഒരാവശ്യമാണ്.

ഈ ചരിത്ര പഠനത്തെപ്പറ്റി ഇസ്ലാമിക സമൂഹം തന്നെ വേണ്ടത്ര ബോധവാന്മാരായിട്ടില്ലെന്ന കാര്യം പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു. സാമ്രാജ്യ വിരോധത്തിന്റെ അതിതീവ്രമായ ആശയങ്ങൾ ഉൾക്കൊള്ളുമ്പോഴും ഈ മണ്ണിന്റെ തനതായ സംസ്കാരത്തോടും ഹൈന്ദവ സമൂഹത്തോടും സ്നേഹവും ആദരവും മമതയും പുലർത്തുന്ന മക്ദൂം രണ്ടാമന്റെ സമീപനം വർഗ്ഗീയ ഫാസിസ്റ്റുകളെ സംബന്ധിച്ച് ഒരു വെല്ലുവിളിയായിരുന്നു. വേണ്ടത്ര ഗൗരവത്തോടെ ചരിത്രകാരന്മാരും സാംസ്കാരിക പ്രവർത്തകരും കാണാത്ത ഈ ഗ്രന്ഥത്തെ കേരളത്തിന്റെ ഏറ്റവും വലിയ ചരിത്രസംഭാവനയാണെന്ന് വിലയിരുത്തേണ്ടതുണ്ട്. മക്ദൂം രണ്ടാമന്റെ കർമ്മശാസ്ത്രപരമായ ഗ്രന്ഥങ്ങൾ അറബിനാടുകളിലും ഈജിപ്തിലും ദക്ഷിണ പൂർവ്വേഷ്യയിലുമെല്ലാം തന്നെ അറബിഭാഷയിൽ പഠിപ്പിക്കപ്പെടുമ്പോൾ ഈ ഗ്രന്ഥം അത്തരം പഠനമേഖലകളിൽ പൂർണ്ണമായും അവഗണിക്കപ്പെട്ടിരിക്കുകയാണ്. കേരളീയ സമൂഹത്തെ സംബന്ധിച്ച് അനന്താരാഷ്ട്ര തലത്തിൽ ഉയർത്തിക്കാണിക്കേണ്ട ഒരു വ്യക്തിത്വമാണ് മക്ദൂം രണ്ടാമൻ എന്നു പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അതു പോലെ അദ്ദേഹത്തിന്റെ അന്ത്യവിശ്രമസ്ഥാനമെന്നു പറയപ്പെടുന്ന മാഹിക്കടുത്തുള്ള കുഞ്ഞിപ്പള്ളിയിലെ കബർസ്ഥാനവും പ്രത്യേകം സ്മരണീയമാണ്.

ഈ ഗ്രന്ഥത്തെ സർവ്വോപരി വിലമതിക്കുമ്പോൾ നമ്മുടെ ചരിത്ര പൈതൃക സ്മരണയിലേക്ക് കടന്നു വരേണ്ട മറ്റൊരു സ്ഥാപനം വടകരയിലെ കോട്ടയ്ക്കൽ ആണെന്നും കൂടി ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. എ ഡി. 1600 ആദ്യം മഖ്ദൂം രണ്ടാമന്റെ പ്രത്യയ ശാസ്ത്ര പ്രചോദിതനായി

കുഞ്ഞാലി മരയ്ക്കാർ നാലാമൻ കോട്ടക്കലിൽ വെച്ച് പോർച്ചുഗീസുകാരോട് ഏറ്റുമുട്ടി തടവുകാരനായി പിടിക്കപ്പെട്ട അന്ത്യനിമിഷങ്ങൾ കേരള ചരിത്രത്തിന്റെ വികാരോജ്ജ്വലമായ ഒരന്തരീക്ഷമാണ്. യൂറോപ്യൻ ചരിത്രത്തിൽ ബൽജിയത്തിലെ വാട്ടർ ലൂ നെപ്പോളിൻ ബോണപ്പാർട്ടിന്റെ പതനകേന്ദ്രമെന്ന നിലയിൽ ഏറ്റവും വലിയ ഒരു പൈതൃക കേന്ദ്രമായി ഇന്നും സംരക്ഷിക്കപ്പെടുന്നു. എന്നാൽ 16-ാം നൂറ്റാണ്ടിൽ സാമ്രാജ്യാധിപത്യത്തോടു നടത്തിയ ചെറുത്തുനിൽപ്പിന്റെ ഏറ്റവും വലിയ കേന്ദ്രമായ കോട്ടക്കൽ ഇന്നും അതിന്റെ ഗൗരവത്തോടെ ആദരിക്കപ്പെടുന്നില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുന്നു. ഇന്ത്യൻ നേവി പോലും ഈ സ്ഥലത്തിന്റെ പ്രാധാന്യം വേണ്ടത്ര മനസ്സിലാക്കിയിട്ടില്ലെന്നു കരുതട്ടെ. (ഒരു കൊച്ചു സ്മാരകം നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യം അവഗണിക്കുന്നില്ല). ഇന്ത്യൻ നേവിയുടെ ആരംഭ വർഷം ബോംബെ മറൈൻ എന്ന പേരിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യ കമ്പിനി ആരംഭിച്ച വകുപ്പിന്റെ ആരംഭവുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ അത് യഥാർത്ഥമായും ബന്ധപ്പെടുത്തേണ്ടത് കുഞ്ഞാലി മരക്കാർ നാലാമന്റെ 1600-ലെ ശ്രദ്ധേയമായ ഏറ്റമുട്ടലുമായിട്ടായിരിക്കണമെന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കട്ടെ.

അദ്ധ്യായം ഒന്ന്

അവിശ്വാസികൾക്കെതിരെ വിശുദ്ധയുദ്ധം സംബന്ധിച്ച നിയമങ്ങൾ, അതിനുള്ള ഉദ്ബോധനം

അറിയുക : രണ്ടുതരം അവിശ്വാസികളുണ്ട്. ഒരു കൂട്ടർ സ്ഥിരമായി അവരുടെ നാടുകളിൽ വസിക്കുന്നവർ. അവർക്കെതിരെയുള്ള ജിഹാദ് കൂട്ടായ കടമയാണ്. മുസ്ലീംകൾക്കിടയിൽ ചിലർ അതേറ്റെടുക്കുകയാണെങ്കിൽ, മറ്റുള്ളവർ ആ ഉത്തരവാദത്തിൽ നിന്നൊഴിവാകുന്നു. അല്ലെങ്കിൽ സമുദായം ഒന്നടക്കം ഈ അലംഭാവത്തിനുത്തരവാദികളായിത്തീരും.

അവിശ്വാസികളിൽ മറ്റേ വിഭാഗം നാമിന്നഭിമുഖീകരിക്കുന്നതു പോലെ മുസ്ലിം പ്രദേശങ്ങൾ ആക്രമിക്കുന്നവരാണ്. അത്തരം സാഹചര്യങ്ങളിൽ അവരെ യുദ്ധത്തിൽ നേരിടേണ്ടത് ഓരോ കഴിവുറ്റ പ്രായപൂർത്തിയായ മുസ്ലിമിന്റേയും ഉത്തരവാദിത്തമാണ്. ഇതിനായി, അടിമ യജമാനന്റെയോ ഭാര്യ ഭർത്താവിന്റെയോ ഋണബാധിതൻ അതു നൽകുന്നയാളിന്റെയോ, കുട്ടികൾ രക്ഷിതാക്കളുടേയോ അനുവാദം കാത്തിരിക്കേണ്ടതില്ല. പ്രാർത്ഥന ഹ്രസ്വമാക്കലിനർഹതയില്ലാത്ത എല്ലാവർക്കും ഇതു ബാധകമാണ്. പക്ഷെ, യോദ്ധാക്കളുടെ എണ്ണം തികയാതെ വന്നാൽ മറ്റുള്ളവർക്കും (പ്രാർത്ഥന ഹ്രസ്വമാക്കുവാൻ അനുവദിക്കപ്പെട്ടവർക്കും) ഇതു ബാദ്ധ്യതയാണ്.

പോരാട്ടങ്ങളിൽ മുസ്ലീം സേനാനികളുടെ നേതാവ് യുദ്ധം സംബന്ധിച്ച കാര്യങ്ങൾ കൂട്ടാളികളുമായി ചർച്ച ചെയ്യേണ്ടതാണ്. പിന്നീട് അയാൾ സേനാനികളെ അച്ചടക്കത്തോടെ നിരയായി തയ്യാറാക്കണം. ഒരിക്കൽ യുദ്ധം കഴിഞ്ഞാൽ, പിടിച്ചെടുത്ത വസ്തുക്കളുടെ സംഭരണവും ന്യായമായ വിതരണവും നേതാവിന്റേയോ സേനാനായകന്റേയോ ഉത്തരവാദിത്തമാണ്. വധിക്കപ്പെട്ടയാളുടെ വസ്ത്രങ്ങൾ, ബൂട്ടുകൾ, പാദകവചങ്ങൾ, അരപ്പട്ട, പണസഞ്ചി, അതിലെ പണം, വളകൾ, ആയുധങ്ങളും യുദ്ധസാമാഗ്രികളും, യാത്രാമൃഗം, ജീനി, കടിഞ്ഞാൺ മുതലായവ വധിച്ചയാൾക്ക് നൽകാൻ സേനാനായകൻ ബാദ്ധ്യസ്ഥനാണ്. ബാക്കിവരുന്ന വസ്തുക്കൾ അഞ്ചു തുല്യ ഭാഗങ്ങളാക്കുകയും ചെയ്യുക. ഈ അഞ്ചിലൊരു ഭാഗം

അതിർത്തി ശക്തിപ്പെടുത്തൽ, കോട്ടകളും പാലങ്ങളും പള്ളികളും നിർമ്മിക്കൽ, ഇമാമുമാർക്കും ഖാസിമാർക്കുമുള്ള വേതനം കൊടുക്കൽ തുടങ്ങിയ മുസ്ലീമിങ്ങളുടെ പൊതു ക്ഷേമകാര്യങ്ങൾക്കായി ഉപയോഗിക്കണം. രണ്ടാംഭാഗം പ്രവാചക ബന്ധുക്കൾക്കും ഹാഷിം-മുത്തലിബ് പരമ്പരയിലുള്ളവർക്കും വിതരണം ചെയ്യണം[1]. മൂന്നും നാലും അഞ്ചും ഭാഗങ്ങൾ അനാഥർക്കും ദരിദ്രർക്കും അഗതികൾക്കുമായി നീക്കിവെയ്ക്കണം.

ബാക്കിവരുന്ന നാലു മുഖ്യഭാഗങ്ങൾ എന്നും യുദ്ധത്തിലേർപ്പെട്ടു കൊണ്ടിരിക്കുന്ന യോദ്ധാക്കൾക്കുള്ളതാണ്. അവിശ്വാസികൾക്കെതിരെ യുദ്ധം ആരംഭിക്കുംമുമ്പ് പോരാളികൾ വിജയത്തിനായി അല്ലാഹുവിനോട് സമർപ്പണത്തോടെ കേണപേക്ഷിക്കണം. എല്ലാം അവനിൽ അർപ്പിച്ചു കൊണ്ടുള്ള ദൈവഭക്തിയും ഭയവും സ്മരണയും അവർക്കുണ്ടാവണം. തീർച്ചയായും അല്ലാഹുവാണ് എല്ലാ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും സഫലീകരിക്കുവാൻ സഹായകൻ. യുദ്ധമുതലുകളുടെ വിതരണത്തിലെ ചതിയെക്കുറിച്ച് പോരാളികൾ ബോധവാന്മാരായിരിക്കണം. ഇതേക്കുറിച്ച് വളരെ ഭയപ്പെടേണ്ടതും അതു സംബന്ധിച്ച കടുത്ത ശിക്ഷകൾ മുന്നറിയിപ്പുകളായി വന്നിട്ടുമുണ്ട്.

മലബാറിലെ മുസ്ലീംകൾക്ക് അവരുടെ മേൽ അധികാരമോ അവരുടെ ക്ഷേമത്തിനായി താത്പര്യമോ ഉള്ള ഒരു നേതാവില്ല. അവരെല്ലാം അവിശ്വാസികളായ ഭരണാധികാരികളുടെ പ്രജകളാണ്. അവരിൽ മേധാവിത്വമുറപ്പിക്കാൻ പരിശ്രമിക്കുന്ന വിദേശ ശത്രുക്കളുമായി നിരന്തരം പോരാടിക്കൊണ്ടിരിക്കുന്നു. ആരംഭത്തിൽ ഉദാരമായി സഹായിച്ച മുസ്ലിം സുഹൃത്ത് സാമൂതിരിയും[2] കഴിവിന്റെ പരമാവധി ചെലവഴിച്ച മറ്റുള്ളവരും ഈ പോരാട്ടങ്ങൾക്ക് ശക്തി പകർന്നവരാണ്. എന്നിരുന്നാലും വ്യാപകമായി മുസ്ലീംകളെ കൊന്നൊടുക്കാനും അവരുടെ വാണിജ്യ-വ്യാവസായിക സംരഭങ്ങൾ തൂത്തെറിയാനും ഭവനങ്ങൾ നശിപ്പിക്കാനും അവരെ അശക്തരാക്കി, നിസ്സഹായരാക്കി, ക്ഷീണിതരും ദരിദ്രരുമാക്കി നിർത്തി നശിപ്പിക്കാനും ശത്രുക്കൾക്ക് കഴിഞ്ഞു.

ജിഹാദ്[3] അവർക്കുള്ള ബാദ്ധ്യതയാണെങ്കിലും മുസ്ലീം സുൽത്താന്മാരും പ്രഭുക്കളും - അവരിലെ സഹായികളിൽ അല്ലാഹു യശസ്സ് ഉയർത്തട്ടെ - മലബാറിലെ മുസ്ലീംകളുടെ കാര്യങ്ങളിൽ ഒരു താത്പര്യവുമെടുത്തില്ല. സുൽത്താന്മാരിൽ ആര് സമ്പത്തും വേണ്ടത്ര തയ്യാറെടുപ്പുകളും കൊണ്ട് ഈ അവിശ്വാസികളെ മലബാറിൽ നിന്നും തുരത്തി തുറമുഖങ്ങളെ സ്വതന്ത്രമാക്കി അധിവസിക്കുന്നുവെങ്കിൽ അദ്ദേഹം അല്ലാഹുവിന്റെ സഹായത്തിനർഹനായ ഭാഗ്യവാനായിരിക്കും. കാരണം, ഈ മഹത്തായ കർമ്മം ചെയ്യുന്നതിലൂടെ അയാൾ അല്ലാഹുവിന്റെ ആജ്ഞക്കനുസരണമായി ധാർമ്മിക ഉത്തരവാദിത്വം നിർവ്വഹിക്കുന്നതോടൊപ്പം,

അലംഭാവമെന്ന ദു:ഖകരമായ പാപത്തിൽ നിന്ന് മുസ്ലീംകളുടെ മോചന മെന്ന കർത്തവ്യവും നിർവ്വഹിക്കുന്നു. ഇപ്രകാരം അയാൾ അല്ലാഹു വിന്റെയും അവന്റെ മാലാഖമാരുടെയും അവന്റെ സന്ദേശകരുടെയും അവനു പ്രിയപ്പെട്ടവരുടെയും അഭീഷ്ടം നേടുന്നു. കൂടാതെ കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ ജനങ്ങളുടെയും സീമാതീതമായ പ്രശംസക്ക് പാത്രീഭൂതനാവുകയും ചെയ്യുന്നു. പരലോകത്ത് അവനിൽ ഗണനാതീ തമായ പാരിതോഷികങ്ങൾ നൽകപ്പെടും. സമൂഹത്തിലെ ദുർബലരും ദരിദ്രരും ഉത്തമരും ഭക്തരുമായ അല്ലാഹുവിന്റെ ദാസന്മാരും അയാൾക്കായി അത്മാർത്ഥമായി പ്രാർത്ഥിക്കും. അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്കുള്ള പോരാട്ടങ്ങൾക്കുള്ള പാരിതോഷികങ്ങൾ, കൂടാതെ, ഒരാ ളുടെ ധനം അതിനു വേണ്ടി ചെലവഴിക്കുമ്പോഴും മർദ്ദിതർക്ക് അവരുടെ ദയനീയസ്ഥിതിയിൽ നിന്നുള്ള മോചനം സാധിതമാകുമ്പോഴും പാരിതോ ഷികം നൽകപ്പെടും. പ്രവാചകൻ അരുളി ചെയ്തതായി ഇമാം മുസ്ലിം രേഖപ്പെടുത്തുന്നു. "ഈ ലോകത്ത് ഒരു വിശ്വാസിയെ അയാളുടെ ദുരി തത്തിൽ നിന്ന് മോചിപ്പിക്കുന്ന ഏതൊരാൾക്കും അല്ലാഹു അന്ത്യനാ ളിൽ അയാളുടെ ദു:ഖങ്ങൾക്കും മോചനം കൊടുക്കും". അതുകൊണ്ട് ഒരു വിശ്വാസിയുടെ ഏകദു:ഖത്തിനുള്ള മോചനത്തിനായി യത്നിക്കുന്ന മുസ്ലിമിനെ പാരിതോഷികങ്ങൾ കാത്തിരിക്കുന്നുവെങ്കിൽ, അല്ലാഹുവിന്റെ നാമത്തിൽ പോരാടി ദുരിതമനുഭവിക്കുന്ന പരശ്ശതം പാവപ്പെട്ടവരെ മോചി പ്പിച്ചാലുണ്ടാകുന്ന പാരിതോഷികങ്ങൾ എത്ര മഹത്തരമായിരിക്കും! ദൈവ ത്തിനു സ്തുതി! വിലമതിക്കാനും വിലയിരുത്താനും അല്ലാഹുവിനല്ലാതെ മറ്റാർക്കുമാവില്ല.

അല്ലാഹുവേ, സ്തുതിയും പുകഴ്ത്തലും നിനക്കു വേണ്ടി. മർദ്ദിത രുടെ മോചനത്തിനായി മുസ്ലീമിങ്ങളെ പോരാട്ടത്തിനു പ്രേരിപ്പിച്ച നിനക്കു മാത്രം. ഖുർ ആനിൽ അല്ലാഹു അരുളി ചെയ്തു : "എന്തുകൊണ്ട് നിങ്ങൾ ദൈവമാർഗ്ഗത്തിൽ പോരാടുന്നില്ല; ദുർബ്ബലർക്കു വേണ്ടി, മർദ്ദിതർക്കു വേണ്ടി? - പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ; ആരവമിതാ : ഞങ്ങളുടെ ദൈവമേ, മർദ്ദകരുടെ ഈ നഗരത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചാലും; നിന്നിൽ നിന്ന് ഞങ്ങളുടെ സുരക്ഷക്കായി ഒരുവനെ ഉയർത്തെഴുന്നേൽപ്പി ക്കൂ; ഞങ്ങളെ സഹായിക്കാനായി ഒരുവനെ നിന്നിൽ നിന്നും ഉയർത്തൂ". (ഖുർ ആൻ, 4: 75)[4].

ഇതു കൂടാതെ, ഖുർ ആനിൽ ധാരാളം വചനങ്ങളും പ്രവാചക മൊഴി കളും വിശുദ്ധ യുദ്ധത്തിന്റെ ഗുണഗണങ്ങളെ പ്രകീർത്തിച്ചു കൊണ്ട് ഉള്ളതു പോലെ തന്നെ അതിനു വേണ്ടിയുള്ള ഒരാളുടെ ധനവ്യയം, മുസ്ലീം സൈന്യങ്ങളെ സജ്ജമാക്കൽ, വീരമൃത്യു - ഇവയെക്കുറിച്ചെല്ലാമാണ്. ചിലവ ഇവിടെ :-

"നിങ്ങൾക്ക് യുദ്ധം അരോചകമായാൽ പോലും അത് നിങ്ങൾക്ക് വിധിക്കപ്പെട്ടതാണ്. നിങ്ങൾക്ക് ഗുണകരമായ ഒരു കാര്യം അങ്ങിനെയാവാം. ദോഷകരമായത് ഇഷ്ടവുമാവാം. അല്ലാഹു അറിയുന്നത് നിങ്ങൾ അറിയുന്നില്ല" (ഖുർ ആൻ 2: 216)[5]

"അല്ലാഹു വിശ്വാസികളെയും അവരുടെ വസ്തുക്കളെയും (സ്വർഗ്ഗത്തിന്നു) പകരമായി വാങ്ങിയിരിക്കുന്നു. അവർ അവന്റെ മാർഗ്ഗത്തിൽ കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. അവനിലുള്ള ബാദ്ധ്യതയിലെ വാഗ്ദാനമായ ഈ സത്യം തൗറാത്ത്, സുവിശേഷം, ഖുർ ആൻ എന്നിയിൽ കൂടി വെളിവാക്കപ്പെട്ടതാണ്. അല്ലാഹുവിനേക്കാളും ഉടമ്പടിയിൽ വിശ്വസിക്കാൻ മറ്റാരുണ്ട്? നിങ്ങൾ എത്തിച്ചേർന്ന കരാറിൽ ആനന്ദിക്കുക. അതുതന്നെയാണ് മഹത്തായ നേട്ടം" (ഖുർ ആൻ, 9:11)[6]

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചവന്റെ ഗുണപാഠം ഒരു ധാന്യക്കതിർ പോലെയാണ്. അത് ഏഴ് കതിരുകളായി വളരുന്നു; ഓരോ കതിരിലും നൂറു ധാന്യ മണികളും. അല്ലാഹു അവിനിഷ്ടപ്പെടുന്നവർക്ക് പെരുപ്പിച്ചു കൊടുക്കുന്നു. അല്ലാഹു എല്ലാവരെയും ശ്രദ്ധിക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു". (ഖുർ ആൻ, 2:261)[7]

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചവരായി കണക്കാക്കേണ്ട. മാത്രമല്ല, അവർ അവരുടെ നാഥന്റെയടുക്കൽ അമരരാണ്. അല്ലാഹു അവർക്കു നൽകിയ അനുഗ്രഹങ്ങളിൽ സംതൃപ്തരാണവർ. അവരോടൊന്നിച്ചില്ലാത്തവരെക്കുറിച്ച് ഭയവുമില്ല; ദു:ഖവുമില്ല". (ഖുർ ആൻ 3 : 169-170)[8]

അബൂഹുറൈറയെ ഉദ്ധരിച്ചു കൊണ്ട് ബുഖാരിയും മുസ്ലീമും അവരുടെ 'സഹീഹ്'കളിൽ[9] രേഖപ്പെടുത്തുന്നു : എന്താണ് ഏറ്റവും നല്ല കർമ്മമെന്ന് ചോദിച്ചപ്പോൾ പ്രവാചകൻ പറഞ്ഞു : "അല്ലാഹുവിലും അവന്റെ സന്ദേശകനിലുമുള്ള വിശ്വാസം". അതിനുശേഷം എന്തെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു : "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ്". "പിന്നെയെന്ത്?" അവർ ചോദിച്ചു. "ദൈവം സ്വീകരിക്കപ്പെട്ട ഹജ്ജ്".

അബൂഹുറൈറയിൽ നിന്ന്[10] ഉദ്ധരിച്ചു കൊണ്ട് ബുഖാരിയും മുസ്ലീമും രേഖപ്പെടുത്തുന്നു: "അല്ലാഹുവിലും അവന്റെ ദൂതരിലും പ്രചോദിതരായി ജിഹാദിനു പോകുന്നവർക്ക് നേട്ടങ്ങളേയുള്ളൂ. യുദ്ധമുതൽ നേടുകയും ചെയ്യും. കൊല്ലപ്പെട്ടാൽ സ്വർഗ്ഗം നിശ്ചയമാണ്".

പ്രവാചകൻ പറഞ്ഞതായി മറ്റൊരു രേഖപ്പെടുത്തൽ : "എന്റെ ആത്മാവ് ആരിലാണോ നിക്ഷിപ്തമായിട്ടുള്ളത് അവനെ ആണയിട്ടു ഞാൻ പറയുന്നു, ഞാനില്ലാതെ വിശ്വാസികളിൽ ചിലർക്ക് ഈ പട്ടണത്തിൽ നിൽക്കുന്നത് ഇഷ്ടമല്ലാതാവുകയും അവരെ ഇവിടെ നിർത്താൻ

പ്രേരകമായ ഒന്നും ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസ്ഥ മാറിയാൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്കുള്ള സൈനിക നീക്കങ്ങളിൽ നിന്നൊന്നും ഞാൻ മാറുകയില്ല. എന്റെ ആത്മാവിന്റെ സൂക്ഷിപ്പുകാരനായ അവന്റെ നാമത്തിൽ ഞാൻ വീണ്ടും ആണയിട്ടു പറയുന്നു, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഞാൻ കൊല്ലപ്പെടട്ടെ എന്നാണാഗ്രഹം. ജീവൻ തിരിച്ചുവന്ന് വീണ്ടും കൊല്ലപ്പെടട്ടെയെന്നും അത് വീണ്ടും വീണ്ടും ആവർത്തിക്കട്ടെ എന്നുമാണെന്റെ ആഗ്രഹം".

അബൂഹുറൈറയുടെ മറ്റൊരു പ്രസ്താവം ഇങ്ങനെ : "പ്രവാചകൻ പറഞ്ഞു : ദൈവമാർഗ്ഗത്തിൽ പോരാടാൻ പോകുന്ന ഒരു മുജാഹിദ് നിരന്തരമായി പ്രാർത്ഥനയിൽ നിൽക്കുന്നവനെപ്പോലെയും വ്രതം അനുഷ്ഠിക്കുന്നവനെപ്പോലെയും ദിവ്യവചനങ്ങൾ ഉരുവിടുന്നവനെപ്പോലെയും ആണ്. യുദ്ധത്തിൽ നിന്നു തിരികെ വരുന്നത് വരെ". അബൂഹുറ്റൈറ വീണ്ടും രേഖപ്പെടുത്തുന്നു : "അല്ലാഹുവിന്റെ ദൂതർ പറഞ്ഞു : "ദൈവമാർഗ്ഗത്തിൽ പോരാടുന്നവനേൽക്കുന്ന ഓരോ മുറിവും അല്ലാഹു ശ്രദ്ധിക്കുന്നുണ്ട്. മുറിവേറ്റവൻ അന്ത്യനാളിൽ മുറിവുകളിൽ നിന്ന് രക്തം വാർന്നൊഴുകി പ്രത്യക്ഷപ്പെടും. രക്തത്തിന് രക്തനിറം തന്നെ, എന്നാൽ മണമോ കസ്തൂരിയുടേതും".

ദൈവദൂതൻ പറഞ്ഞതായി അനസ് പ്രസ്താവിക്കുന്നു : "ദൈവമാർഗ്ഗത്തിലേക്കുള്ള ഒരു പ്രഭാതമോ ഒരു പ്രദോഷമോ ഈ ഭൂമിയിലേക്കാളും അതിലെ വസ്തുക്കളേക്കാളും നന്മ നിറഞ്ഞതാണ്.

അനസ് (റ) വീണ്ടും രേഖപ്പെടുത്തുന്നു : "അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു : സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കപ്പെട്ടവർ ആരും തന്നെ തിരികെ ഭൂമിയിൽ വരാൻ കൂട്ടാക്കുന്നില്ല, രക്തസാക്ഷി ഒഴികെ. അവൻ ഈ ഭൂമിയിൽ വരാനും പത്തുമടങ്ങ് വധിക്കപ്പെടാനും ആഗ്രഹിക്കുന്നു. ഇത് രക്തസാക്ഷിത്വത്തെ മഹത്വവത്ക്കരിക്കപ്പെട്ടതു കൊണ്ടു മാത്രം".

ജാബിർ (റ) പറയുന്നു : ഉഹ്ദ് യുദ്ധദിനം[11] ഒരാൾ പ്രവാചകനോട് ചോദിച്ചു : "ഈ യുദ്ധത്തിൽ ഞാൻ കൊല്ലപ്പെട്ടാൽ ഞാൻ എവിടെ?" "സ്വർഗ്ഗത്തിൽ", പ്രവാചകൻ പറഞ്ഞു. ഇതു കേട്ട മനുഷ്യൻ യുദ്ധക്കളത്തിലേക്കോടുകയും കൊല്ലപ്പെടുന്നതു വരെ യുദ്ധം ചെയ്യുകയും ചെയ്തു.

സഹ്ൽ-ബിൻ-സഹദ് പ്രവാചകൻ പറഞ്ഞതായി പ്രസ്താവിക്കുന്നു : "ശത്രുവിനെതിരെ ഒരു ദിവസത്തെ കാവൽ ഈ ലോകത്തേക്കാളും അതിലെ അമൂല്യവസ്തുക്കളെക്കാളും ഉത്തമം തന്നെ".

അബുമൂസ രേഖപ്പെടുത്തുന്നു : "ഒരിക്കൽ ഒരാൾ വന്ന് പ്രവാചകനോട് ചോദിച്ചു : ധനവും പ്രശസ്തിയും കാംക്ഷിച്ച് ചിലർ ചെയ്യുന്നു. ആരാണ് ദൈവമാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവൻ?" അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു : "ദൈവവചനങ്ങൾ ഉയർത്തിപ്പിടിച്ച് പോരാടുന്നവൻ".

അബുസഈദ് അൽഖുദ്റി പറയുന്നു : "പ്രവാചകൻ പറഞ്ഞു: ജീവനും സ്വത്തും അല്ലാഹുവിൽ അർപ്പിച്ചു കൊണ്ട് പോരാടുന്ന വിശ്വാസിയാണ് മനുഷ്യരാശിയിലെ ഏറ്റവും നല്ലവർ".

അബൂഹുറൈറയെ ഉദ്ധരിച്ചു കൊണ്ട് ബുഖാരി രേഖപ്പെടുത്തുന്നു : "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നവരെ പരശ്ശതം വ്യത്യാസങ്ങളോടെ സ്വർഗ്ഗത്തിൽ മാറ്റി നിർത്തപ്പെടും. ഒരു വ്യത്യാസത്തിൽ മറ്റൊന്നിലേക്കുള്ള ദൂരം ഭൂമിക്കും സ്വർഗ്ഗത്തിനും ഉള്ളതിന് സമാനമാണ്. അല്ലാഹുവിനോട് ചോദിക്കുമ്പോൾ 'ഫിർദൗസ്' (സ്വർഗ്ഗം) തന്നെ ചോദിക്കൂ. കരുണാനിധിയായ അല്ലാഹുവിന്റെ സിംഹാസനം അതിലും ഉപരിയാണ്. അവിടെ നിന്നാണ് സ്വർഗ്ഗത്തിലെ നദികൾ ഒഴുകുന്നത്".

അബു അബ്ബാസ് പറയുന്നു : "പ്രവാചകൻ പറഞ്ഞു : ദൈവ മാർഗ്ഗത്തിൽ പാദങ്ങളിൽ ചളി പുരണ്ട വരെ നരകാഗ്നി സ്പർശിക്കുകയില്ല".

സഅദ് പറയുന്നതായി അബു ഖയാസ് രേഖപ്പെടുത്തുന്നു : "ദൈവ മാർഗ്ഗത്തിൽ അമ്പ് എയ്തവരിൽ അറബികളിൽ ഒന്നാമൻ ഞാനാണ്. അല്ലാഹുവിന്റെ ദൂതർക്കൊപ്പം ഞങ്ങൾ കൂട്ടായി പോരാടുകയായിരുന്നു. കഴിക്കാൻ ഒന്നുമില്ലാതായപ്പോൾ ഞങ്ങൾ ഇലകൾ ഭക്ഷിക്കുകയായിരുന്നു. അതുകൊണ്ട് ഞങ്ങളുടെ വിസർജ്ജ്യം ആടുകളുടേതിനും ഒട്ടകങ്ങളുടേതിനും സമാനമായിരുന്നു".

അബൂഹുറൈറ വിശദീകരിക്കുന്നു : "പ്രവാചകൻ പറഞ്ഞു : അല്ലാഹുവിലും അവന്റെ വാഗ്ദത്തത്തിലും വിശ്വാസത്തോടെ തന്റെ അശ്വത്തെ ദൈവമാർഗ്ഗത്തിൽ ഏർപ്പാടാക്കിയാൽ, അതിനു കൊടുക്കുന്ന ഭക്ഷണവും വെള്ളവും അതിന്റെ വിസർജ്ജ്യമടക്കം അന്ത്യനാളിൽ അവനനുകൂലമായി തൂക്കപ്പെടും".

അബൂഹുറൈറയെ ഉദ്ധരിച്ചു കൊണ്ട് മുസ്ലീം രേഖപ്പെടുത്തുന്നു: "പ്രവാചകൻ പറഞ്ഞു : എന്നെങ്കിലും യുദ്ധം ചെയ്യാതെ ആരെങ്കിലും മരിക്കുകയാണെങ്കിൽ അതേക്കുറിച്ച് എന്നെങ്കിലും മനസ്സിൽ നിനച്ചില്ലെങ്കിൽ അവന്റെ മരണം ഒരുതരം കാപട്യമാണ്.

അബൂഹുറൈറ രേഖപ്പെടുത്തുന്നു : "ഒരു വിശ്വാസിയും അയാളുടെ യുദ്ധത്തിലെ ഘാതകനും ഒന്നായി നരകത്തിൽ പ്രവേശിക്കില്ല". അബൂഹുറൈറ വീണ്ടും രേഖപ്പെടുത്തുന്നു : "പ്രവാചകൻ പറഞ്ഞു : ജീവിതത്തിൽ ഒരാളുടെ ഏറ്റവും നല്ല ജോലി അല്ലാഹുവിനു വേണ്ടി അവന്റെ കരങ്ങളിൽ കുതിരക്കോപ്പ് അണിയുകയാണ്; ശബ്ദായമാനവും ദുർഘടവുമായ ഇടങ്ങളിലേക്ക് മരണം അഭീഷ്ടിച്ചോ കൊല്ലാനോ ആയി അവൻ കുതിക്കുന്നു; അല്ലെങ്കിൽ കുന്നിൽ മുകളിലോ താഴ്വരയിലോ ആടുകളെ മേച്ചു ജീവിക്കുകയും അർഹരായവർക്ക് സക്കാത്ത് (നിർബന്ധദാനം) നൽകിയും സ്ഥിരമായി പ്രാർത്ഥന ചെയ്തും ദൈവരാധനയോടെ മരണം

വരെ ജീവിക്കുന്നു. അവരത്രെ വിജയികൾ".

ജാബിർ ബിൻ സമുറാഹ് രേഖപ്പെടുത്തുന്നു : "പ്രവാചകൻ പറഞ്ഞു : ഈ മതം നിശ്ചയമായും അതിജീവിക്കും. അന്ത്യനാൾ വരെ ഒരു വിഭാഗം മുസ്ലീംകൾക്കിടയിൽ യുദ്ധം ചെയ്യാൻ ഉണ്ടാകും".

പ്രവാചകൻ പറയുന്നതു കേട്ടതായി സൽമാൻ അൽ ഫാരിസി രേഖപ്പെടുത്തുന്നു : ഒരു മാസം മുഴുവൻ വ്രതമനുഷ്ഠിക്കുന്നതിലും ഒരു രാവ് മുഴുവൻ പ്രാർത്ഥനയിൽ മുഴുകുന്നതിലും ഉത്തമം ഒരു രാത്രി മുഴുവൻ ശത്രുക്കൾക്കെതിരെ കാവൽ നിൽക്കുന്നതാണ്. ആ സമയത്ത് അയാൾ കൊല്ലപ്പെട്ടാൽ, അയാൾക്കു കിട്ടുന്ന പാരിതോഷികം അയാളുടെ ദൗത്യം പൂർണ്ണമായും വിജയിച്ചാലുള്ളതിനു സമമായിരിക്കും. അയാൾക്കുള്ള വിഭവം സുനിശ്ചിതമാണ്. കഷ്ടതകളിൽ നിന്ന് മോചിതനുമാണ്.

ഉഖ്ബഹ് ബിൻ ആമിർ രേഖപ്പെടുത്തുന്നു : ഒരിക്കൽ പ്രവാചകൻ പ്രസംഗ പീഠത്തിൽ നിന്ന് പറഞ്ഞതായി കേട്ടു : "ശത്രുക്കൾക്കെതിരെ നിങ്ങൾ കഴിയാവുന്നത്ര തയ്യാറെടുക്കൂ. നോക്കൂ, അസ്ത്രവിദ്യയാണ് ശക്തി, അസ്ത്രവിദ്യയാണ് ശക്തി, അസ്ത്രവിദ്യയാണ് ശക്തി". മറ്റൊരിടത്ത് ഉഖ്ഹഹ് ബിൻ ആമിർ രേഖപ്പെടുത്തുന്നു. പ്രവാചകൻ പറഞ്ഞിട്ടുണ്ട് : "ഒരിക്കൽ അസ്ത്രവിദ്യ പഠിക്കുകയും പിന്നീടത് ഉപേക്ഷിക്കുകയും ചെയ്തവൻ നമ്മിൽപ്പെട്ടവനല്ല". അബുമസ്ഊദ് അൽ അൻസാരി രേഖപ്പെടുത്തുന്നു : "ഒരിക്കൽ കടിഞ്ഞാണിട്ട ഒരു പെൺഒട്ടകവുമായി പ്രവാചകനെ സമീപിച്ചു പറഞ്ഞു : ഞാനിതിനെ ദൈവമാർഗ്ഗത്തിൽ സമർപ്പിക്കുന്നു. പ്രവാചകൻ അവനോടു പറഞ്ഞു : ഇതിന്, അന്ത്യനാളിൽ എഴുനൂറ് ഒട്ടകങ്ങൾ നിനക്കായി ഒരുക്കപ്പെടും".

മസ്റൂഖ് പ്രസ്താവിക്കുന്നു : താഴെ പറയുന്ന ഖുർ ആൻ വചനങ്ങളെ സംബന്ധിച്ച് ഞങ്ങൾ അബ്ദുല്ല ബിൻ മസൂദിനോട് ചോദിച്ചു; "അല്ലാഹുവിന്റെ വഴിയിൽ പ്രാണൻ ത്യജിച്ചവനെക്കുറിച്ച് ചിന്ത വേണ്ട. മറിച്ച്, അവർ ജീവിക്കുന്നു. അവർക്ക് ഭക്ഷണമടക്കമുള്ള ജീവനോപാധി ലഭ്യമാണ്. അവർ ദൈവാനുഗ്രഹങ്ങളിൽ സംതൃപ്തരാണ്. തങ്ങളോടൊപ്പം ഇല്ലാത്ത, ഭൂമിയിൽ ശേഷിക്കുന്നവരെക്കുറിച്ചും അവർക്ക് സന്തോഷം തന്നെ. കാരണം, അവർക്ക് ഭയപ്പെടാനോ ദു:ഖിക്കാനോ ഒന്നുമില്ല". അബ്ദുല്ലാ ബിൻ മസൂദ് പ്രവാചകനിൽ നിന്ന് മനസ്സിലാക്കിയ കാര്യം വിവരിക്കുന്നതിങ്ങനെ : ദൈവമാർഗ്ഗത്തിൽ ജീവാഹുതി ചെയ്യപ്പെട്ടവരുടെ ആത്മാക്കൾ ഹരിതവർണ്ണ പക്ഷികളായി സ്വർഗ്ഗത്തിൽ പറന്നുല്ലസിക്കുന്നു. അവർക്കു വേണ്ടി ദിവ്യസിംഹാസനത്തിൽ നിന്ന് ചില വിളക്കുകൾ താഴ്ത്തപ്പെടുന്നു. അവ വിളക്കുകൾക്ക് ചുറ്റും കൂട്ടു കൂടി നിൽക്കുന്നു. അല്ലാഹു പ്രത്യക്ഷപ്പെട്ട് അവരോട് ചോദിക്കുന്നു, അവരെന്തെങ്കിലും ആഗ്രഹിക്കുന്നുവോ എന്ന്. അവർ മറുപടി പറയുന്നു : "ഞങ്ങളിനിയെ

ന്താഗ്രഹിക്കണം? ഞങ്ങൾ ഇപ്പോൾ തന്നെ സ്വർഗ്ഗസീമയിൽ ആറാടുകയും ഇഷ്ടമുള്ളിടത്ത് പോകുകയും ചെയ്യുന്നു". ഈ ചോദ്യം (അല്ലാഹു) മൂന്നു തവണ ആവർത്തിച്ചു. ഒടുവിൽ എന്തെങ്കിലും ആവശ്യപ്പെടണമെന്ന ദൈവഹിതം മനസ്സിലാക്കി അവർ പറഞ്ഞു : "നാഥാ, നിന്റെ മാർഗ്ഗത്തിൽ ഒന്നു കൂടി കൊല്ലപ്പെടാൻ ഞങ്ങളെ വീണ്ടും പുനർജനിപ്പിക്കേണമേ", എന്ന്. അവർക്ക് മറ്റാഗ്രഹങ്ങളില്ലാത്തതിനാൽ അല്ലാഹു അപ്രത്യക്ഷനാകുന്നു.

അബ്ദുല്ലാഹ്ബിൻഅമ്ർ ബിൻ അൽ ആസ് രേഖപ്പെടുത്തുന്നു: പ്രവാചകൻ പറഞ്ഞു : "ദൈവമാർഗ്ഗത്തിലുള്ള മരണം എല്ലാറ്റിനും മോചനമാണ്; കടമൊഴികെ".

പ്രവാചകനും സഖാക്കളും ബഹുദൈവവാദികളെ നേരിട്ടു കൊണ്ട് ബദറി[12]ലുണ്ടായ ഒരനുഭവം അനസ് വിവരിക്കുന്നു. "പ്രവാചകൻ സഖാക്കളോടു പറഞ്ഞു : സ്വർഗ്ഗത്തിലേക്ക് വരൂ! അത് ആകാശം - ഭൂമിയോളം വിശാലമാണ്. ഇതു കേട്ട ഉമൈർ ബിൻ അൽഹമാം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു : 'ഭേഷ്, ഭേഷ്!'

'ഇങ്ങനെ ഒച്ച വെക്കാൻ എന്താണ് കാരണം?' പ്രവാചകൻ ചോദിച്ചു. 'ദൈവദൂതരെ, മറ്റൊന്നും കൊണ്ടല്ല; ഞാനുമൊരു സ്വർഗ്ഗവാസിയാകുമെന്ന പ്രതീക്ഷ കൊണ്ടു മാത്രം'. പ്രവാചകൻ പറഞ്ഞു : 'തീർച്ചയായും നീ അവരിൽ ഒരാളാണ്'. ഇതുകേട്ട് തിന്നിരുന്ന ഈന്തപ്പഴം സഞ്ചിയോടെ വലിച്ചെറിഞ്ഞ് ഈ സമയം ജീവിതത്തിൽ സുദീർഘമാണെന്നു പറഞ്ഞു അയാൾ യുദ്ധക്കളത്തിലേക്കോടി വീരമൃത്യു വരിച്ചു. ഫുളാലബിൻ ഉബയ്ദിൽ നിന്ന് അൽതിർമിദിയും അബുദാവൂവും ഉദ്ധരിക്കുന്നു : പ്രവാചകൻ പറഞ്ഞു : 'ഏവരുടെയും കർമ്മം മരണത്തോടെ അവസാനിക്കുന്നെങ്കിലും, ദൈവമാർഗ്ഗത്തിൽ ശത്രുവിനെതിരെ കാവൽ നിൽക്കുന്നവർ ഒഴികെ. അവന്റെ കർമ്മങ്ങൾ അന്ത്യനാൾ വരെ തുടർന്നു കൊണ്ടിരിക്കും. ഖബറിലെ ദുരിതങ്ങളിൽ നിന്നും അവൻ മോചിതനാണ്'.

അബൂഉമാമയെ ഉദ്ധരിച്ചു കൊണ്ട് അബുദാവുദ് രേഖപ്പെടുത്തുന്നു : പ്രവാചകൻ പറഞ്ഞു : 'യുദ്ധം ചെയ്യാതെ ഒരുവനുണ്ടെങ്കിൽ, അല്ലെങ്കിൽ പോരാടുന്നവനെ സഹായിക്കാത്തവൻ, അല്ലെങ്കിൽ അതിൽ സഹകരിക്കാത്തവൻ, അതുമല്ലെങ്കിൽ യോദ്ധാവിന്റെ അഭാവത്തിൽ അവന്റെ കുടുംബത്തെ സേവിക്കാത്തവൻ - അവനിൽ അന്ത്യനാളിനു മുന്നുതന്നെ ദൈവക്രോധം വന്നു ചേരും'.

ഇംമ്രാൻബിൻ ഹുസൈൻ രേഖപ്പെടുത്തുന്നു : 'പ്രവാചകൻ പറഞ്ഞു ; അന്ത്യത്തിൽ ദജ്ജാലിനെ വധിക്കും[13] വരെ സത്യത്തിനു വേണ്ടി പോരാടാനും ശത്രുവിനെ ധൈര്യപൂർവ്വം നേരിടാനും ഒരനുയായി വൃന്ദം എന്നോടൊപ്പം എന്നുമുണ്ടാകും'.

ഇബ്നു അബ്ബാസിനെ ഉദ്ധരിച്ചു കൊണ്ട് തിർമിദി : 'പ്രവാചകൻ പറഞ്ഞിട്ടുണ്ട് : രണ്ടു തരം കണ്ണുകൾ നരകാഗ്നിയെ സ്പർശിക്കുകയേ ഇല്ല. ദൈവഭയം കൊണ്ട് കരയുന്നവന്റെയും ദൈവമാർഗ്ഗത്തിൽ ജാഗ്രത പാലിക്കുന്നവന്റെയും'.

അബൂഹുറൈറ രേഖപ്പെടുത്തുന്നു : ഒരിക്കൽ പ്രവാചക സഖാക്കളിൽ[14] ഒരാൾ യാത്ര ചെയ്യുമ്പോൾ മലയടിവാരത്തിൽ കുടി സ്ഫടികം പോലെ ശുദ്ധമായ ഒരരുവി ഒഴുകുന്നതു കണ്ട് ജനങ്ങളിൽ നിന്നു മാറി അവിടെ അധിവസിക്കുവാൻ ആഗ്രഹിച്ചു. ഇതേക്കുറിച്ച് പ്രവാചകന്റെ പ്രതികരണം : "അല്ലാഹുവിന്റെ വഴിയിൽ ജിഹാദിനു പുറപ്പെടുവാനുള്ള പാരിതോഷികം എഴുപത് വീട്ടിലിരുന്ന് പ്രാർത്ഥിക്കുന്നതിനേക്കാളും മഹത്തരമാണ്. അല്ലാഹു നിങ്ങളുടെ പാപങ്ങളെ പൊറുത്ത് തന്ന് സ്വർഗ്ഗത്തിൽ പ്രവേശിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? അല്ലാഹുവിനു വേണ്ടി പോരാടുക! പാൽ കറന്നെടുക്കപ്പെട്ട ഒട്ടകം വീണ്ടും പാൽ ചുരത്താനെടുക്കുന്ന സമയം വരെ അല്ലാഹുവിനു വേണ്ടി ഒരാൾ പോരാടുന്നുവെങ്കിൽ അയാൾക്ക് സ്വർഗ്ഗപ്രവേശം നിശ്ചയമല്ലേ?"

തിർമിദിയും നസായിയും അബുഹുറൈറയെ ഉദ്ധരിച്ച് രേഖപ്പെടുത്തുന്നു : "പ്രവാചകൻ പറഞ്ഞു : രക്തസാക്ഷി മരണ വേദന അനുഭവിക്കുന്നേയില്ല; എന്നാൽ മൃദുവായ ഒരു കടിയേറ്റാലെന്ന പോലെ മാത്രം".

ഖുറെയിം ഫാത്തിക് എഴുതുന്നു : "പ്രവാചകൻ പറഞ്ഞു : ഒരാൾ തന്റെ ധനം ദൈവമാർഗ്ഗത്തിൽ ചെലവഴിച്ചാൽ ദൈവം അതിനു എഴുന്നൂറ് മടങ്ങ് രേഖപ്പെടുത്തും".

പ്രവാചകൻ അരുളിയതായി അലി, അബു അൽ ദർദ, അബുഹുറൈറ, അബു ഉമാമ, അബ്ദുല്ലാബിൻ ഉമർ, ജാബിർ ബിൻ അബ്ദുല്ലാ, ഇമ്രാൻ ബിൻ ഹുസയിൻ - ഇവരെ ഉദ്ധരിച്ച് ഇബ്നു മാജ പറയുന്നു : പ്രവാചകൻ പറഞ്ഞു : "അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധത്തിന് ധനം സംഭാവന ചെയ്ത് വീട്ടിലിരിക്കുന്ന ഏതൊരുവനും അയാൾ നൽകിയതിന്റെ എഴുന്നൂറിരട്ടി അയാൾക്ക് നൽകപ്പെടും. ദൈവമാർഗ്ഗത്തിൽ ധനം ചെലവഴിച്ചതു കൂടാതെ ആരെങ്കിലും പോരാട്ടത്തിൽ പങ്കെടുത്താൽ അയാളുടെ ഓരോ ദിർഹമിനും എഴുന്നൂറായിരം മടങ്ങ് നൽകപ്പെടും. പിന്നീട് പ്രവാചകൻ ഖുർ ആനിലെ ഈ വചനം ഉരുവിട്ടു : അല്ലാഹു അവനിഷ്ടമുള്ളവർക്ക് എത്രയോ മടങ്ങ് വർദ്ധന കൊടുക്കുന്നു. അല്ലാഹു എല്ലാവരെയും സംരക്ഷിക്കുന്നു, അവനെല്ലാം അറിയുന്നവനാണ്". (ഖുർ ആൻ, 2:261)

ഇബ്നു അബ്ബാസിനെ ഉദ്ധരിച്ചു കൊണ്ട് അബു ദാവുദ് എഴുതുന്നു : പ്രവാചകൻ അവന്റെ സഖാക്കളോട് ഉപദേശിച്ചു : ഉഹ്ദിൽ കൊല്ലപ്പെട്ട നിങ്ങളുടെ സഹോദരങ്ങളുടെ ആത്മാക്കൾ ഹരിത വർണ്ണമുള്ള ഉല്ലാസ

പറവകളായി സ്വർഗ്ഗത്തിലെ നദികൾക്ക് മുകളിലൂടെ, പഴങ്ങൾ ഭക്ഷിച്ചും ദൈവസിംഹാസനത്തിനു താഴെ സ്വർണ്ണ ദീപങ്ങൾക്കരികിൽ വിശ്രമിച്ചും കഴിഞ്ഞു. അവിടെയുള്ള ഭക്ഷണപാനീയങ്ങളുടെ സ്വാദും സുഖസൗകര്യങ്ങളും കണ്ട് അവർ പരസ്പരം പറഞ്ഞു : സ്വർഗ്ഗത്തോടുള്ള വിരക്തിയും യുദ്ധത്തോടുള്ള ഭയവും നമ്മുടെ സഹോദരങ്ങൾക്ക് തോന്നാതിരിക്കുവാൻ നമ്മുടെ സ്വർഗ്ഗത്തിലെ ഈ അവസ്ഥ അവരെ ആരാണറിയിക്കുക? അല്ലാഹു പറഞ്ഞു : "നിങ്ങൾക്ക് വേണ്ടി ഞാനതു ചെയ്യും". ഇതേ തുടർന്നായിരുന്നു ഇപ്പറയുന്ന ഖുർ ആൻ വചനം വെളിവാക്കപ്പെട്ടത് : "അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവരെ നിങ്ങൾ മരിച്ചവരായി കണക്കാക്കരുത്....."

അബുമൂസ അൽ അഷ്അരിയെ ഉദ്ധരിച്ചു കൊണ്ട് അൽ ഹാകിം രേഖപ്പെടുത്തുന്നു: അല്ലാഹുവിന്റെ ദൂതൻ പറഞ്ഞു : സ്വർഗ്ഗം വാളിന്റെ നിഴലിലാണെന്ന്"

ഇബ്നുമാജയിൽ നിന്ന് അനസ് ഉദ്ധരിക്കുന്നു : അല്ലാഹുവിന്റെ ദൂതർ പറഞ്ഞു : ദൈവമാർഗ്ഗത്തിൽ ജിഹാദിനു വേണ്ടി യാത്ര ചെയ്യുന്നവന്റെ ദേഹത്തിൽ വന്നു ചേരുന്ന മണ്ണും പൊടിയും ഉയിർത്തെഴുന്നേൽപ്പ് നാളുകളിൽ കസ്തൂരിയായി മാറും.

ഇബ്നു ഉമറിനെ ഉദ്ധരിച്ചു കൊണ്ട് അൽതബറാണി 'അൽകബീറി'ൽ എഴുതുന്നു :

പ്രവാചകൻ പറഞ്ഞു : ദൈവമാർഗ്ഗത്തിൽ തലതകർന്ന വ്യക്തിക്ക് അയാളുടെ മുൻകാല പാപങ്ങളെല്ലാം പൊറുക്കപ്പെടും.

വാ ഇലാഹ് പറയുന്നു : പ്രവാചകൻ പറഞ്ഞു : എന്നോടൊപ്പം യുദ്ധം ചെയ്യാനവസരം കിട്ടാത്തവർ കടലിൽ യുദ്ധം ചെയ്തു കൊള്ളട്ടെ.

അബൂഹുറൈറയെ ഉദ്ധരിച്ചു കൊണ്ട് പ്രവാചകൻ പറഞ്ഞതായി അൽദയ്ലമി എഴുതുന്നു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു മണിക്കൂർ യുദ്ധം ചെയ്യുന്നത് പതിനഞ്ച് തവണ ഹജ്ജ് നിർവ്വഹിക്കുന്നതിലും പുണ്യമാണ്.

വിശുദ്ധയുദ്ധത്തിൽ പങ്കെടുക്കുന്ന പോരാളികളുടെ അവസ്ഥ ഒരു ഹജ്ജ് കർമ്മം ചെയ്യുന്ന ആളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്. ഒരു പോരാളി തന്റെ ജീവനും ധനവും അല്ലാഹുവിൽ അർപ്പിച്ച് യാത്ര ചെയ്യുന്നു. അയാളുടെ യുദ്ധത്തിലെ പങ്കാളിത്തം സമൂഹത്തിന് മൊത്തത്തിൽ ഗുണകരമാണ്. ഇങ്ങനെയാണ് പതിനഞ്ചു തവണ നടത്തുന്ന ഹജ്ജിനേക്കാൾ ദൈവമാർഗ്ഗത്തിലുള്ള യുദ്ധം കൂടുതൽ ഗുണകരവും വ്യത്യസ്തവുമാകുന്നത്.

അദ്ധ്യായം രണ്ട്

മലബാറിൽ ഇസ്ലാമിന്റെ ആഗമനവും പ്രചാരണവും

മലബാറിലെ തുറമുഖ പട്ടണമായ കൊടുങ്ങല്ലൂരിൽ[1] ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും ഒരു സംഘം അവരുടെ കുടുംബങ്ങളോടൊപ്പം ഒരു വലിയ കപ്പലിൽ വന്നെത്തി. കൊടുങ്ങല്ലൂർ അന്ന് രാജാവിന്റെ തല സ്ഥാനം കൂടിയായിരുന്നു. അവർ രാജാവിൽ നിന്നും ഭൂമിയും തോട്ടങ്ങളും വീടുകളും അനുവദിച്ചു വാങ്ങി അവിടെ താമസിച്ചു.

കുറേ വർഷങ്ങൾക്കു ശേഷം ദരിദ്രരായ ഒരു സംഘം മുസ്ലീമിങ്ങൾ ഒരു ഷെയ്ക്കുമായി കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. അവർ സിലോണിലുള്ള നമ്മുടെ പിതാവായ ആദമിന്റെ കാൽപ്പാട് സന്ദർശിക്കാൻ പോന്ന വഴിയായിരുന്നു. രാജാവ് ഈ വാർത്ത അറിഞ്ഞപ്പോൾ അവരെ വിളിച്ചു വരുത്തുകയും അവരെ ആതിഥ്യം നൽകി സന്തോഷിപ്പിക്കുകയും ചെയ്തു. അവരുടെ നേതാവായ ഷെയ്ഖ് പ്രവാചകനായ മുഹമ്മദിനെപ്പറ്റി (സ)യും ഇസ്ലാം മതത്തെപ്പറ്റിയും രാജാവിനോട് സംസാരിച്ചു. ചന്ദ്രൻ പിളർന്നു[2] വന്ന അസാധാരണമായ ദൃശ്യത്തെപ്പറ്റിയും അവർ അറിയിക്കുകയുണ്ടായി.

അല്ലാഹുവിന്നു സ്തുതിയായിരിക്കട്ടെ, ആയതു രാജ മനസ്സിൽ പ്രവാചകന്റെ പ്രവർത്തനത്തിന്റെ സത്യബോധമുളവാക്കി. അയാളത് അംഗീകരിക്കുകയും തന്റെ ഹൃദയത്തിൽ പ്രവാചകനെ പ്രതി സ്നേഹമുറപ്പിക്കുകയും ചെയ്തു. അയാൾ ഷെയിഖിനോടും സഹായിമാരോടും ആദം മലയിലെ[3] കാൽപ്പാടു ദർശനം കഴിഞ്ഞു വരുമ്പോൾ തന്നെ സന്ദർശിക്കണമെന്നും താൻ അവരുടെ കൂടെ യാത്ര വരുന്നുണ്ടെന്നും പറഞ്ഞു. അയാളുടെ രഹസ്യമായ ഈ സന്ദേശം വളരെ നിഗൂഢമായി വെയ്ക്കുവാനും മലബാറിൽ മറ്റാരും അറയരുതെന്നും അദ്ദേഹം നിഷ്കർഷിച്ചു.

അങ്ങനെ സിലോണിൽ നിന്നുള്ള മടക്ക യാത്രയിൽ അവർ രാജാവിനെ സന്ദർശിച്ചു. രാജാവ് ഷെയിഖിനോട് മറ്റാരുമറിയാതെ തന്റെ യാത്രക്കുള്ള കപ്പലും മറ്റു ഒരുക്കങ്ങളും ചെയ്യുവാൻ നിർദ്ദേശിച്ചു.

ആ സമയം വിദേശ വ്യാപാരികളുടെ അനേകം കപ്പലുകൾ തുറമുഖത്ത് നങ്കൂരമിട്ടിരുന്നു. അവയിലൊന്നിന്റെ ഉടമസ്ഥനോട് ഷെയ്ഖ്

തന്നെയും തന്റെ ഒപ്പമുള്ള സാധുക്കളെയും കൂടെ കപ്പലിൽ കൊണ്ടു പോകണമെന്നപേക്ഷിച്ചു. കപ്പലുടമ സസന്തോഷം അതനുവദിക്കുകയും ചെയ്തു.

യാത്രാ ദിവസം അടുത്തു വന്നപ്പോൾ തന്റെ കുടുംബാംഗങ്ങളോ മന്ത്രിമാരോ ഒരാഴ്ച തന്നെ സന്ദർശിക്കുവാൻ പാടില്ലെന്നു കല്പന പുറപ്പെടുവിച്ചു. പിന്നീടയാൾ തന്റെ രാജ്യം പലതായി ഭാഗിക്കുകയും ഓരോന്നിനും പ്രത്യേകമായ അതിരുകൾ നിശ്ചയിക്കുകയും ഒരു ഭരണാധികാരി മറ്റൊരാളുടേതായി നിശ്ചയിക്കപ്പെട്ട അതിരുകൾക്കുള്ളിൽ ആക്രമിക്കാതിരിക്കാത്തവിധം കൃത്യമായി വിവരിച്ചു കൊണ്ടുള്ള നിർദ്ദേശങ്ങൾ എഴുതിവെയ്ക്കുകയും ചെയ്തു. മലബാറിലെ ഹിന്ദുക്കൾക്കിടയിൽ ഈ സംഭവം വളരെ പ്രസിദ്ധമാണ്. അയാൾ തെക്കു കുമാരി (കന്യാകുമാരി) അതിർത്തി മുതൽ വടക്ക് കാഞ്ഞരംകൂട് (കാസർഗോഡ്) വരെയുള്ള മുഴുവൻ മലബാർ പ്രദേശങ്ങളുടെയും പരമാധികാരിയായ ഭരണാധികാരിയായിരുന്നു.[4]

ഒരു രാത്രിയിൽ രാജാവ് ഷെയിഖിന്റെയും മറ്റു ആളുകളുടെയും കൂടെ കപ്പലിൽ കയറി പന്തലായിനിയിലെത്തുകയും അവിടെ കരക്കിറങ്ങി ഒരു രാവും പകലും താമസിക്കുകയും ചെയ്തു. പിന്നീട് അവിടെ നിന്നും ധർമ്മടത്തേക്കു നീങ്ങുകയും മൂന്നു ദിവസം അവിടെ താമസിക്കുകയും ചെയ്ത ശേഷം അവർ (ഷഹറ്) (ശഹർ അൽ മുഖല്ല)[5] എന്ന സ്ഥലത്തെത്തുകയും അവിടെ ഷെയിഖിന്റെയും ആളുകളുടെയും ഒപ്പം വളരെ ദിവസങ്ങൾ താമസിക്കുകയും ചെയ്തു. അവിടെ മറ്റൊരു യാത്രാസംഘം അവരുടെ ഒപ്പം ചേർന്നു. അവർ മലബാറിൽ ഇസ്ലാം മത പ്രചരണത്തിനും പള്ളികൾ സ്ഥാപിക്കുന്നതിനും പ്രാർത്ഥനകൾ നടപ്പിലാക്കുന്നതിനും വേണ്ടി പുറപ്പെട്ടവരായിരുന്നു.

ശഹർ അൽ മുഖല്ലയിൽ താമസിച്ചു വരുമ്പോൾ രാജാവ് രോഗഗ്രസ്ഥനായി. രോഗം അതിക്രമിക്കുകയാണെന്നും മോചനം സാദ്ധ്യമല്ലെന്നും മനസ്സിലാക്കിയപ്പോൾ രാജാവ് മലബാറിലേക്കുള്ള യാത്രാ സംഘത്തിലെ ഷറഫ് ബിൻ മാലിക്, അയാളുടെ അമ്മ വഴിയിൽ അർദ്ധ സഹോദരനായ മാലിക് ഉസ്സ്ൻ ദിനാർ, സഹോദര പുത്രൻ മാലിക് ഉബ്ന് ഹബീബ് എന്നിവരെ തന്റെ സമീപത്തേക്ക് ആംഗ്യരൂപത്തിൽ വരുത്തി ഇപ്രകാരം പറഞ്ഞു : "ഞാൻ രോഗത്താൽ മരിച്ചു പോയാലും ഇന്ത്യയിലേക്കുള്ള യാത്ര നിങ്ങൾ ഉപേക്ഷിക്കരുത്."

"അങ്ങയുടെ രാജ്യം എവിടെയാണെന്നോ അത്രെത്ര വലുതാണെന്നോ ഒന്നും ഞങ്ങൾക്കറിവില്ല. അങ്ങയുടെ കൂടെ വരുവാനാണ് ഞങ്ങൾ ഉദ്ദേശിച്ചിരുന്നത്." എന്നവർ മറുപടി പറഞ്ഞു.

രാജാവ് ഇതു കേട്ടപ്പോൾ അല്പം ആലോചിക്കുകയും മലയാളത്തിൽ ഒരെഴുത്ത് എഴുതി നൽകുകയും ചെയ്തു. രാജ്യത്തെപ്പറ്റിയും അതിന്റെ പ്രദേശങ്ങളെപ്പറ്റിയും തന്റെ കുടുംബാംഗങ്ങളെപ്പറ്റിയും മലബാറിലെ മറ്റു രാജാക്കന്മാരെപ്പറ്റിയും വിശദാംശങ്ങൾ ആ എഴുത്തിൽ ഉൾക്കൊള്ളിച്ചിരുന്നു. കൊടുങ്ങല്ലൂർ, ധർമ്മടം, പന്തലായിനി അഥവാ കൊല്ലം എന്നിവിടങ്ങളിലെവിടെയെങ്കിലും കരക്കിറങ്ങുവാൻ അയാൾ ഉപദേശിച്ചു. കൂടാതെ അയാൾ പ്രത്യേകമായി തന്റെ ഗൗരവമായ രോഗത്തെപ്പറ്റിയോ മരണം സംഭവിക്കുകയാണെങ്കിൽ അതിനെപ്പറ്റിയോ മലബാറിൽ ആരോടും സൂചിപ്പിക്കരുതെന്നും നിർദ്ദേശിച്ചു.

അധികം താമസിയാതെ രാജാവ് തീപ്പെട്ടു. അല്ലാഹുവിന്റെ അനുഗ്രഹം അവരിലുണ്ടാവട്ടെ!

വർഷങ്ങൾക്കു ശേഷം ഷറഫ്, മാലിക് ഇബ്നു ദിനാർ, മാലിക് ഇബ്നു ഹബീബ്, ഭാര്യ ഖുമരിയ്യ എന്നിവരും ആശ്രിതരും കപ്പൽ കയറി മലബാറിലെത്തി. അന്തരിച്ച രാജാവിന്റെ കത്ത് മരണവാർത്ത അറിയിക്കാതെ കൊടുങ്ങല്ലൂർ ഭരണാധികാരിയെ ഏല്പിച്ചു. കത്തിൽ പറഞ്ഞ പ്രകാരമുള്ള സ്ഥലവും മറ്റും രാജാവ് അവർക്കു നൽകി. പുതുതായി വന്നവർ അവിടെ താമസിക്കുകയും പള്ളി പണിയുകയും ചെയ്തു. മാലിക് ഇബ്നു ദിനാർ കൊടുങ്ങല്ലൂരിലുള്ളപ്പോൾ മരുമകൻ മാലിക് ഇബ്നു ഹബീബ് മലബാറിൽ മുഴുവനും പള്ളികൾ പണിതു.

മാലിക് ഇബ്നു ഹബീബ് ഭാര്യയും കുട്ടികളുമൊത്ത് കൊല്ലത്തു പോവുകയും അവിടെ ഒരു പള്ളി പണിയുകയും ചെയ്തു. ഭാര്യയെ അവിടെ നിർത്തി ഏഴിമല-മാടായിയിലേക്ക് പോവുകയും അവിടെ ഒരു പള്ളി പണിയുകയും ചെയ്തു. അവിടെ നിന്ന് ഫാക്കനൂരിലേക്കും മംഗലാപുരത്തേക്കും കാസറഗോഡേക്കും പോയി. ഇവിടങ്ങളിലെല്ലാം ഓരോ പള്ളി പണിതു. അവിടെ നിന്ന് ശ്രീകണ്ഠപുരം, ധർമ്മടം, പന്തലായിനി, ചാലിയം എന്നിവിടങ്ങളിലേക്കു പോയി. ഇവിടങ്ങളിലും പള്ളികൾ പണിതു. അഞ്ചു വർഷം ചാലിയത്ത് താമസിച്ചു. പിന്നീട് അമ്മാവൻ മാലിക് ഇബ്നു ദീനാറുള്ള കൊടുങ്ങല്ലൂരിലേക്കു പോയി. അവിടെ നിന്ന് മേൽ സൂചിപ്പിച്ച പള്ളികൾ പണിതിടങ്ങളിലേക്കു പോവുകയും പ്രാർത്ഥിക്കുകയും അവിശ്വാസികൾ നിറഞ്ഞ രാജ്യത്ത് വിശ്വാസത്തിന്റെ ഉദയം കുറിച്ചതിന് ദൈവത്തിന് നന്ദി പ്രകാശിപ്പിച്ചു കൊണ്ട് കൊടുങ്ങല്ലൂരിലേക്ക് തിരിച്ചു വരികയും ചെയ്തു.

പിന്നീട് മാലിക് ഇബ്നു ദീനാറും മാലിക് ഇബ്നു ഹബീബും കൂട്ടുകാരോടും അടിമകളോടുമൊപ്പം കൊല്ലത്തു പോയി. ഷഹറിലേക്ക് യാത്ര തിരിച്ചവർ അവിടെ താമസിച്ചു. അവർ അന്തരിച്ച രാജാവിന്റെ ശവകുടീരം സന്ദർശിച്ചു. മാലിക് ഇബ്നു ദിനാർ പിന്നീട് ഖുറാസനിലേക്ക് പോവുകയും അന്ത്യശ്വാസം വലിക്കുകയും ചെയ്തു.

ചില കുട്ടികളെ കൊല്ലത്തു നിർത്തിക്കൊണ്ട് മാലിക് ഇബ്നു ഹബീബും സഹധർമ്മിണിയും കൊടുങ്ങല്ലൂരിൽ പോയെങ്കിലും അവിടെ വെച്ച് അന്തരിച്ചു.

മലബാറിൽ ഇസ്ലാമിന്റെ പ്രഥമ വരവിന്റെ കഥയാണിത്. ശരിയായ തീയതി വെച്ച് വ്യക്തമായ അറിവില്ലെങ്കിലും ഹിജ്റയ്ക്ക് ഇരുന്നൂറു വർഷം ശേഷമാവാമിത് (822 എ.ഡി). പക്ഷെ അന്തരിച്ച രാജാവ് (ചേര മാൻ പെരുമാൾ) ചന്ദ്രൻ പിളർന്നത് കാണുകയും പ്രവാചകനെ സന്ദർശിക്കുകയും ചെയ്തതിനാൽ പ്രവാചകന്റെ കാലത്തു തന്നെയാണ് ഇവിടെ ഇസ്ലാമിന്റെ ആരംഭമെന്നു പൊതുവേ കണക്കാക്കപ്പെടുന്നു. രാജാവ് മല ബാറിലേക്ക് തിരിച്ചെങ്കിലും ഷഹർ പട്ടണത്തു വെച്ച് അന്ത്യശ്വാസം വലി ച്ചു. ഇതിൽ സത്യമില്ല. കാരണം സഫറിലാണ് (ഷഹറിലല്ല) കബറടക്ക പ്പെട്ടതെന്നു പൊതുവേ വിശ്വസിക്കപ്പെടുന്നു. കൂടാതെ പ്രദേശ വാസി കൾ ഇത് 'സാമൂതിരി'യുടെ ഖബറിടമാണെന്നു വിശ്വസിക്കുകയും ആദ രവോടെ വീക്ഷിക്കുകയും ചെയ്യുന്നു.

രാജാവിന്റെ തിരോധാനം മലബാറിലെ ജനങ്ങൾക്കിടയിൽ വളരെ പ്ര ശസ്തമാണ്. അവിശ്വാസികൾ അദ്ദേഹം സ്വർഗ്ഗാരോഹണത്തിലാണെന്നും തിരിച്ചു വരുമെന്നും പ്രതീക്ഷിക്കുന്നു. അതുകൊണ്ട് കൊടുങ്ങല്ലൂരിൽ ഒരു പ്രത്യേകസ്ഥാനത്ത് മെതിയടിയും വെള്ളവും വെച്ച് ഒരു രാത്രി ദീപം തെളിയിക്കുന്നുണ്ട്.

കൂടാതെ രാജാവ് വിടവാങ്ങുന്ന സമയം അദ്ദേഹത്തിന്റെ കൂട്ടാളിക്ക് രാജ്യം വിഭജിച്ച് കൊടുത്തുവെന്നും പിന്നീട് കോഴിക്കോട്ടെ സാമൂതിരിക്ക് ഉടവാൾ ദാനം ചെയ്ത് "ഇതുകൊണ്ട് വാഴുക" എന്ന വരവും കൊടു ത്തു. സാമൂതിരി രാജാവിന്റെ ഉപദേശ പ്രകാരം കോഴിക്കോടിന്റെ അധി പനുമായി.[6]

പിന്നീട് മുസ്ലീംകൾ കോഴിക്കോട്ട് അധിവസിച്ചു. വണിക്കുകളും വിശ്വ കർമ്മരും പലഭാഗങ്ങളിൽ നിന്നും വന്നു ചേർന്നു. വാണിജ്യത്തോടൊപ്പം നഗരം വളർന്നു. മുസ്ലീംകളും അവിശ്വാസികളുമടക്കമുള്ള ജനങ്ങൾ ഇതിനെ ഒരു മഹാനഗരമാക്കി. നാടുവാഴികൾക്കിടയിൽ സാമൂതിരി പ്രഗ ത്ഭനും പ്രശസ്തനുമായി. പക്ഷെ ശക്തൻ ഒരിക്കലും ക്ഷീണിതന്റെ ഭൂമി ആക്രമിച്ചില്ല. ഇത് തികച്ചും ഇസ്ലാം ആശ്ലേഷിച്ച പൂർവ്വസൂരി രാജാവിന്റെ ഉപദേശപ്രകാരവും ദേവേച്ഛയും പ്രവാചകാനുഗ്രഹങ്ങളും കൊണ്ടായി രുന്നു.

മലബാറിലെ നാടുവാഴികളിൽ ഭൂമി വിസ്തീർണ്ണതയിൽ ഒരു "പര സംഗ്" (ഏകദേശം മൂന്നര സ്ക്വയർ മൈൽ) ഉള്ളവരും ആതേസമയം വളരെ വ്യാപകമായ വിസ്തീർണ്ണതയിൽ ഭൂമി ഉള്ളവരും ഉണ്ടായിരുന്നു.

നൂറും അതിൽ താഴെയും ഇരുന്നൂറും മുന്നൂറും ആയിരവും അയ്യായിരവും പതിനായിരം മുതൽ മുപ്പതിനായിരവും നൂറായിരവും അതിൽ കൂടുതലും യോദ്ധാക്കളുള്ള രാജാക്കന്മാർ അവരിലുണ്ട്. ചില നഗരങ്ങൾ രണ്ടോ മൂന്നോ അതിൽ കൂടുതലോ ചേർന്ന് വൻസൈന്യത്തോടെ യുദ്ധങ്ങളോടെ നിലനിൽക്കുന്നു. ശത്രുക്കൾ നിലനിൽക്കുന്നുണ്ടെങ്കിലും അവരുടെ കൂട്ടായ്മക്കു മാറ്റമില്ല.

അവരുടെയിടയിൽ ഏറ്റവും കൂടുതൽ വിസ്തൃതമായ രാജ്യമുള്ളയാൾ കൊല്ലവും കന്യാകുമാരിയും ഭരിക്കുന്ന തിരുവടി തന്നെ. ഈ രണ്ട് നഗരങ്ങൾക്കിടയിൽ കിഴക്ക് അദ്ദേഹത്തിന് വലിയ ഭൂപ്രദേശങ്ങളുണ്ട്. അയാൾക്ക് പിറകെ കോലത്തിരി. അദ്ദേഹം ഏഴിമല, മാടായി, ശ്രീകണ്ഠപുരം, കണ്ണൂർ, എടക്കാട്, ധർമ്മടം തുടങ്ങിയ പട്ടണങ്ങളുടെ ഭരണാധികാരിയാകുന്നു. പക്ഷെ അവരിൽ പ്രശസ്തനും ശക്തനും സാമൂതിരി തന്നെ. പദവിയിൽ ഏറ്റവും ഉന്നതനാണയാൾ. ഇത് കൈവരിക്കാനായത് ഇസ്ലാമിന്റെ സ്വാധീനതയും അദ്ദേഹം മുസ്ലീംകളോട് പ്രത്യേകിച്ചും ദൂരദിക്കുകളിൽ നിന്നും വന്നവരോട് കാണിക്കുന്ന ബഹുമാനവും ആദരവും കൊണ്ടാണ്. പക്ഷെ അവിശ്വാസികൾ അത് വാളിന്റെ (ചേരമാൻ ദാനം ചെയ്ത) ദാനമെന്ന് വിശ്വസിക്കുന്നു. ഇന്നു വരെ സാമൂതിരിയുടെ കൈവശമാണാവാൾ. വളരെ ബഹുമാനത്തോടെയും ആദരവോടെയും അയാളത് സൂക്ഷിക്കുന്നു. യുദ്ധത്തിനും സമാധാനത്തിനും അത് അദ്ദേഹം കൊണ്ടുപോകുന്നു.

ശക്തി കുറഞ്ഞ മുഖ്യരെ ഏതെങ്കിലും കാരണത്താൽ സാമൂതിരി കീഴ്പ്പെടുത്തുമ്പോൾ സാമൂതിരി കുറച്ച് ഭൂമിയോ സമ്പത്തിന്റെ ഒരംശമോ നൽകുറുണ്ട്. അങ്ങിനെയെങ്കിൽ ആരും അത് കാംക്ഷിക്കാറില്ല, കാരണം അയാൾക്കതിൽ അധികാരം ഉണ്ട് എന്നതുകൊണ്ടു തന്നെ. മലബാറിലെ ജനങ്ങൾക്ക് ആചാരാനുഷ്ഠാനങ്ങളിൽ ആദരവ് കൂടുന്നതിനാൽ അപൂർവ്വം സന്ദർഭങ്ങളിലല്ലാതെ ഇതിനു ഭംഗം വരുന്നില്ല.

യുദ്ധസമയത്ത് സാമൂതിരിയുടെ ഉത്സാഹം ശത്രുസംഹാരവും പട്ടണനശീകരണവും മാത്രമാണ്.

അദ്ധ്യായം മൂന്ന്

മലബാറിലെ ജനങ്ങൾക്കിടയിലെ ചില വിചിത്ര വിശ്വാസങ്ങൾ

ലോകത്തെവിടെയുമില്ലാത്ത ചില വിചിത്രാചാരങ്ങൾ മലബാറിലെ അവിശ്വാസികൾക്കിടയിലുണ്ട്. ഒരു ഭരണാധികാരി യുദ്ധത്തിൽ കൊല്ല പ്പെട്ടാൽ യോദ്ധാക്കൾ എതിരാളിയ്ക്കും സൈന്യത്തിനും അവരുടെ നഗ രത്തിനുമെതിരെ തിരിയുകയും ശത്രുവിന്റെ ഭൂമിക്കും മറ്റെല്ലാറ്റിനും വൻനാശം വിതക്കുകയും ചെയ്യും. മുഴുവൻ പേരും മരിച്ചൊടുങ്ങുന്നതു വരെയോ ശത്രുരാജ്യത്തിന്റെ പതനം വരെയോ അവർ പോരാടും. ഇതൊരു പ്രാചീന സമ്പ്രാദായമാണെങ്കിലും ഇപ്പോൾ കാര്യമായി ആച രിക്കുന്നില്ല.[1]

മലബാറിലെ ഭരണാധികാരികൾ രണ്ടു പക്ഷങ്ങളിലാണ്. ഒരു കൂട്ടർ സാമൂതിരിയെ സഹായിക്കുന്നു. മറ്റൊരു കൂട്ടർ കൊച്ചിയേയും. ഇത് ഈ ഭരണാധികാരികൾ തമ്മിലുള്ള ശത്രുതയുടെ ഫലമാണ്. ഈ വൈരം തീരുമ്പോൾ അവരുടെ വീര്യവും കെട്ടടങ്ങുന്നു.

മലബാറിലെ ജനങ്ങൾ അവരുടെ യുദ്ധങ്ങളിൽ ചതി പ്രയോഗിക്കാ റില്ല. ശത്രുക്കൾ യുദ്ധം ചെയ്യാൻ തീരുമാനിച്ചാൽ അതിനായി ഒരു പ്രതേ ്യക ദിവസം തീരുമാനിക്കപ്പെടുന്നു. അവർ ഇതിൽ നിന്നു പിന്തിരിയുന്നി ല്ലെന്നു മാത്രമല്ല ഏതു വഞ്ചനയും എതിരാളിയുടെ ബലഹീനതയായി കണക്കാക്കപ്പെടുന്നു.

അച്ഛൻ, അമ്മ, ബ്രാഹ്മണ ബന്ധമുള്ള മൂത്തസഹോദരർ നായന്മാർ, അതുപോലുള്ളവർ അല്ലെങ്കിൽ മാതാവിനു സമമുള്ളവർ, മാതുലൻ, നായർ ബന്ധമുള്ള മൂത്ത സഹോദരൻ ബന്ധുക്കൾ തുടങ്ങിയവരുടെ മരണവുമായി ബന്ധപ്പെട്ട് ഒരു വർഷം മുഴുവൻ ദീക്ഷ ആചരിക്കപ്പെടു ന്നു. ഇക്കാലത്ത് സ്ത്രീകളുമായി ബന്ധപ്പെടുകയോ മാംസാഹാരം കഴി ക്കുകയോ വെറ്റില മുറുക്കുകയോ മുടിയോ നഖമോ നീക്കുകയോ പാടി ല്ല. അത്തരം ആചാരങ്ങളിൽ നിന്നും അവർ ഒരിക്കലും പിന്തിരിയാറില്ല. കാരണം ഇത്തരം അനുഷ്ഠാനങ്ങൾ പരേതാത്മാക്കളോടുള്ള കൃതജ്ഞ തയുടെ അടയാളങ്ങളാണ്.

സ്വത്തവകാശവും രാജ്യാവകാശവും ആദ്യം അമ്മ വഴിയുള്ള സഹോദരങ്ങൾക്കും അല്ലെങ്കിൽ അവരുടെ സഹോദരീ പുത്രർക്കും അല്ലെങ്കിൽ മാതൃസഹോദരികൾക്കും അല്ലെങ്കിൽ താവഴി ബന്ധുക്കൾക്കും അല്ലാതെ അവരുടെ അടുത്ത മക്കൾക്കായിരുന്നില്ല. അടുത്ത സന്തതികളെ ഒഴിവാക്കി കൊണ്ടുള്ള ഈ ആചാരം കണ്ണൂരിലും പരിസരങ്ങളിലുമുള്ള മുസ്ലീംകൾ ആചരിക്കുന്നുണ്ട്. ഹിന്ദിലെ ജനങ്ങളിൽ നിന്നാണ് അവരീ ആചാരം പകർത്തിയത്. ഖുറാൻ പഠനത്തിലും അത് ഹൃദിസ്ഥമാക്കുന്നതിലും മറ്റ് ഇസ്ലാമിക ജ്ഞാന സമ്പാദനത്തിലും ആരാധനയിലുമെല്ലാം പ്രാവണ്യരായിരുന്നിട്ടുകൂടി മുസ്ലീംകൾ ഇതാചരിക്കുന്നു.

ബ്രാഹ്മണർ, തട്ടാന്മാർ, ആശാരിമാർ, കൊല്ലന്മാർ, ചാത്തന്മാർ (തീയ്യർ), മുക്കുവർ തുടങ്ങിയവർക്കിടയിൽ തങ്ങളുടെ സന്തതികളാണ് അവകാശികൾ. ഇവർക്ക് ഇവരുടേതായ വിവാഹ ഉടമ്പടികളുമുണ്ട്. പക്ഷെ നായന്മാർക്കിടയിൽ ഒരു സ്ത്രീയുടെ കഴുത്തിൽ താലി കെട്ടുന്നതൊഴികെ വിവാഹ ഉടമ്പടിയില്ല. ശേഷം സ്ത്രീ താലി നിലനിർത്തുകയോ ഉപേക്ഷിക്കുകയോ ആവാം. എല്ലാം ഒന്നു തന്നെ.

ബ്രാഹ്മണർക്കിടയിൽ ധാരാളം സഹോദരരുണ്ടെങ്കിൽ മൂത്ത ആളൊഴിച്ച് മറ്റാരും വിവാഹം കഴിക്കില്ല. അയാൾക്ക് സന്താനമില്ലെന്നു തെളിഞ്ഞാൽ മാത്രം ഈ നിയമം ഭേദിക്കാം. അവകാശികളുടെ ബാഹുല്യവും അഭിപ്രായവ്യത്യാസങ്ങളുമില്ലാതാക്കാനാണിത്. എന്നിരുന്നാലും ഇളയ സഹോദരർ നായർ സ്ത്രീകളെ പ്രാപിക്കുകയും വിവാഹേതര ബന്ധം പുലർത്തുകയും ചെയ്യുന്നു. അങ്ങിനെയുള്ള ബന്ധത്തിലുണ്ടാകുന്ന കുട്ടികൾക്ക് പിന്തുടർച്ചാവകാശമോ പിതാവിന്റെ സ്വത്തിൽ അവകാശമോ ഇല്ല. നായന്മാരിലും മറ്റാശ്രിത ജാതികളിലും ഒരു സ്ത്രീക്ക് രണ്ടോ നാലോ അതിൽ കൂടുതലോ ഭർത്താക്കന്മാരുണ്ടാകും. ഒന്നിലധികം ഭാര്യമാരുടെ മുസ്ലീം ഭർത്താവ് അവരുടെ രാത്രി ഭാര്യമാർക്കിടയിൽ പങ്കുവെയ്ക്കുന്നതു പോലെയാണിത്. അതു കൊണ്ടു തന്നെ ശത്രുതയോ വിരോധമോ അവർക്കിടയിൽ ഇല്ല.

ആശാരിമാർ, കൊല്ലന്മാർ, തട്ടാന്മാർ തുടങ്ങിയവർ ഈ ആചാരം അനുഷ്ഠിക്കുകയും ഒന്നിൽ കൂടുതൽ പുരുഷന്മാർ ഒരുവളെ വേൾക്കുകയും ചെയ്യുന്നു. പക്ഷെ ഇത്തരം ഭർത്താക്കന്മാർ സഹോദരങ്ങളോ പരസ്പരം ബന്ധമുള്ളവരോ ആയതിനാൽ അവർക്കിടയിൽ അസ്വാരസ്യങ്ങളോ അവകാശത്തർക്കങ്ങളോ ഇക്കാരണത്താൽ വളരെ വിരളമാണ്.[3]

മലബാറിലെ ഹിന്ദുക്കൾ അവരുടെ ശരീരം പുറത്തു കാണിക്കുന്നു. അരക്കെട്ടിൽ നിന്നും മുട്ടിനു താഴെ പാദം വരെ മുട്ടുന്ന ഒരു ചെറു തുണി കഷ്ണം സാധാരണയായി അവർ ധരിച്ചു വന്നു. ബാക്കി ശരീരഭാഗം നഗ്നമാക്കി വയ്ക്കുന്നു. ഇക്കാര്യത്തിൽ എല്ലാവരും ഒരുപോലെയാണ്.

സ്ത്രീകളും പുരുഷന്മാരും പ്രായമായവരും ചെറുപ്പക്കാരും സമ്പന്നരും ദരിദ്രരും രാജാവും പ്രജകളും എല്ലാം ഒരേ പോലെ. സാധാരണയായി സ്ത്രീകൾ ആരുടെ മുമ്പിലും വരും. എന്നാൽ ബ്രാഹ്മണ സ്ത്രീകൾ ഒരു നിയമം പോലെ അകത്തിരിക്കുന്നു. മറ്റു സ്ത്രീകളെപ്പോലെ അവർ പുറത്തു പോകുന്നില്ല. നായന്മാർ തങ്ങളുടെ സ്ത്രീകളെ വിലപിടിച്ച വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കുവാനും വലിയ ഉത്സവങ്ങളിൽ പങ്കെടുക്കുവാനും അപ്രകാരം അവരുടെ സൗന്ദര്യം മറ്റുള്ളവരെ ആസ്വദിക്കുവാനും അനുവദിക്കുന്നു.

മലബാറിൽ ഒരു നിമിഷത്തിന്റെ മൂപ്പുസ്ഥാനമുള്ളവരാണെങ്കിൽ പോലും സിംഹാസനത്തിലെത്തുന്നു. അയാൾ കുരുടനോ കൊള്ളരുതാത്തവനോ അശക്തനോ എന്തായാലും മാതൃസഹോദരീ പുത്രന്മാരായിരുന്നാൽ മതി. എന്നാൽ ഒരു മൂപ്പുസ്ഥാനിയെ തിരക്കിട്ട് അധികാരം കയ്യാളുവാനായി യാതൊരാളും വധിച്ചതായി അറിയുന്നില്ല.

സ്വത്തുക്കൾക്കും രാജ്യത്തിനും പിന്തുടർച്ചക്കായി കുടുംബത്തിൽ അവകാശികൾ ഇല്ലാതായി വരുമ്പോൾ മറ്റൊരു കുടുംബത്തിൽ നിന്നും ദത്തെടുക്കുന്ന രീതി മലബാറിലെ ജനങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ട്. ചിലപ്പോഴെല്ലാം പ്രായപൂർത്തിയായ വ്യക്തികളെയും ദത്തെടുക്കും. ദത്തെടുത്തവർക്ക് യഥാർത്ഥ പുത്രനെയോ മരുമകനെയോ സഹോദരനെയോ പോലെ പിന്തുടർച്ചയും അധികാരവും സ്ഥാനവും വിവേചനം കൂടാതെ അനുവദിക്കുകയും ചെയ്യുന്നു. ഹൈന്ദവ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കിടയിലും ഭരണാധികാരികളിലും സാധാരണ ജനങ്ങൾക്കിടയിലും ഉയർന്നവരിലും താഴ്ന്നവരിലും ഈ രീതി നിലനിൽക്കുന്നു. ഇപ്രകാരം പിന്തുടർച്ചാ വഴി ഒരിക്കലും ഭഞ്ജിക്കപ്പെടുന്നില്ല.

മലബാറിലെ ഹിന്ദുക്കൾ വളരെ വിശ്വസ്തതയോടെ തങ്ങളുടെ ജാതി മര്യാദ നിലനിർത്തുന്നു. അതുകാരണം അവർ പല പ്രയാസങ്ങളും നേരിടുന്നു. എങ്കിലും അവർ ജാതിമര്യാദകൾ ലംഘിക്കുകയോ അവ ഇല്ലായ്മ ചെയ്യുകയോ ചെയ്യുന്നില്ല. ഇവിടുത്തെ ഹിന്ദുക്കൾ പല ജാതിക്കാരിൽപെട്ടവരാണ്. അവരിൽ ഉയർന്ന ജാതിക്കാരും താഴ്ന്ന ജാതിക്കാരും അവർക്കിടയിലെ അന്തരാള ജാതിക്കാരുമുണ്ട്. ഉയർന്ന ജാതിക്കാരനായ ഒരു ഹിന്ദുവിനെ സംബന്ധിച്ച് അയാൾ താഴ്ന്ന ജാതിക്കാരായ വ്യക്തികളെ സ്പർശിച്ചാലോ അതല്ലെങ്കിൽ അവർക്കു നിശ്ചയിക്കപ്പെട്ട സംസർഗ്ഗത്തിനുള്ള പരിധിക്കുള്ളിലകപ്പെടുകയോ ചെയ്താൽ ഒരു കുളി നിർബന്ധമാണ്. അയാളെ ശുദ്ധനാക്കി മാറ്റുന്ന ആ കുളിക്ക് മുൻപ് ഭക്ഷണം കഴിക്കുക നിഷേധിക്കപ്പെട്ടിരിക്കുന്നു. അയാൾ ഭക്ഷണം കഴിച്ചാൽ അയാളുടെ ജാതി പദവിയിൽ നിന്നും തരംതാഴ്ത്തപ്പെടുകയും ജാതിഭ്രഷ്ടനാക്കപ്പെടുകയും ചെയ്യുന്നു. അത്തരത്തിൽ സംഭവിച്ചാൽ തന്റെ സ്ഥലം വിൽക്കുകയും അറിയപ്പെടാത്ത ഒരു ദൂരസ്ഥലത്തേക്ക് മാറുകയും ചെയ്യുന്നു. അവിടെ

ജീവിതഗതമായ ജോലി തെങ്ങു കയറി അതിന്റെ രസം വാറ്റിയെടുക്കുക യെന്നതാണ്. ഈ രസത്തെ പുളിപ്പിച്ച് കള്ളാക്കുവാൻ കഴിയുന്നു. അത ല്ലെങ്കിൽ ശർക്കരയുണ്ടാക്കുവാനും കഴിയും.

ജാതിയുടെ ഏണിപ്പടിയിൽ തച്ചന്മാർ, കരുവാന്മാർ, തട്ടാന്മാർ, മുക്കു വർ എന്നിവർ തീയ്യർക്കും താഴെയാണ്. ഈ ജാതിക്കാർക്കും താഴെ ധാരാളം കീഴ്ജാതികളുണ്ട്. അവർ ഉഴവുകാരായും അനേകം കാർഷിക പ്രവൃത്തികളിലും ഏർപ്പെടുന്നു. ഈ ജാതിക്കാർക്കിടയിലും ഉപജാതിക ളുണ്ട്.

ഉയർന്ന ജാതിക്കാരിലെ ഒരു സ്ത്രീ ഒരു പ്രത്യേക ദിവസം രാത്രി യിൽ, അവൾക്ക് ഒരാൺതുണ ഇല്ലാതിരിക്കെ, താഴ്ന്ന ജാതിക്കാരനായ ഒരാളുടെ കൈകളിൽ നിന്നും കല്ലു കൊണ്ടോ മറ്റെന്തു കൊണ്ടോ ഏറു കൊള്ളുവാനിടയായാൽ അവളെ തന്റെ ജാതിയിൽ നിന്നും പുറത്താക്ക പ്പെടുന്നു. അത്തരം ഒരു പരിത:സ്ഥിതിയിൽ അവളെ സംബന്ധിച്ച് മുസ്ലീമോ ക്രിസ്ത്യാനിയോ യോഗിയോ ആയി മാറുകയല്ലാതെ വേറെ വഴിയില്ല. അല്ലെങ്കിൽ നാടുവാഴി അവളെ വിൽക്കും.

ഇതേ സ്ഥിതി തന്നെയാണ് ഉയർന്ന ജാതിയിലെ ഒരാൾക്ക് താഴ്ന്ന ജാതിയിൽപ്പെട്ട സ്ത്രീയുമായി ലൈഗിംക വേഴ്ചയുണ്ടായാലും. ഉയർന്ന ജാതിയിലെ സ്ത്രീയായാലും പുരുഷനായാലും ഇത്തരം കാര്യത്തിൽ ജാതിക്ക് പുറത്താവുകയും മേൽപ്പറഞ്ഞ ഏതെങ്കിലും വഴി സ്വീകരിക്കു കയെന്നതിൽ കവിഞ്ഞ് മറ്റു വഴികളില്ലാത്തവരാവുകയും ചെയ്യുന്നു. എന്നാൽ പുണൂൽധാരിയായ ബ്രാഹ്മണന്റെ[5] കാര്യം മറ്റൊരു വിധമാണ്. അവർക്കു നായർ സ്ത്രീകളുമായി ലൈഗിംകവേഴ്ചയാകാം. ഇതുകൊണ്ട് അവർ ജാതിഭ്രഷ്ടരാകുന്നില്ല. എന്തെന്നാൽ അത് സ്വീകാര്യമായ ഒരാ ചാരമാണ്. മുമ്പു പറഞ്ഞതു പോലെ നമ്പൂതിരി കുടുംബങ്ങളിലെ മൂത്ത മകൻ മാത്രമാണ് വേളി കഴിക്കുന്നത്. മറ്റുള്ളവർ ഒരു നിയമമെന്നോണം നായർ സ്ത്രീകളെ സംബന്ധം ചെയ്യുന്നു.

ഇത്തരത്തിലുള്ള എന്തെല്ലാം അനാചാരങ്ങൾ. അവരുടെ അജ്ഞ തയും വിഡ്ഢിത്തവും കാരണം ഇവയെല്ലാം സംരക്ഷിക്കുക തങ്ങളുടെ ധാർമ്മികമായ കർത്തവ്യമാണെന്നു കരുതി അക്ഷരം പ്രതി അനുഷ്ഠിച്ചു വരുന്നു. അവർ ഇത്തരത്തിലുള്ള സാമൂഹികമായ ചുറ്റുപാടുകളിൽ ജീവിച്ചു കൊണ്ടിരിക്കുമ്പോഴാണ് അല്ലാഹുവിന്റെ ദയയെന്നോണം ഇസ്ലാം മതം അവർക്കിടയിലെത്തിയത്. അവരെ ഇസ്ലാം എളുപ്പം ആകർഷിക്കു വാനിടയാക്കിയതും ഇത്തരം കാര്യങ്ങളാണ്.

യഥാർത്ഥത്തിൽ ഇക്കാര്യങ്ങളൊന്നുമല്ല നമ്മുടെ പ്രശ്നങ്ങൾ. ചില വസ്തുക്കൾ നമ്മുടെ വായനക്കാർ അറിയണമെന്ന നിലയിൽ ഒരു പാർശ്വ വീക്ഷണം. നമ്മുടെ വിവരണത്തിന്റെ വിഷയത്തിലേക്കു തന്നെ നമുക്കു മടങ്ങാം.

ഷറഫ് ബിൻ മാലിക്, മാലിക് ബിൻ ദിനാർ, ഹബീബ് ബിൻ മാലിക് തുടങ്ങിയവർ പള്ളികൾ നിർമ്മിക്കുകയും ഇസ്ലാം മതം പ്രചരിപ്പിക്കുകയും ചെയ്ത പ്രവർത്തനങ്ങളാൽ മുമ്പു പറഞ്ഞ പോലെ മലബാറിലെ തീര ദേശ നിവാസികളായ ജനങ്ങൾ ഇടക്കിടെ ഇസ്ലാം മതം സ്വീകരിക്കുക യുണ്ടായി. പരിണത ഫലമായി ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നും വലിയ തോതിൽ വണിക്കുകൾ ഇവിടെ കടന്നു വന്നു. ആയതിനാൽ കാലി ക്കറ്റ്, വെളിയങ്കോട്, തിരൂരങ്ങാടി, താനൂർ, പൊന്നാനി, പരപ്പനങ്ങാടി, പറവണ്ണ തുടങ്ങിയ പ്രദേശങ്ങളും ചാലിയം തുറമുഖത്തിന്റെ ചുറ്റുഭാഗ ങ്ങളായ കക്കാടും തിക്കോടിയും പന്തലായിനിയുടെ ചുറ്റുമുള്ള പ്രദേശ ങ്ങളും കണ്ണൂർ, എടക്കാട്, തിരുവങ്ങാട്, മയ്യഴി, ചെമ്മനാട്, ധർമ്മടത്തിനു ചുറ്റുമുള്ള പ്രദേശങ്ങളും തെക്കുള്ള വളർപട്ടണവും നാദാപുരവും കൊടു ങ്ങല്ലൂരിനു തെക്ക് കൊച്ചിയും വൈപ്പിൻ, പള്ളിപ്പുറം തുടങ്ങിയ മറ്റനേകം തീരപ്രദേശങ്ങളും വർദ്ധിച്ചു വരുന്ന വാണിജ്യമുള്ള ചെറുപട്ടണങ്ങളായും വാണിജ്യ കേന്ദ്രങ്ങളായും എല്ലാം മുസ്ലീം സമൂഹത്തെക്കൊണ്ടു രൂപാ ന്തരപ്പെട്ടു. ഹിന്ദുക്കളായിരുന്നുവെങ്കിലും രാജാക്കന്മാരും അവരുടെ സൈന്യവും വലിയ സഹിഷ്ണുത കാണിക്കുകയാൽ മുസ്ലീമിങ്ങളും അവ രുടെ വാണിജ്യവും അഭിവൃദ്ധിപ്പെട്ടു. അവർ പേരിൽ മാത്രം ഹിന്ദുക്കളാ യിരുന്നവരല്ല. തങ്ങളുടെ പ്രാചീനമായ ആചാരങ്ങളും മര്യാദകളും വളരെ കൃത്യമായി പരിപാലിച്ചു വന്നവരായിരുന്നു. തങ്ങളുടെ മതപരമായ കാര ്യങ്ങൾ സംബന്ധിച്ച് യാതൊന്നും അവർ ഒഴിവാക്കിയിരുന്നില്ല. ജനസം ഖ്യയുടെ പത്തിലൊന്നു വരാതിരുന്ന മുസ്ലീമിങ്ങൾ അക്കാലത്ത് അവ രുടെ പ്രജകളായിരുന്നു. എന്നാൽ അവരൊന്നും തന്നെ ചില അപൂർവ്വ അവസരങ്ങളിലൊഴികെ മുസ്ലീമിങ്ങളെ ശത്രുക്കളായി പരിഗണിച്ചിരുന്നില്ല.

പ്രാചീനകാലം മുതൽ മലബാറിലെ വലുതും പ്രധാനവുമായ ഒരു തുറമുഖമായിരുന്നു കോഴിക്കോട്. എന്നാൽ പോർച്ചുഗീസുകാർ മലബാ റിലെത്തിച്ചേർന്നതോടെ വാണിജ്യ യാത്രകൾക്കെതിരെ അവർ സൃഷ്ടിച്ച തടസ്സങ്ങളിൽ അതിന്റെ പ്രാധാന്യം നശിക്കുവാൻ തുടങ്ങി.

മലബാറിലെങ്ങും മുസ്ലീമിങ്ങളുടെ ഭരണാധികാരം കയ്യാളുന്ന നേതാവ് ഇല്ലെന്നു പറയാം. പക്ഷെ അവരുടെ ഹിന്ദുക്കളായ ഭരണാധികാരികൾ അവർക്കു മീതെ നീതിന്യായപരമായ അധികാരം നടത്തുകയും കടം അല്ലെങ്കിൽ പിഴ അടക്കേണ്ടതായ കാര്യങ്ങൾ വരുമ്പോൾ അവ ഏർപ്പാടാക്കുകയും ചെയ്യുന്നു. ഇതിനെല്ലാം പുറമേ മുസ്ലീംകൾ തങ്ങ ളുടെ ഭരണാധികാരികളിൽ നിന്നും വലിയ ആദരവും പരിഗണനയും നേടു കയും ചെയ്തു. ഇതിന്റെ വലിയൊരു കാരണം രാജ്യത്തിന്റെ വികസ നവും നിർമ്മാണവും നടന്നു വരുന്നത് അവരിലൂടെയാണെന്നതു തന്നെ. ആയതിനാൽ മുസ്ലീമിങ്ങൾക്ക് വെള്ളിയാഴ്ച നമസ്കാരം (ജുമാ) സംഘ ടിപ്പിക്കുവാനും ഈദ് പോലുള്ള ആഘോഷങ്ങൾ ഒരുക്കുവാനും ഭരണാ

ധികാരികൾ അവസരം ഉണ്ടാക്കുന്നു. ഗവൺമെന്റു തന്നെ മുഅ സ്സ്ലീൻമാർക്കും (പ്രാർത്ഥനക്ക് വിളിക്കുന്നവർ) ഖാദിമാർക്കും (മതപരമായ ജഡ്ജിമാർക്കും) പ്രതിഫലം നൽകി വരുന്നു. മുസ്ലീമിങ്ങൾക്കിടയിൽ അവ രുടെ മതപരമായ നിയമങ്ങളും ആചാരങ്ങളും നടപ്പിലാക്കുവാൻ ഗവൺമെന്റ് തന്നെ പ്രത്യേക നടപടികളെടുക്കുന്നു. മലബാറിലെ മിക്ക വാറും പ്രദേശങ്ങളിൽ ജുമാ (വെള്ളിയാഴ്ച നമസ്കാരം) അവഗണിക്കു ന്നവർക്ക് ശിക്ഷ വിധിക്കുകയോ പിഴയിടുകയോ ചെയ്തു വരുന്നു.

മരണശിക്ഷ വിധിക്കേണ്ടി വരുന്ന ഒരു മുസ്ലീമിന്റെ കാര്യത്തിൽ അവ രുടെ മൂപ്പന്മാരുടെ സമ്മതിയോടെ ശിക്ഷ നടത്തുകയും ഭൗതികശരീരം മുസ്ലീമിങ്ങൾക്ക് തന്നെ സംസ്ക്കരിക്കുവാൻ നൽകുകയും ചെയ്തു. ശേഷം ശരീരത്തെ അനുഷ്ഠാനപരമായി കുളിപ്പിക്കുകയും മരിച്ചതിന്നുള്ള പ്രാർത്ഥന നടത്തുകയും മുസ്ലീമിങ്ങളുടെ ശ്മശാനത്തിൽ മറവു ചെയ്യു കയും ചെയ്യുന്നു. എന്നാൽ മുസ്ലീമല്ലാത്ത ഒരാൾ ഇത്തരം കുറ്റം ചെയ്താൽ അയാളെ വധിക്കുകയോ കഴുവേറ്റുകയോ ചെയ്യുകയും ശരീരം നായ്ക്കൾക്കും കുറുക്കന്മാർക്കും നശിപ്പിക്കുവാൻ വിട്ടുകൊടുക്കുകയും ചെയ്യുന്നു.

വണിക്കുകളുടെ ലാഭത്തിന്റെ പത്തിലൊന്നാണ് ഗവൺമെന്റിന്റെ വിഹി തം. പിഴ ചുമത്തേണ്ടതയാ ഒരു കുറ്റം അവർ ചെയ്യുകയാണെങ്കിൽ അവർക്ക് അത് അടച്ചു തീർക്കേണ്ടി വരും. കർഷകർക്കു മീതെയോ ഭൂവു ടമകൾക്ക് മീതെയോ അവരെത്ര ഭൂമി കൈവശം വെച്ചിരുന്നാലും ഭൂനി കുതിയോ കൊയ്ത്തു നികുതിയോ ചുമത്തിയിരുന്നില്ല.

മുൻകൂട്ടി അനുവാദം വാങ്ങി മാത്രമേ മറുവിഭാഗക്കാരായ ജനങ്ങൾ മുസ്ലീമിങ്ങളുടെ വീട്ടിൽ പ്രവേശിക്കുന്നുള്ളു. അകത്തൊളിഞ്ഞിരിക്കുന്ന ഒരു കുറ്റവാളിയെ പിടികൂടുവാൻ പോലും അവരുടെ വീടുകളിൽ അവർ പ്രവേശിക്കുന്നില്ല. അയാൾ ഒരു കൊലക്കുറ്റം ചെയ്തിരുന്നാലും ഇതാണു സ്ഥിതി. മറ്റു വഴികളാലും പട്ടിണി കിടത്തിയും അയാളെ വീട്ടിൽ നിന്നും പുറത്താക്കണമെന്ന് അവർ ആവശ്യപ്പെടുന്നു. ഹിന്ദുക്കൾ ഇസ്ലാം സ്വീ കരിക്കുമ്പോൾ അവർ അതിനെതിരായി തടസ്സങ്ങൾ ഉണ്ടാക്കുകയോ മറ്റു വഴിയിൽ അവരെ ഉപദ്രവിക്കുകയോ ഒരു നിയമമെന്ന നിലയിൽ പതിവി ല്ല. അതിന്നു പകരം അവർ അന്യാളൊരു താഴ്ജാതിക്കാരനായാൽ പോലും മറ്റു മുസ്ലീമിങ്ങളോട് പതിവായി കാണിക്കുന്ന ആദരവോടെ പരിഗണി ക്കുന്നു. ആദ്യകാലങ്ങളിൽ ഇത്തരക്കാരായ മതം മാറ്റക്കാരെ സഹായി ക്കുന്നതിനായി മുസ്ലീം വണിക്കുകൾ പൊതുവായി പണം ശേഖരിച്ചിരുന്നു.

അദ്ധ്യായം നാല്

ഭാഗം-1

പോർച്ചുഗീസുകാരുടെ മലബാറിലേക്കുള്ള വരവും അവരുടെ നെറികെട്ട ചെയ്തികളും

ഹിജ്റ വർഷം 904 (1498 എ.ഡി)ൽ ആയിരുന്നു പോർച്ചുഗീസുകാർ മലബാറിലെത്തുന്നത്. മൂന്നു കപ്പലുകളിൽ അവർ പന്തലായനിയിൽ വന്നു. കടൽവഴിയുള്ള വാണിജ്യകാലം[1] അപ്പോൾ അവസാനിച്ചിരുന്നു. അവിടെനിന്ന് കരവഴി കോഴിക്കോട്ടെത്തുകയും മലബാറിനെക്കുറിച്ചു മനസ്സിലാക്കി സ്വദേശത്തേക്കു മടങ്ങുകയും ചെയ്തു. അതിനിടയിൽ അവർ വ്യാപാരത്തിലേർപ്പെട്ടില്ലെങ്കിലും മലബാറിലെ കുരുമുളക് വ്യാപാരത്തിന്റെ സാധ്യതകളാരായുകയും അതിന്റെ കുത്തക നേടുകയുമായിരുന്നു മുഖ്യ ലക്ഷ്യം. പിന്നീട് ആറു കപ്പലുകളുമായി കോഴിക്കോട്ട് വരികയും വ്യാപാരത്തിലേർപ്പെടുകയും ചെയ്തു.

മുസ്ലിംകൾ അറേബ്യയിലേക്ക് ചരക്ക് കയറ്റിയയക്കുന്നത് തടയണമെന്നും അവർക്ക് വ്യാപാരം നടത്താൻ അനുവാദം കൊടുക്കരുതെന്നും ഉദ്യോഗസ്ഥരോടാവശ്യപ്പെട്ടു. അതുകൊണ്ടുണ്ടാകുന്ന നഷ്ടം ഇരട്ടി ലാഭംതന്നു പരിഹരിക്കുമെന്നും പറഞ്ഞുകൊണ്ട് മുസ്ലിംകളെ ആക്രമിക്കാനും കയ്യേറാനും തുടങ്ങി. ഇത് സാമൂതിരിയെ പ്രകോപിപ്പിക്കുകയും അക്രമകാരികളായ പോർച്ചുഗീസുകാരെ കൊല്ലുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. അതിൽ അറുപതോ എഴുപതോ പേർ വധിക്കപ്പെട്ടു. ബാക്കിയുള്ളവർ കപ്പലുകളിൽ കയറി കരയിലേക്ക് വെടിവെച്ചു. കരയിൽ നിന്ന് അങ്ങോട്ടേക്കും വെടിയുതിർത്തു.

പോർച്ചുഗീസുകാർ പിന്നീട് കൊച്ചിയിലേക്ക് പോവുകയും അവിടത്തുകാരുമായി സന്ധിയിലേർപ്പെട്ട് അവിടെ ഒരു കോട്ട കെട്ടുകയും ചെയ്തു. അവർ തീരദേശത്തുണ്ടായിരുന്ന ഒരു മുസ്ലിം പള്ളി പൊളിക്കുകയും പ്രദേശത്തെ ജനങ്ങളുടെ സഹായത്തോടെ തൽസ്ഥാനത്ത് ഒരു ക്രിസ്തീയ ദേവാലയം പണിയുകയും ചെയ്തു.

പിന്നീടവർ കണ്ണൂരിലേക്ക് പോവുകയും അവിടത്തുകാരുമായി സൗഹൃദം സ്ഥാപിച്ച് കോട്ട പണിയുകയും വാണിജ്യത്തിലേർപ്പെടുകയും ചെയ്തു. കപ്പലുകൾ നിറയെ കുരുമുളകും ചുക്കും കൊണ്ടായിരുന്നു ഇത്തവണത്തെ നാട്ടിലേക്കുള്ള അവരുടെ മടക്കം. സുദീർഘമായ അവരുടെ യാത്രയുടെ മുഖ്യ ഉദ്ദേശ്യവും ഇതായിരുന്നു.

ഒരു വർഷത്തിനുശേഷം പോർത്തുഗീസുകാർ നാലു കപ്പലുകളുമായി വന്നു. കൊച്ചിയിലും കണ്ണൂരിലും നിന്ന് വേണ്ടത്ര കുരുമുളകും ചുക്കും സംഭരിച്ച് അവർ നാട്ടിലേക്ക് മടങ്ങി. രണ്ടു വർഷത്തിനുശേഷം അവർ ഇരുപതോ, ഇരുപത്തിയൊന്നോ, ഇരുപത്തിരണ്ടോ അല്ലെങ്കിൽ പതിനെട്ടോ കപ്പലുകളുമായി വരികയും കുരുമുളകും ചുക്കും കൂടാതെ മറ്റു ധാരാളം വസ്തുക്കളുമായി നാട്ടിലേക്ക് മടങ്ങുകയും ചെയ്തു. പോർച്ചുഗീസുകാരുടെ സ്വാധീനം ഇവിടെ വർദ്ധിച്ചുതുടങ്ങി.

ഈ സമയത്ത് സാമൂതിരി കൊച്ചി ആക്രമിക്കുകയും വലിയ നാശനഷ്ടങ്ങൾ വരുത്തുകയും അവരുടെ രണ്ടോ മൂന്നോ മുഖ്യരെ വധിച്ചു കോഴിക്കോട്ടേക്ക് തിരിക്കുകയും ചെയ്തു. ഇളയ താവഴിക്കാരെ വധിച്ച അവർ പോർച്ചുഗീസുകാർക്കനുകൂലമായി നിന്നു എന്നതുകൊണ്ടും നേരത്തെയുള്ള ആചാരപ്രകാരം അധികാരം മൂത്തയാൾക്ക് എന്നതിനുപകരം മരുമക്കൾക്ക് എന്നു അവരുടെ സഹായത്തോടെ നിശ്ചയിക്കപ്പെട്ടതുകൊണ്ടുമായിരുന്നു. പോർച്ചുഗീസുകാർക്ക് വലിയ പരിഗണനയും ബഹുമാനവും കൊച്ചിയിൽ കിട്ടി. പകരം അവർ കൊച്ചിയെ യുദ്ധത്തിൽ സഹായിക്കുക മാത്രമല്ല, അവരുടെ വാണിജ്യാദായത്തിന്റെ പത്തിലൊന്ന് അതിനുവേണ്ടി നീക്കിവെക്കുകയുംചെയ്തു. പോർച്ചുഗീസുകാരുടെ പ്രാധാന്യവും സ്വാധീനവും കൊച്ചിയിൽ വളർന്നുകൊണ്ടേയിരുന്നു.

ഒരു വർഷത്തിനുശേഷം മേല്പറഞ്ഞ ഇരുപതോളം കപ്പലുകൾ കൂടാതെ വേറെയും പത്തു കപ്പലുകൾ വന്നു. ഇതിൽ ഏഴെണ്ണം പുതിയതും മുന്നെണ്ണം നേരത്തേതിൽ ഉൾപ്പെട്ടതുമായിരുന്നു. യാത്രാതടസ്സമായിരുന്നു ഈ മൂന്നു കപ്പലുകൾ പുതിയവയോട് ചേരാൻ കാരണം. ചരക്കുകൾ നിറച്ച് ഏഴെണ്ണം നാട്ടിലേക്ക് മടങ്ങിയെങ്കിലും മുന്നെണ്ണം കൊച്ചിയിൽതന്നെ നിലയുറപ്പിച്ചു.

ഇതറിഞ്ഞ സാമൂതിരി ഒരു ലക്ഷത്തോളം നായർ പടയാളികളോടും ധാരാളം മുസ്ലിം യോദ്ധാക്കളോടും കൂടി കൊച്ചിക്കു പോയി. എന്നാൽ പീരങ്കികളുമായുള്ള പോർച്ചുഗീസ് നിൽപ്പിനെ മറികടക്കാൻ സാമൂതിരിക്കായില്ല. മൂന്ന് വഞ്ചികളിലായി പൊന്നാനിയിൽ നിന്നെത്തിയ മുസ്ലിം യോദ്ധാക്കൾ പോർച്ചുഗീസുകാരെ എതിരിട്ടുവെങ്കിലും കുറച്ചുപേർ കൊല്ലപ്പെട്ടു. അടുത്ത ദിവസം പൊന്നാനിയിൽ നിന്നും വെളിയങ്കോടുനിന്നും മൂന്നു വഞ്ചികളിലുമായി മുസ്ലിംകൾ വരികയും പോർച്ചുഗീസുകാരുമായി

കടുത്ത യുദ്ധത്തിലേർപ്പെടുകയും ചെയ്തു. ഈ യുദ്ധത്തിൽ മുസ്ലിം കൾക്ക് വലിയ അപായങ്ങളൊന്നും ഉണ്ടായില്ല. എന്നിരുന്നാലും വർഷ കാലം ആരംഭിച്ചതിനാൽ ഇതു തുടരാനായില്ല. സാമൂതിരിയുടെ സൈന്യവും ദൈവാനുഗ്രഹത്താൽ സുരക്ഷിതരായി മടങ്ങി.

വർഷംതോറും പോർച്ചുഗലിൽനിന്ന് ആളും ചരക്കുമായി കപ്പലുകൾ വരികയും ചുക്കും കുരുമുളകും മറ്റും കയറ്റി തിരിച്ചുപോകുന്നതും സാധാ രണമായി. കൊച്ചിയിലും കണ്ണൂരും അവരുടെ അധിവാസമുറപ്പിച്ചശേഷം പോർച്ചുഗീസ് അനുമതിപത്രത്തോടുകൂടി (കർത്താസ്) മാത്രമായിരുന്നു എല്ലാവരും കടൽവ്യാപാരം നടത്തിയിരുന്നത്. ഓരോ കപ്പലും, എത്ര ചെറു താണെങ്കിൽപോലും, ഈ അനുമതിപത്രം കൈവശം വെക്കുകയും ഒരു നിശ്ചിത തുക ഒടുക്കുകയും ചെയ്യണമായിരുന്നു. ഇതില്ലാത്ത കപ്പലുകൾ ചരക്കുകളടക്കം പോർച്ചുഗീസുകാർ പിടിച്ചെടുത്തു. ഇക്കാരണത്താൽ സാമൂതിരിയും പ്രജകളും പോർച്ചുഗീസുകാരുമായി നിരന്തര യുദ്ധത്തി ലേർപ്പെട്ടു.

വലിയ ധനനഷ്ടമുണ്ടാക്കിയ ഈ യുദ്ധങ്ങൾ കൊണ്ട് സാമൂതിരിക്കും പ്രജകൾക്കും വലിയ ശക്തിക്ഷയമുണ്ടായി. അദ്ദേഹം മറ്റു മുസ്ലിം ഭരണാ ധികാരികളുടെ സഹായം തേടിയെങ്കിലും വലിയ ഫലം കണ്ടില്ല. ഗുജറാ ത്തിലെ സുൽത്താൻ മുസഫർഷായുടെ പിതാവ് മഹമൂദ്ഷായും, ബിജാ പൂരിലെ സുൽത്താൻ അലി അദിൽഷായും പിതാമഹനായ ആദിൽഷായും (ഇവരുടെ ഖബറിടങ്ങൾ ശോഭിതമാവട്ടെ) യുദ്ധക്കപ്പലുകൾ ഒരുക്കി നിർത്തിയെങ്കിലും പുറപ്പെടാനായില്ല. ഈജിപ്തിലെ ഖനീസുൽ ഘാവരി[2] (ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ) പതിമൂന്ന് കപ്പൽ നിറയെ സൈന്യവുമായി മന്ത്രി അമീർ ഹുസൈനെ സാമൂതിരിയെ സഹായിക്കാ നയച്ചു. അമീർ ഹുസൈൻ ഗുജറാത്തിലെ ദിയു തുറമുഖത്തെത്തി. ചൗൾ തുറമുഖത്തേക്കുള്ള യാത്രയിൽ ദിയുവിലെ മുഖ്യനായിരുന്ന മാലിക് ഇയാസ് കുറച്ചു കപ്പലുമായി ഇവരോടൊപ്പം ചേർന്നു. ഇവരെല്ലാം കൂടി പോർച്ചുഗീസുകാരെ നേരിട്ടു. തുടർന്നുള്ള യുദ്ധത്തിൽ അമീർ ഹുസൈൻ ഒരു വലിയ പോർച്ചുഗീസ് കപ്പൽ പിടിച്ചെടുത്തു ദിയുവിലേക്ക് മടങ്ങി. വർഷകാലം തുടങ്ങിയതിനാൽ കുറച്ചു മാസങ്ങൾ അവിടെ തങ്ങുകയും സാമൂതിരിയുടെ നിർദ്ദേശപ്രകാരം നാല്പതോളം കപ്പലുകൾ ദിയുവിലേ ക്കയക്കുകയും ചെയ്തു.

അമീർ ഹുസൈനും സംഘവും ദിയുവിൽ താവളമടിച്ചിട്ടുണ്ടെന്ന റിഞ്ഞ് പോർച്ചുഗീസുകാർ ഇരുപത് കപ്പലുകളുമായി അങ്ങോട്ടുപോയി. അപ്രതീക്ഷിതമായുള്ള ഈ ആക്രമണത്തെ നേരിടാൻ അമീർ ഹുസൈനും മാലിക് ഇയാസും മലബാറിൽ നിന്നെത്തിയവരും തയ്യാറാ യി. പോർച്ചുഗീസുകാർ അമീർ ഹുസൈനെ കേന്ദ്രീകരിച്ചുകൊണ്ട് അദ്ദേ

ഹത്തിന്റെ ഏതാനും കപ്പലുകൾ പിടിച്ചെടുത്തെങ്കിലും മാലിക് ഇയാസിന്റെയും മലബാറുകാരുടേയും കപ്പലുകൾ രക്ഷപ്പെട്ടു. വിജയിച്ച പോർച്ചുഗീസുകാർ കൊച്ചിക്കു മടങ്ങി. അമീർ ഹുസൈൻ ഈജിപ്തിലേക്കും തിരിച്ചുപോയി.

ഇതറിഞ്ഞ ഈജിപ്തിലെ രാജാവ് എല്ലാ സന്നാഹങ്ങളോടെ ഇരുപത്തിരണ്ടു കപ്പലുകളുമായി അമീർ ഹുസൈനോടൊപ്പം അമീർ സൽമാൻ റൂമിയെ ഇങ്ങോട്ടേക്കയച്ചു. ജിദ്ദ വഴി ഘാവരി പടയാളികൾ കംറാനിലെത്തി യമൻകാരുമായി യുദ്ധത്തിലേർപ്പെട്ട് അവരെ പരാജയപ്പെടുത്തി. സൽമാൻ റൂമി ഹുസൈനുമായി ബന്ധം വിഛേദിച്ച് ഏഡൻ തുറമുഖം വഴി ജിദ്ദയിൽ തിരിച്ചെത്തി. മുസ്ലിംകളുമായി യുദ്ധത്തിലേർപ്പെട്ട അമീർ ഹുസൈനുമായി സൽമാൻ പോരാടിയെങ്കിലും പിന്നീട് സ്വദേശത്തേക്ക് തിരിച്ചുപോയി. അമീർ ഹുസൈനെ ഹിജാസിലെ ഷറീഫ് ബറാക്കത്ത് പിടിച്ചു കടലിൽ മുക്കിക്കൊന്നു. ഈ സംഭവങ്ങൾക്ക് ശേഷമാണ് ഖാനൂഷ് ഘാവരിയും സുൽത്താൻ സലീംഷാ റൂമിയും തമ്മിലുള്ള സംഘട്ടനങ്ങളെക്കുറിച്ചുള്ള വിവരം ജിദ്ദയിലെത്തുന്നത്. ഘാവരിയുടെ

ആധിപത്യം തകർന്നു. അദ്ദേഹം വധിക്കപ്പെട്ടു. സലീംഷാ രാജ്യം പിടിച്ചടക്കി എന്നത് ദൈവനിശ്ചയം.

ഹിജറ 915 (1510 എ.ഡി) റമദാൻ ഇരുപത്തിരണ്ട് വ്യാഴം പോർച്ചുഗീസുകാർ കോഴിക്കോട്ടെത്തി. നഖുദ മിസ്കാൽ കോഴിക്കോട്ടെ പണിത പ്രശസ്തമായ ജുമ അത്ത് പള്ളി (മിസ്കാൽ പള്ളി)[3] അവർ അഗ്നിക്കിരയാക്കി. സാമൂതിരിയെ കീഴ്പ്പെടുത്തിയെന്നവകാശപ്പെട്ട് അദ്ദേഹത്തിന്റെ കൊട്ടാരത്തിൽ പ്രവേശിച്ചു. യുദ്ധകാര്യങ്ങളുമായി ബന്ധപ്പെട്ട് സാമൂതിരി അല്പം അകലെയായിരുന്നു. നായർ പടയാളികൾ പോർച്ചുഗീസ് അക്രമികളെ കൊട്ടാരത്തിൽ നിന്ന് തുരത്തി. അവർ അഞ്ഞൂറോളം പറങ്കികളെ വകവരുത്തി. ധാരാളം പേർ കടലിൽ മുങ്ങിപ്പോകുകയും രക്ഷപ്പെട്ടവർ കപ്പലിൽ അഭയം തേടുകയും ചെയ്തു. സർവ്വശക്തനായ ദൈവം ആഗ്രഹിച്ചത് നടക്കുന്നു.

ഈ സംഭവത്തിനു മുമ്പോ പിമ്പോ എന്ന് വ്യക്തമല്ലെങ്കിലും പറങ്കികൾ പൊന്നാനിയിലെത്തി തീരത്തു കണ്ട അമ്പതോളം വഞ്ചികൾക്ക് തീവെച്ചു. അവരെ നേരിട്ട എഴുപതോളം മുസ്ലിംകൾ രക്തസാക്ഷികളായി.

ഇതുപോലെ ഏഡനിലും പോർച്ചുഗീസുകാരെത്തി മുസ്ലിംകളുമായി കടുത്ത പോരാട്ടത്തിൽ ഏർപ്പെട്ടു. ദൈവം മുസ്ലിംകളെ രക്ഷിക്കുകയും പറങ്കികൾ ജീവനും കൊണ്ടോടുകയും ചെയ്തു. ഇത് അമീർ മർജാൻ ഏഡനിലെ ഭരണാധികാരിയായിരിക്കുമ്പോഴായിരുന്നു. ദൈവാനുഗ്രം അദ്ദേഹത്തിനുണ്ടാവട്ടെ.

കൊച്ചിയിലും കണ്ണൂരിലും സുരക്ഷിതരായതിനുശേഷം പോർച്ചുഗീസുകാർ കൊല്ലത്തെത്തി രാജാവുമായി ഉടമ്പടിയുണ്ടാക്കി. അവിടെ കോട്ട പണിതു. മറ്റെവിടെക്കാളും കുരുമുളക് കച്ചവടത്തിനു പേരുകേട്ട കേന്ദ്രങ്ങളായിരുന്നു കൊച്ചിയും കൊല്ലവും.

പിന്നീടവർ ഗോവ ആക്രമിച്ചു കീഴ്പ്പെടുത്തി. അലി ആദിൽഷായുടെ പിതാമഹൻ ആദിൽഷായുടെ കൈകളിലായിരുന്നു ഗോവാ തുറമുഖം.[4] പറങ്കികൾ ഗോവ ആസ്ഥാനമാക്കി ഭരണം തുടങ്ങി. എങ്കിലും ആദിൽഷാ യുദ്ധം ചെയ്ത് പോർച്ചുഗീസുകാരെ തുരത്തുകയും ഗോവ തിരിച്ചുപിടിക്കുകയും ചെയ്തു. അങ്ങിനെ ഗോവ വീണ്ടും ഇസ്ലാമിക പ്രദേശമായി (ദാറുൽ ഇസ്ലാം). കുപിതരായ പറങ്കികൾ വലിയ സന്നാഹങ്ങളോടെ വീണ്ടും വന്നു. അവർ മുസ്ലിംകളോട് യുദ്ധം ചെയ്തു. ഗോവയെ വീണ്ടും അധീനമാക്കി. അമീറന്മാർക്കും ഗോവയിലെ ചില മുഖ്യന്മാർക്കും പറങ്കികളുമായി ചില അവിശുദ്ധ ധാരണകളുണ്ടായിരുന്നു എന്നതിനാലാണ് അവർക്ക് ഗോവ തിരിച്ചുപിടിക്കാനായതെന്ന് പറയപ്പെടുന്നു. പിന്നീട് പോർച്ചുഗീസുകാരവിടെ ധാരാളം കോട്ടകളും കെട്ടിടങ്ങളും പണിതു. ദൈവനിശ്ചയമല്ലേ നടക്കൂ. അവരുടെ ശക്തി നാൾക്കുനാൾ വർദ്ധിച്ചു.

ഭാഗം-2

പറങ്കികളുടെ ചില നെറികെട്ട ചെയ്തികൾ

തുടക്കത്തിൽ മലബാറിലെ മുസ്ലിംകൾക്ക് ഐശ്വര്യപൂർണ്ണവും സുഖകരവുമായ ജീവിതം നയിക്കാൻ അവരുടെ രാജാക്കന്മാരുടെ ഔദാര്യം കൊണ്ട് സാധിച്ചിരുന്നു. പക്ഷെ ദൈവഹിതം മാനിക്കാതെ അവർ അവനെ ധിക്കരിച്ചുകൊണ്ടുള്ള ജീവിതം നയിച്ചു. അതുകൊണ്ടുതന്നെ പോർച്ചുഗീസ് ആധിപത്യം ദൈവം അവർക്കുമേൽ നിയോഗിച്ചു. വിവരണാതീതമായ ക്രൂരതകളും പ്രവർത്തികളുമാണ് അവർ മുസ്ലിംകൾക്കുമേൽ ചെയ്തത്. പറങ്കികൾ മുസ്ലിംകളെ നിന്ദിക്കുകയും അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്തു. കാരണമില്ലാതെ പീഡിപ്പിക്കുകയും അപമാനിക്കുകയും ചെയ്തു. വൃത്തികെട്ട സ്ഥലങ്ങളിൽ അവരെ വാഹകരാക്കി; മുഖത്ത് തുപ്പുകയും ഹജ്ജ് അടക്കമുള്ള യാത്രകൾ തടസ്സപ്പെടുത്തുകയും ചെയ്തു. അവരുടെ സ്വത്തുക്കൾ നശിപ്പിക്കുകയും വാഹനങ്ങൾ പിടിച്ചെടുക്കുകയും പള്ളികളും ഭവനങ്ങളും അഗ്നിക്കിരയാക്കുകയും ചെയ്തു. പരിശുദ്ധ ഖുറാനും മറ്റു മതഗ്രന്ഥങ്ങളും ചവിട്ടിമെതിക്കുകയും കത്തിക്കുകയും

ചെയ്തു. പൊതുസ്ഥലത്ത് പ്രവാചകനെ നിന്ദിച്ചു സംസാരിക്കുകയും ആരാധനാലയങ്ങൾ അശുദ്ധമാക്കുകയും ചെയ്തു. ഇസ്ലാമിനെ അവമതിക്കുകയും കുരിശിന് കുമ്പിടുന്നവർക്ക് പണം നൽകുകയും ചെയ്തു. മുസ്ലിം സ്ത്രീകളെ പ്രലോഭിപ്പിക്കാൻ ക്രൈസ്തവ സ്ത്രീകളെ വേഷഭൂഷാദികളോടെ അവർക്ക് മുമ്പിൽ നടത്തിച്ചു. ഹജ്ജ് തീർത്ഥാടകരെ കൊല്ലുകയും പലരെയും പിടിച്ച് തെരുവുകളിലൂടെ വലിച്ചിഴച്ച് അടിമകളാക്കി വില്ക്കുകയും ചെയ്തു. അവരോട് ദയ കാണിച്ചവരോടും തടസ്സപ്പെടുത്തിയവരോടും വൻതുക കൈക്കലാക്കി. പിടികൂടിയവരെ അപകടകരമായ സാഹചര്യത്തിൽ ഇരുട്ടറകളിലേക്ക് തള്ളി. ചെരുപ്പുകളും ചൂടാക്കി പഴുപ്പിച്ച കമ്പിവടികളും കൊണ്ട് മർദ്ദിച്ചത് വെള്ളം കൊണ്ട് ദേഹശുദ്ധി വരുത്തിയതിനായിരുന്നു. മുസ്ലിംകളെ പിടിച്ച് അടിമകളാക്കുന്നത് സർവ്വസാധാരണമായിരുന്നു.

വലിയ സന്നാഹങ്ങളോടെ പറങ്കികൾ മുസ്ലിം കപ്പലുകൾ പിടിച്ചെടുക്കാൻ ഗുജറാത്ത്, കൊങ്കൻ, മലബാർ, അറേബ്യൻ തീരം എന്നിവിടങ്ങളിലെ തുറമുഖങ്ങളിലേക്ക് കടന്നു.[1] ഇതുവഴി അവർ വൻ സമ്പത്ത് കരസ്ഥമാക്കുകയും ധാരാളം മുസ്ലിംകളെ തടവിലാക്കുകയും ചെയ്തു. കുലീനകളായ മുസ്ലിം സ്ത്രീകളെ മാനഭംഗപ്പെടുത്തി അല്ലാഹുവിന്റെ മതത്തിന്റെ ശത്രുക്കളായി മാറുന്ന ക്രിസ്തീയ സന്തതികൾക്ക് ജന്മം നൽകി. എത്രയോ പണ്ഡിതരേയും സയ്യിദുകളെയും മഹത്തുക്കളേയുമാണ് തടവിലാക്കി പീഡിപ്പിക്കുകയും ക്രൂരമായി കൊല്ലുകയും ചെയ്തത് എന്നതിന് കണക്കില്ല. ധാരാളം മുസ്ലിം പുരുഷന്മാരും സ്ത്രീകളും നിർബന്ധപൂർവ്വം ക്രിസ്തുമതത്തിലേക്ക് പരിവർത്തിക്കപ്പെട്ടു. അവർന ചെയ്തുകൂട്ടിയ ക്രൂരതകളും നീചപ്രവൃത്തികളും പറയാൻ വയ്യ! അവർ ചെയ്ത കൃത്യങ്ങൾക്ക് ദൈവത്തിനു മാത്രമെ തിരിച്ചടി നൽകാനാകൂ.

മുസ്ലിംകളെ മതംമാറ്റി ക്രിസ്ത്യാനികളാക്കുക എന്നതായിരുന്നു പറങ്കികളുടെ എക്കാലത്തേയും ലക്ഷ്യം. അത്തരം ഒരു വിധിയിൽ നിന്ന് ദൈവം നമ്മെ രക്ഷിക്കട്ടെ. മലബാറിലെ തീരദേശങ്ങളിൽ മുഴുവനും ആധിപത്യമുള്ള മുസ്ലിംകളോട് സൗഹൃദത്തിൽ വർത്തിക്കേണ്ട ആവശ്യം അവർക്ക് അനിവാര്യമായിരുന്നു. പോർച്ചുഗലിൽനിന്ന് പുതുതായെത്തുന്നവർ മുസ്ലിംകളെ കണ്ട് ഇങ്ങനെ പറയുന്നു: "ഇന്നോളം മുസ്ലിംകൾക്ക് ഒരു മാറ്റവുമില്ല." മുസ്ലിംകളെ മതംമാറ്റാൻ കഴിയാത്ത അവരുടെ പൂർവ്വികരെ അവർ പഴിക്കുന്നു. അല്ലാഹുവിന്റെ പ്രകാശം അവരുടെ വായകൊണ്ട് ഊതിക്കെടുത്താനൊക്കില്ലെന്ന് മാത്രമല്ല, അവിശ്വാസികൾ വെറുക്കപ്പെട്ടാലും അതു കൂടുതൽ പ്രകാശമാനമാവുകയേയുള്ളൂ (ഖുർ ആൻ, 9:32).

അവസാനമായി, മുസ്ലിംകളെ ഒന്നടങ്കം കൊച്ചിയിൽ നിന്ന് തുരത്തണമെന്ന് അവർ കൊച്ചി രാജാവിനോടഭ്യർത്ഥിച്ചു. അതിനായി അവർ രാജാവിനോടും മുസ്ലിംകളിൽ നിന്ന് കിട്ടുന്ന ലാഭവിഹിതത്തിന്റെ എത്രയോ മടങ്ങ് തരാമെന്ന് പറഞ്ഞ് പ്രലോഭിപ്പിച്ചു. "മുസ്ലിംകൾ കാലങ്ങളായി തന്റെ പ്രജകളാണെന്നും അവർ ഈ രാജ്യത്തിന്റെ വളർച്ചയിലും ഐശ്വര്യത്തിലും വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്നും പറഞ്ഞുകൊണ്ട് " കൊച്ചി രാജാവും അവരുടെ ആവശ്യം തള്ളി. പോർച്ചുഗീസുകാർക്ക് മുസ്ലിംകളോടും അവരുടെ മതത്തോടുമല്ലാതെ മറ്റാരോടും ശത്രുതയുണ്ടായിരുന്നില്ല.

ഭാഗം-3

സാമൂതിരി-പോർച്ചുഗീസ് സന്ധിയും കോഴിക്കോട്ടെ പോർച്ചുഗീസ് കോട്ടനിർമ്മാണവും

പോർച്ചുഗീസുകാരുമായുള്ള യുദ്ധം നീണ്ടുപോയതോടെ മുസ്ലിംകൾ ക്ഷയിച്ചു തുടങ്ങി. ഈ സ്ഥലങ്ങളിൽ വൻതുക ചിലവഴിച്ച സാമൂതിരി മരണപ്പെടുകയും അദ്ദേഹത്തിന്റെ ഇളയ സഹോദരൻ അധികാരത്തിലേറുകയും ചെയ്തു. മുസ്ലിംകൾക്ക് കണ്ണൂരിലും കൊച്ചിയിലുമുണ്ടായതു പോലെ ഐശ്വര്യവും സമൃദ്ധിയുമുണ്ടാവാൻ പോർച്ചുഗീസുകാരുമായി സന്ധിയിലേർപ്പെടുന്നതാണ് അഭികാമ്യമെന്നു പുതിയ രാജാവ് കരുതി. തുടർന്നു മുസ്ലിംകൾക്ക് അറേബ്യൻ തുറമുഖങ്ങളായ ജിദ്ദ, ഏഡൻ തുടങ്ങിയിടങ്ങളിലേക്ക് ഓരോ വർഷവും നാലു കപ്പലുകളയക്കാനുള്ള അനുവാദത്തോടെ പോർച്ചുഗീസുകാർക്ക് കോഴിക്കോട്ട് കോട്ട പണിയാനനുമതി നൽകി.

പോർച്ചുഗീസുകാർ കോട്ട കെട്ടാൻ തുടങ്ങിയതോടെ മുസ്ലിംകൾ കുരുമുളക്, ചുക്ക് എന്നിവ കയറ്റി തുറമുഖങ്ങളിലേക്ക് യാത്ര തിരിക്കുകയും ചെയ്തു. മറ്റുള്ളവരെ പോലെ പോർച്ചുഗീസുകാരിൽ നിന്ന് അനുമതി പത്രം വാങ്ങിക്കൊണ്ട് ഈ കപ്പലുകൾ ഗുജറാത്ത് തുടങ്ങിയ സ്ഥലങ്ങളിലേക്കും സഞ്ചരിച്ചു. ഇത് ഹിജ്റ 920-നോ 921-നോ (1514-15 എ.ഡി) ആയിരുന്നു.

അറേബ്യൻ തുറമുഖങ്ങളിൽ നിന്ന് ഈ കപ്പലുകൾ തിരിച്ചുവരുമ്പോഴേക്കും പോർച്ചുഗീസുകാർ അവരുടെ കോഴിക്കോട്ടെ കോട്ട പണിതു കഴിഞ്ഞിരുന്നു. പിന്നീടവർ അറേബ്യൻ തീരങ്ങളിലേക്ക് കപ്പലുകളയ

ക്കാൻ മുസ്ലിംകളെ അനുവദിച്ചില്ല. ഇങ്ങിനെയവർ കുരുമുളകിന്റെയും ചുക്കിന്റെയും കുത്തക അവകാശപ്പെട്ടു. മറ്റേതെങ്കിലും കപ്പലിൽ ഈ വസ്തുക്കളുടെ ചെറിയ ശേഖരം പോലും കണ്ടാൽ അത് പിടിച്ചെടുക്കുകയും ആളുകളെ ബന്ധനസ്ഥരാക്കുകയും ചെയ്യും. അങ്ങിനെ പോർച്ചുഗീസുകാർ മുസ്ലിംകൾക്കും മറ്റുള്ളവർക്കും ഒരു ഭീഷണിയായി.

സ്വന്തം കഴിവുകളെക്കുറിച്ച് ഭയമുള്ളതിനാലും സമാധാനം കാംക്ഷിച്ചതുകൊണ്ടും സാമൂതിരി ഇതെല്ലാം സഹിച്ചു. അപ്പോഴും അദ്ദേഹം പോർച്ചുഗീസുകാരോട് പോരാടാനായി മുസ്ലിം ഭരണാധികാരികൾക്ക് രഹസ്യമായി കത്തയക്കുകയുണ്ടായി.[1] പക്ഷെ അതൊന്നും ഫലവത്തായില്ല, അതായിരുന്നു ദൈവനിശ്ചയം.

പോർച്ചുഗീസുകാർ, ദൈവശാപം അവരിൽ വർഷിക്കട്ടെ., കൗശലക്കാരും വഞ്ചകരുമായിരുന്നു. അവരുടെ വാണിജ്യം എങ്ങിനെ നടത്തേണമെന്ന് അവർക്ക് നിശ്ചയമുണ്ടായിരുന്നു. ആവശ്യമെങ്കിൽ ശത്രുക്കളോടുപോലും അവർ സൗഹൃദപൂർവ്വം പെരുമാറി. പക്ഷെ, ഒരിക്കൽ അവരുടെ ലക്ഷ്യം സാധ്യമായാൽ അവർ ഏവരേയും കൈയൊഴിയും. എന്നാൽ അവർ തമ്മിൽ വളരെ ഐക്യത്തിലാണ്. കിടമത്സരമേ ഇല്ല. അവരിൽ ആരെങ്കിലും തമ്മിൽ കൊലയോ വഞ്ചനയോ നടന്നതായി അറിവില്ല. പോർച്ചുഗീസ് ഭരണാധികാരികളുടെ ആജ്ഞാനുസൃതരായി അവരിവിടെ കഴിയുന്നു.

പോർച്ചുഗീസുകാർ എണ്ണത്തിൽ കുറവായിട്ടും മലബാറിൽ അവർക്ക് ഭരണാധികാരികളെ ചൊല്പടിക്കു നിർത്താൻ കഴിയാതിരുന്നില്ല. അതേ സമയം മുസ്ലിം യോദ്ധാക്കളെയും അമീറന്മാരേയും പരസ്പരം കലഹിപ്പിച്ച് നിഷ്കാസനം ചെയ്യാനും അവരിൽനിന്ന് അധികാരം കൈക്കലാക്കാനും പരിശ്രമിച്ചു.

പോർച്ചുഗീസുകാരുടെ പദവി കോഴിക്കോട്ട് ശക്തമായതോടെ പോർച്ചുഗലിലെ രാജാവ് കൊടുത്തയച്ച സമ്മാനം സമർപ്പിക്കാനെന്ന വ്യാജേന അവർ സാമൂതിരിയെ ക്ഷണിച്ചു. അദ്ദേഹത്തെ തടങ്കിലാക്കലായിരുന്നു ഉദ്ദേശ്യം. ഒരു പോർച്ചുഗീസുകാരനിൽ നിന്നു തന്നെ സാമൂതിരിക്ക് ഇതെക്കുറിച്ച് സൂചന കിട്ടിയതിനാൽ അദ്ദേഹം സ്ഥലംവിട്ടു. ദൈവാനുഗ്രഹത്താൽ അങ്ങിനെ സാമൂതിരി പോർച്ചുഗീസുകാരുടെ വഞ്ചനയിൽനിന്ന് രക്ഷപ്പെട്ടു. ഇതിനു കാരണക്കാരായവരെ അവർ കണ്ണുരേക്ക് മാറ്റി.

ഹിജറ വർഷം 923 (1517 എ.ഡി) ൽ വലിയ യുദ്ധസന്നാഹങ്ങളോടെ പോർച്ചുഗീസുകാർ ഗോവയിൽ നിന്നു ഇരുപത്തിയെട്ടു കപ്പലുകളുമായി ജിദ്ദാ തുറമുഖത്തേക്ക് നീങ്ങി. ഇതുകണ്ട് അവിടുത്തെ മുസ്ലിംകൾ ഭയചകിതരായി. പോർച്ചുഗീസുകാരെ നേരിടാൻ ഖൻസുൽ ഘവാരി നേരത്തെ

അയച്ച സൽമാൻ അൽറൂമിയും ഇരുനൂറോളം പോരാളികളും അപ്പോൾ അവിടെ ഉണ്ടായിരുന്നു. പോർച്ചുഗീസ് കപ്പലുകൾക്കെതിരെ വെടിയുണ്ടയുതിർക്കുകയും ചിലത് നശിക്കുകയും ചെയ്തു. ഇതുകണ്ട പോർച്ചുഗീസുകാർ ഭയന്നോടാൻ ഒരുമ്പെട്ടെങ്കിലും സൽമാൻ റൂമി വിടാതെ പിന്തുടർന്നു. രണ്ടു വഞ്ചികളിലായി മുപ്പതുപേരുടെ സംഘം ഒരു പോർച്ചുഗീസ് കപ്പൽ കമ്രാനിൽ വെച്ച് കീഴടക്കുകയും അതിലുണ്ടായിരുന്ന പന്ത്രണ്ട് ക്രിസ്ത്യാനികളെ ജിദ്ദയിൽ കൊണ്ടുവരികയും ചെയ്തു. കാലാവസ്ഥ മാറുംവരെ കമ്രാനിൽ തങ്ങിയെങ്കിലും പോർച്ചുഗീസുകാർക്ക് നിരാശയോടെ ഗോവയിലേക്ക് തിരിക്കേണ്ടി വന്നു. അതായിരുന്നു ദൈവഹിതം.

ഭാഗം - 4

സാമൂതിരി - പോർച്ചുഗീസ് മത്സരം: കോഴിക്കോട് കോട്ട പിടിക്കൽ

അറിഞ്ഞാലും! കോഴിക്കോട് പോർച്ചുഗീസുകാരുടെ അക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചതേയുള്ളൂ. പക്ഷെ സാമൂതിരി ഇതെല്ലാം കണ്ടില്ലെന്ന് നടിച്ചു. ഇത് ഒരു ദിവസം പന്തലായനിയിലെ മുസ്ലിംകളും പോർച്ചുഗീസുകാരും തമ്മിൽ കോഴിക്കോട്ട് വെച്ചുള്ള ഒരു സംഘട്ടനത്തിലേക്ക് നയിച്ചു. ഹിജറ വർഷം 931 (1524 എ.ഡി) മുഹറം പത്തിനായിരുന്നു ഈ സംഭവം. സമാധാനം ഭഞ്ജിക്കപ്പെടുകയും ശത്രുത കൂടുകയും ചെയ്തു. ഹിജറ 930-ൽ തന്നെ ഇത്തരം സംഭവം പന്തലായനി, ചെമ്മനാട്, തിരൂരങ്ങാടി, പരപ്പനങ്ങാടി, എന്നിവിടങ്ങളിൽ നിന്നുള്ള ബോട്ട് യാത്രക്കാരിൽ നിന്ന് പോർച്ചുഗീസുകാർ പത്തോളം ചരക്കു കപ്പലുകൾ പിടിച്ചെടുക്കുകവഴി ആരംഭിച്ചിരുന്നു.

ഇതിനിടെ കൊടുങ്ങല്ലൂരിൽ പ്രാദേശികരായ മുസ്ലിംകളും ജൂതരും തമ്മിൽ ചില സംഘർഷങ്ങൾ ഉണ്ടായി. ജൂതർ ഒരു മുസ്ലിമിനെ വകവരുത്തിയതായിരുന്നു കലാപത്തിനു കാരണമായത്. ജൂതരോടു പകരംവീട്ടാൻ മലബാറിലെ മുസ്ലിംകളുടെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് അവിടുത്തെ മുസ്ലിംകൾ സന്ദേശകരെ അയച്ചു. കോഴിക്കോട് നിവാസികൾ അവരുടെ ബന്ധുക്കളായ പന്തലായനി, കക്കാട്, തിക്കോടി, ചാലിയം, പരപ്പനങ്ങാടി, തിരൂരങ്ങാടി, താനൂർ, പറവണ്ണ, പൊന്നാനി, വെളിയങ്കോട് തുടങ്ങിയേടങ്ങളിൽ നിന്നു വന്നു ചാലിയം ജുമാ മസ്ജിദിൽ ഒത്തുകൂടി. കൊടുങ്ങല്ലൂരെ ജൂതരെ ആക്രമിക്കാൻ തീരുമാനിച്ചു. സാമൂതിരിയുടെ

അനുവാദമില്ലാതെ സന്ധിയിലേർപ്പെടേണ്ടെന്നു തീരുമാനിച്ചുകൊണ്ട് പോർച്ചുഗീസുകാർക്കെതിരായും അവർ യുദ്ധം പ്രഖ്യാപിച്ചു. ഇതും ഹിജ്റ 931 (1524 എ.ഡി) ലായിരുന്നു. തുടർന്ന് നൂറോളം ചെറിയ കപ്പലുകളിലായി അവർ കൊടുങ്ങല്ലൂർക്ക് പോയി ഒട്ടേറെ ജൂതരെ വധിച്ചു. ബാക്കിയുള്ളവർ കൊടുങ്ങല്ലൂരിന്റെ കിഴക്കൻ ഭാഗങ്ങളിലേക്ക് ഉൾവലിഞ്ഞു. മുസ്ലിംകൾ ജൂതന്മാരുടെ വീടുകളും ആരാധനാലയങ്ങളും തീവെച്ചു നശിപ്പിച്ചു. ക്രിസ്ത്യാനികളുടെ വീടുകളും ആരാധനാലയങ്ങളും ആക്രമിക്കാനൊരുമ്പെട്ടെങ്കിലും നായർ സമുദായം പ്രതിഷേധിച്ചതുകാരണം അവർ തമ്മിലായി സംഘട്ടനം. ചില നായന്മാർ കൊല്ലപ്പെട്ടു. ഇക്കാരണത്താൽ മുസ്ലിംകൾ മറ്റിടങ്ങളിലേക്ക് മാറിത്താമസിക്കാൻ നിർബന്ധിതരായി.

ഇതേവർഷം തന്നെയായിരുന്നു ധർമ്മടം, എടക്കാട്, കണ്ണൂർ, തിരുവങ്ങാട്, ഏഴിമല, ചെമ്മനാട് തുടങ്ങിയ സ്ഥലങ്ങളിലുള്ളവർ കൂട്ടായി പോർച്ചുഗീസുകാർക്കെതിരെ തിരിഞ്ഞത്. മറ്റിടങ്ങളിലുള്ള മുസ്ലിംകളും ഇങ്ങനെ ചെയ്തു.

അതേവർഷം കൊച്ചിയിലെ മുഖ്യരായ ഫഖീഹ് അഹ്മദ് മരക്കാർ, സഹോദരൻ കുഞ്ഞാലി മരക്കാർ, അവരുടെ മാതുലൻ മുഹമ്മദലി മരക്കാർ, തുടങ്ങിയവരും അനുയായികളും പോർച്ചുഗീസുകാരെ നേരിടേണ്ട അനിവാര്യത മനസ്സിലാക്കി കൊച്ചിയിൽ നിന്ന് കോഴിക്കോട്ടേക്ക് വന്നു. മുസ്ലിംകളും സാമൂതിരിയും ഒന്നായി എതിർക്കുന്നു എന്നു മനസ്സിലാക്കിയ പോർച്ചുഗീസുകാർ യുദ്ധസന്നാഹങ്ങളോടെ കൊച്ചിയിൽ നിന്ന് പുറപ്പെട്ടു ഹിജറ 931 ജമാദുൽ അവ്വൽ മാസം 3-ന് ശനിയാഴ്ച രാവിലെ പൊന്നാനിയിലെത്തി. തീരത്ത് ധാരാളം വീടുകളും കച്ചവടസങ്കേതങ്ങളും പാണ്ടികശാലകളും പള്ളികളും അവർ അഗ്നിക്കിരയാക്കി. തീരദേശത്ത് അനവധി തെങ്ങിൻതോപ്പുകളും നശിപ്പിക്കപ്പെട്ടു. ധാരാളം മുസ്ലിംകൾ രക്തസാക്ഷികളായി വന്നതിന്റെ രണ്ടാം രാവ് അവർ പന്തലായനിയിലേക്ക് തിരിച്ചു. അവിടത്തുകാരുടെ നാല്പതോളം കപ്പലുകൾ പിടിച്ചെടുക്കുക വഴി ധാരാളം മുസ്ലിംകൾ രക്തസാക്ഷികളായി.

പന്തലായനിയിലെ മുസ്ലിംകളും പോർച്ചുഗീസുകാരും തമ്മിൽ കോഴിക്കോട് ഏറ്റുമുട്ടിയപ്പോൾ സാമൂതിരി പോർച്ചുഗീസുകാർക്കെതിരെ യുദ്ധം ചെയ്യാൻ തീരുമാനിച്ചു. പക്ഷെ, അദ്ദേഹം ചില ശത്രുക്കളെ നേരിട്ടുകൊണ്ട് മറ്റൊരിടത്തായതിനാൽ മന്ത്രിയായ ഇളയതിനെ[1] പോർച്ചുഗീസുകാരെ നേരിടാനയച്ചു. ധാരാളം പണം ചെലവഴിച്ചുകൊണ്ടുള്ള തയ്യാറെടുപ്പ് അദ്ദേഹം നടത്തി. മുസ്ലിം യോദ്ധാക്കളും സാമൂതിരിയുടെ നായർ പടയാളികളും ഒത്തുചേർന്ന് പോർച്ചുഗീസ് കോട്ട ആക്രമിച്ചു. പല ഭാഗങ്ങളിൽ നിന്നും മുസ്ലിംകൾ കോഴിക്കോട്ട് വരികയും ദൈവമാർഗ്ഗത്തിലുള്ള പരി

ശുദ്ധ യുദ്ധത്തിന് പങ്കാളികളാവുകയും ചെയ്തു. ഇതിനിടയിൽ സാമൂതിരിയും വന്നുചേർന്നു. അപ്പോഴേക്കും പോർച്ചുഗീസുകാരുടെ കോട്ടയിലെ ഭക്ഷ്യധാന്യങ്ങൾ തീർന്നിരുന്നു. പുറത്തുനിന്നു കിട്ടാനുള്ള സാദ്ധ്യതയും ഇല്ലായിരുന്നു. നിരാശയോടെ കോട്ടയുടെ പിൻഭാഗം തുരന്ന് വിലപ്പെട്ട വസ്തുക്കളെല്ലാം എടുത്തുകൊണ്ട് അവർ രക്ഷപ്പെട്ടു. ഇത് ഹിജറ വർഷം 932 (1525 എ.ഡി) ലായിരുന്നു. യുദ്ധം വിജയിച്ചെങ്കിലും മുസ്ലിംകളും നായർ പടയാളികളും ഉദ്യോഗസ്ഥരുമടക്കം രണ്ടായിരത്തോളം പേർ കൊല്ലപ്പെട്ടിരുന്നു. ഇതോടെ മുസ്ലിംകളോടും സാമൂതിരിയോടുമുള്ള പോർച്ചുഗീസ് ശത്രുത വർദ്ധിക്കുകയും കുറെക്കാലം അത് നിലനിൽക്കുകയും ചെയ്തു.

പോർച്ചുഗീസുകാരുമായി യുദ്ധം ചെയ്യാൻ തെയ്യാറെടുപ്പോടെ, അവരിൽ നിന്നുള്ള അനുമതിപത്രമില്ലാതെ മുസ്ലിംകൾ അവരുടെ ചരക്കുകപ്പലുകളുമായി യാത്ര തുടർന്നു.

ഗുജറാത്തിലേക്കും മറ്റിടങ്ങളിലേക്കും അവർ ചുക്ക്, കുരുമുളക് എന്നിവ അയച്ചുതുടങ്ങി. അത്തരം ചില കപ്പലുകൾ പറങ്കികളിൽ നിന്ന് രക്ഷപ്പെട്ടെങ്കിലും പലതും പിടിച്ചെടുത്തു നശിപ്പിക്കപ്പെട്ടു. മുമ്പത്തെപ്പോലെ പറങ്കികളുടെ അനുമതിയോടെ ചരക്കുകപ്പലുകൾ നീക്കാമെന്ന് ധർമ്മടത്തുകാരും അവരുടെ കൂട്ടാളികളും നിശ്ചയിച്ചതുകാരണം പോർച്ചുഗീസുകാരുമായി സന്ധിചെയ്തു. എന്നാൽ സാമൂതിരിയും പ്രജകളും വർഷങ്ങളോളം പറങ്കികളെ നേരിടുകതന്നെ ചെയ്തു. ഇതവരുടെ ശക്തിയേയും വിഭവശേഷിയേയും ക്ഷയിപ്പിച്ചു.

ഹിജറ 935 (1528 എ.ഡി)-ൽ, വർഷകാലാരംഭത്തോടെ ഒരു പറങ്കിക്കപ്പൽ താനൂരിൽ തകർന്നു. കപ്പലിലുണ്ടായിരുന്നവർക്ക് താനൂർ രാജാവ് അഭയം നൽകി. കപ്പലും അതിലെ വസ്തുക്കളും ആൾക്കാരടക്കം എല്ലാം ആവശ്യപ്പെട്ടുകൊണ്ട് സാമൂതിരി താനൂർ രാജാവിനെഴുതി. സാമൂതിരിയുടെ ആവശ്യം അയാൾ നിരസിച്ചു എന്നു മാത്രമല്ല, പറങ്കികളുമായി ഒരു ധാരണ ഒപ്പുവെക്കുകയും ചെയ്തു. ഇതുപ്രകാരം പോർച്ചുഗീസ് അനുമതി പത്രത്തോടുകൂടി മാത്രമേ ചരക്കു ഗതാഗതം നടക്കുകയുള്ളുവെന്നും പൊന്നാനി പുഴയ്ക്ക് വടക്കുഭാഗം ഒരു കോട്ട കെട്ടാനുള്ള അനുമതി തരാമെന്നും ധാരണയായി. സാമൂതിരിയെ ക്ഷീണിപ്പിക്കലും പൊന്നാനിയെ തകർക്കലുമായിരുന്നു ഇതിന്റെ മുഖ്യലക്ഷ്യം.

കോട്ട കെട്ടാനുള്ള സന്നാഹങ്ങളോടെ പോർച്ചുഗീസുകാർ കൊച്ചിയിൽ നിന്ന് ഇഷ്ടികയും ചുണ്ണാമ്പും നിറച്ച കപ്പലുകളുമായി പുറപ്പെട്ടു പൊന്നാനിയിലെത്തി. ഒരുപക്ഷെ ദൈവസഹായം സാമൂതിരിയോടും മുസ്ലിംകളോടും ഉള്ളതുകൊണ്ടാവാം, പോർച്ചുഗീസ് കപ്പലുകളും, വഞ്ചി

കളുമെല്ലാം ഒരു വലിയ കാറ്റിലകപ്പെട്ട് വെളിയങ്കോടിനടുത്ത് നശിച്ചു. ഒരു ചെറുതോണി മാത്രം രക്ഷപ്പെട്ടു. ധാരാളം പറങ്കികളും ജോലിക്കാരും അടിമകളും കായലിൽ മുങ്ങിമരിച്ചു. തീരത്തെത്തിയവരെ വധിച്ചു. പോർച്ചുഗീസുകാരുടെ കൈയിലകപ്പെട്ട ധാരാളം പേരെ മുസ്ലിംകൾ സ്വതന്ത്രരാക്കി. പിടിച്ചെടുത്ത പീരങ്കികൾ സാമൂതിരിക്ക് എത്തിച്ചുകൊടുത്തു. അങ്ങിനെ പോർച്ചുഗീസുകാരും അവരുടെ പ്രാദേശിക കൂട്ടാളികളുമായുള്ള അവിശുദ്ധബന്ധം തകർക്കപ്പെട്ടു.

ഹിജ്റ വർഷം 937 അല്ലെങ്കിൽ 938 (1530 -31 എ.ഡി) ൽ സാമൂതിരിയുടെ പ്രജകളും പുറത്തു നിന്നുള്ളവരും ചേർന്ന് മുപ്പതോളം കപ്പലുകളുമായി ഗുജറാത്തിലെ വിവിധ തുറമുഖങ്ങളിലേക്ക് പുറപ്പെട്ടു. അലി ഇബ്രാഹിം മരക്കാർ, ഭാഗിനേയൻ കുട്ടി ഇബ്രാഹിം മരക്കാർ എന്നിവരെ കൂടാതെ അവരുടെ സുഹൃത്തുക്കളും മറ്റു ചില പ്രമുഖരും ഈ സംഘത്തിലുണ്ടായിരുന്നു. മിക്കവരും ജൂജാറിലും സൂറത്തിലും കുറച്ചുപേർ ബറൂജിലും ഇറങ്ങി. ഇതു മനസ്സിലാക്കിയ പോർച്ചുഗീസുകാർ കപ്പലുകളിലും വഞ്ചികളിലുമായി അവരെ നേരിടാൻ പുറപ്പെട്ടു ജൂജാറിലും സൂറത്തിലും ഇറങ്ങി. അവിടെ നിർത്തിയിരുന്ന ചരക്കുകളടക്കം പിടിച്ചെടുത്തു. ബറൂജിലിറങ്ങിയവർ രക്ഷപ്പെട്ടു.

ഈ സംഭവത്തിനു മുമ്പും ഗുജറാത്ത് സുൽത്താൻ ബഹദൂർഷായുടെയും മലബാറുകാരുടെയും ധാരാളം കപ്പലുകൾ പലപ്പോഴായി പോർച്ചുഗീസുകാർ പിടിച്ചെടുത്തിരുന്നു.

ഭാഗം - 5

സാമൂതിരി-പോർച്ചുഗീസ് രണ്ടാം സന്ധിയും ചാലിയത്തെ പോർച്ചുഗീസ് കോട്ടയുടെ നിർമ്മാണവും

പോർച്ചുഗീസുകാരുടെ വലിയ ഉദ്യോഗസ്ഥരിൽ ഒരാൾ കൊച്ചിയിൽ നിന്നും കരമാർഗ്ഗം സമാധാനത്തിന്റെ പേരും പറഞ്ഞ് ചതിയും വഞ്ചനയും ഒളിച്ചുവെച്ച് സാമൂതിരിയുടെ മുമ്പാകെ സ്വയം ഹാജരാകുവാൻ പുറപ്പെട്ടു. അയാൾ വലിയ ബുദ്ധിശാലിയും ദു:സാമർത്ഥ്യമുള്ളവനുമായിരുന്നു. ഇയാൾക്ക് മുസ്ലീം പ്രമുഖരിൽ ചിലരുടെ നല്ല പിന്തുണ പോർച്ചുഗീസുകാർ സാമൂതിരിയുമായി മുമ്പൊരിക്കൽ ഒരു സന്ധിയുണ്ടാക്കിയപ്പോൾ ലഭിക്കുകയും ചെയ്തിരുന്നു.

പൊന്നാനിയിൽ എത്തിച്ചേർന്നപ്പോൾ ഈ പോർച്ചുഗീസുകാരൻ നേരെ താനൂർ രാജാവിനടുത്തു പോയി. അയാൾ അവിടെ രാജാവിന്റെ കൂടെ സാമൂതിരിയുമായി സമാധാനം സ്ഥാപിക്കുന്നതു വരെ താമസിക്കുകയും ചെയ്തു.

കോഴിക്കോട്ടെ പോർച്ചുഗീസ് കോട്ട പിടിച്ചെടുത്ത സാമൂതിരി ലഘു മനസ്കനും ദുർബലനുമായ ഒരു രാജാവായിരുന്നു. അയാൾ ധാരാളമായി മദ്യപിച്ചിരുന്ന വ്യക്തി കൂടിയായിരുന്നപ്പോൾ അയാളുടെ മരണശേഷം രാജാവാകേണ്ടിയിരുന്ന സഹോദരൻ നമ്പിയാതിരി ശക്തനും തന്ത്രശാലിയും ധീരനുമായിരുന്നു. അവർക്കിടയിൽ നടപ്പുള്ള പ്രാചീനമായ ആചാരങ്ങളോട് ധിക്കാരപരമായ സമീപനമുള്ള വ്യക്തിയെന്ന് അയാൾ അറിയപ്പെട്ടു.

താനൂർ രാജാവുമായി സാമൂതിരിയുണ്ടാക്കിയ സമാധാന സന്ധി താനൂർ രാജാവിനും സാമൂതിരിക്കും അയാളുടെ ഉദ്യോഗസ്ഥർക്കും പിന്തുടർച്ചക്കാർക്കും വലിയ സങ്കടമുണ്ടാക്കിയിരുന്നു. എന്തെന്നാൽ അത് സാമൂതിരിയുടെയും സൈന്യങ്ങളുടെയും കടൽവഴിയായ ചാലിയത്ത് ഒരു കോട്ട കെട്ടുവാൻ പോർച്ചുഗീസുകാരെ അനുവദിച്ചു. കൂടാതെ പല രാജ്യങ്ങളിൽ നിന്നും വരുന്ന സഞ്ചാരികളുടെ വഴിയിലായിരുന്നു അത്. കോഴിക്കോടിന്റെ അറേബ്യൻ ലക്ഷ്യങ്ങളിലേക്കുള്ള വാണിജ്യ സഞ്ചാരങ്ങൾ അവിടെ നിന്നും വെറും എട്ടു നാഴിക ദൂരെയുള്ള ചാലിയം വഴിക്കായിരുന്ന കാര്യവും സങ്കടപ്പെടുത്താനിടയാക്കി.

എന്നിരുന്നാലും ചാലിയം രാജാവുമായി കാര്യങ്ങൾ സംസാരിച്ചതിനു ശേഷം സാമൂതിരി അവസാനം പോർച്ചുഗീസുകാരെ അവിടെ ഒരു കോട്ട കെട്ടുവാൻ അനുവദിച്ചു. പെട്ടന്നു തന്നെ പോർച്ചുഗീസുകാർ വലിയ ഒരു കപ്പലിൽ കോട്ട കെട്ടുവാൻ ആവശ്യമായ സാധന സാമഗ്രികളോടു കൂടെ അവിടെ എത്തി. അവർ ചാലിയം പുഴയിൽ ഹിജ്റ 938 (1531 എഡി) റബീ അൽ രുഖീർ മാസാവസാനം പ്രവേശിക്കുകയും ഒപ്പം പ്രാചീനമായ ജുമാ പള്ളി അൽ ജാമിയും മറ്റു രണ്ടു പള്ളികളും പൊളിക്കുകയും അവിടെ ശക്തമായൊരു കോട്ട കെട്ടുകയും ചെയ്തു. ഈ പള്ളി മലബാറിൽ ഇസ്ലാം പ്രവേശിച്ച ആദ്യ ഘട്ടത്തിൽ നിർമ്മിച്ച ഒന്നായിരുന്നു. (അതിനെപ്പറ്റി പരാമർശിച്ചിട്ടുണ്ടുതാനും) അവർ കോട്ട കെട്ടുവാനും കോട്ടക്കുള്ളിൽ ഒരു ചർച്ച് പണിയുവാനും തകർത്ത പള്ളികളുടെ കെട്ടുകളും മറ്റു സാമഗ്രികളും ഉപയോഗപ്പെടുത്തി.

കോട്ട കെട്ടി വരുമ്പോൾ ആദ്യം ഒരു പോർച്ചുഗീസുകാരൻ വരികയും ജുമാ പള്ളിയുടെ ചുമരുകളിൽ മേൽ പ്രകാരം ഒരു മാളമുണ്ടാക്കി ദൂരെ കൊണ്ടുപോയി. മുസ്ലീമിങ്ങൾ പോർച്ചുഗീസുകാരുടെ നേതാവിനോട് ഇതി

നെപ്പറ്റി ആവലാതിപ്പെട്ടു. പെട്ടന്ന് ആ ഉദ്യോഗസ്ഥൻ ഒരു കൂട്ടം പണിയാളരുമായി വരികയും സിമന്റും കട്ടയും ഉപയോഗിച്ച് മാളം അടക്കുകയും ചെയ്തു. ആ പ്രദേശത്തെ മുസ്ലീമിങ്ങളെ ഈ പ്രവർത്തി സന്തോഷിപ്പിച്ചു. അവർ നന്ദിയോടും സന്തോഷത്തോടും കൂടെ വീടുകളിലേക്കു മടങ്ങി.

ഈ സംഭവത്തിന്റെ രണ്ടാം ദിവസം ഒരു വലിയ കൂട്ടമായി പോർച്ചുഗീസുകാർ വരികയും മുഴുവൻ പള്ളിയും വലിച്ചു വീഴ്ത്തുകയും ചെയ്തു. അവർ ഒറ്റക്കല്ലു പോലും ബാക്കിവെച്ചില്ല. മുസ്ലീമിങ്ങൾ വീണ്ടും പോർച്ചുഗീസ് നേതാവിനെ സമീപിച്ച് ആവലാതിപ്പെട്ടു. എന്നാൽ അയാൾ ആ സ്ഥലവും പള്ളിയും അവരുടെ രാജാവ് തങ്ങൾക്കു വിറ്റതാണെന്നു പറഞ്ഞു. ദു:ഖിതരായി മുസ്ലീമിങ്ങൾ മടങ്ങിപ്പോയി. അതിനു ശേഷം ദൂരെ സ്ഥിതി ചെയ്യുന്ന ഒരു പള്ളിയിൽ അവർ ഒത്തുചേർന്നു. പോർച്ചുഗീസുകാർ അവിടെയും നിന്നില്ല. തെമ്മാടികളായ ആ ചെകുത്താന്മാർ മുസ്ലീമിങ്ങളുടെ ശവകുടീരങ്ങളും ശവക്കുഴികളും തുറന്ന് അവയുടെ കല്ലും കട്ടകളും കോട്ട കെട്ടുവാൻ ഉപയോഗപ്പെടുത്തുകയും ചെയ്തു

കോട്ടയുടെ നിർമ്മാണം പൂർത്തിയാകുന്നതിനു മുമ്പു തന്നെ അതിന്റെ നിർമ്മാണം അനുവദിച്ച സാമൂതിരി ചരമമടഞ്ഞു. അയാളുടെ സഹോദരനായ നസിയാതർ പുതിയ സാമൂതിരിയെന്ന നിലയിൽ അധികാരം കയ്യാളി. അയാൾ സന്ധി റദ്ദാക്കുകയും ചാലിയം രാജാവുമായി യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തു. ചാലിയം രാജാവിന്റെ പ്രദേശങ്ങൾ അയാൾ തരിശാക്കി മാറ്റി. ക്രമേണ ചാലിയം രാജാവ് കീഴടങ്ങി. പഴയ കാലത്തു നിലവിലുള്ള പോലെയുള്ള ആചാരങ്ങളിലൂടെ അയാളുമായി ഒരു ഉടമ്പടിയിലെത്തുകയും ചെയ്തു.

ഇതേ വർഷം മോക്കായിൽ നിന്നും (മുഖ്യ) ആമീർ മുസ്തഫ അൽ റൂമി' ദിയു തുറമുഖത്ത് പീരങ്കികളോടും വലിയ സന്നാഹത്തോടും കൂടി എത്തിച്ചേർന്നു. ആ സമയം സുൽത്താൻ ബഹദൂർഷാവിന്റെ പേരിൽ മാലിക് ഇയാസിന്റെ മകനായ മാലിക് തുഗാൻ അവിടുത്തെ ഗവർണ്ണർ മുസ്തഫ അൽ റൂമി എത്തിച്ചേർന്നതറിഞ്ഞ് പോർച്ചുഗീസുകാർ ദിയു തുറമുഖത്തിന്റെ നിയന്ത്രണം പിടിച്ചെടുക്കുവാൻ അങ്ങോട്ടു കുതിച്ചു. അമീർ മുസ്തഫ അവരെ പീരങ്കികളുമായി നേരിട്ടു. അല്ലാഹുവിന്റെ ഇംഗിത പ്രകാരം പോർച്ചുഗീസുകാരെ തകർക്കുകയും അവർ പരാജിതരാവുകയും മാനഹാനിയോടെ അവടെ നിന്നും പാലായനം ചെയ്യുകയും ചെയ്തു.

ഭാഗം-6

മൂന്നാം ഉടമ്പടി - സാമൂതിരിയും പോർച്ചുഗീസുകാരും

ഹിജ്റ 1940-ൽ (1533 എ.ഡി) സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ ചില വ്യവസ്ഥകളിന്മേൽ സമാധാനം നടപ്പാക്കി. വ്യവസ്ഥകളിൽ ഒന്നു സാമൂതിരിയുടെ പ്രജകൾ കോഴിക്കോട്ടു നിന്നും ചുരുക്കം നാലു കപ്പലുകൾ വർഷം തോറും ചരക്കുകളുമായി അറേബ്യൻ കരകളിലേക്ക യക്കും. അപ്രകാരം ആ വർഷം തന്നെ നാലു കപ്പലുകളുടെ ഒരു കൂട്ടം നിറഞ്ഞ ചരക്കുകളുമായി അറേബ്യയിലേക്കു പുറപ്പെട്ടു. സാമൂതിരിയുടെ പ്രജകൾ അതു പോലെ മറ്റു രാജ്യങ്ങളിലേക്കും പോർച്ചുഗീസുകാരിൽ നിന്നും ലൈസൻസ് വാങ്ങി വാണിജ്യ യാത്രകൾക്കു തിരിച്ചു.

അപ്പോൾ, സാമൂതിരി താനൂർ രാജാവിനെതിരെ യുദ്ധം പ്രഖ്യാപിക്കു കയും പൊന്നാനിക്കു സമീപമുള്ള പ്രദേശങ്ങളും ചാലിയത്തിന്നടുത്തുള്ള ചെറിയ തുരുത്തും വിട്ടു കൊടുത്തു സമാധാനം പുന:സ്ഥാപിക്കുന്നതു വരെ യുദ്ധം ചെയ്തു കീഴ്പ്പെടുത്തുകയും ചെയ്തു. ഈ ഉടമ്പടിക്കു മദ്ധ്യസ്ഥനായത് ചാലിയത്തു പോർച്ചുഗീസ് കോട്ട കെട്ടുവാനായി കൊച്ചി യിൽ നിന്നും എത്തിച്ചേർന്ന പോർച്ചുഗീസ് മുഖ്യനായിരുന്നു.

സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിലുള്ള ഉടമ്പടിയുടെ വ്യവ സ്ഥകൾ പിന്തുടർന്ന് ഖാജാ ഹുസൈൻ സഞ്ചക്വദാൻ അൽ റൂമിയും ഫക്കീഹ് അഹമ്മദ് മരക്കാരുടെ സഹോദരൻ കുഞ്ഞി മരക്കാരും 941 ഹിജ്റ റബി അൽ അവ്വൽ 16 നു (1534 എ.ഡി) കപ്പൽ വഴി കോഴിക്കോ ട്ടെത്തിച്ചേർന്നു. സുൽത്താൻ ബഹദൂർഷാ അവർ മുഖാന്തിരം സാമൂതി രിക്കു പല സമ്മാനങ്ങളും കൊടുത്തയച്ചിരുന്നു. സുൽത്താന്റെ അപേക്ഷ സാമൂതിരി പോർച്ചുഗീസുകാർക്കെതിരെ കടലിൽ യുദ്ധം ചെയ്യുവാൻ ഗുജറാത്തിലേക്ക് മലബാർ മുസ്ലീമിങ്ങളെ അയച്ചു കൊടുക്കണമെന്നാ യിരുന്നു'. പക്ഷെ ഇതും നടന്നില്ല.

സുൽത്താൻ ബഹദൂർഷായും പോർച്ചുഗീസുകാരും തമ്മിലുള്ള സമാധാനത്തിന്റെ ഉപസംഹാരം: അവരുടെ ചില തുറമുഖങ്ങൾ പോർച്ചുഗീസുകാർക്കായി വിട്ടു കൊടുക്കൽ

ബാബർ സുൽത്താന്റെ മകനായ ഹുമയൂൺ (അല്ലാഹ് അവരുടെ കബറുകൾ പ്രകാശിപ്പിക്കട്ടെ) ഡൽഹിയിൽ ഹിജ്റ 941-ന്റെ (1535 എ. ഡി) അവസാനം അധികാരത്തിലെത്തുകയും അദ്ദേഹം തന്റെ ശ്രദ്ധ ഗുജറാത്തിലേക്കു തിരിക്കുകയും ചെയ്തു. അദ്ദേഹം ഗുജറാത്തിലെ ചില പട്ടണങ്ങൾ ആക്രമിക്കുകയും നശിപ്പിക്കുകയും ചെയ്തു. ഗുജറാത്തിലെ ഭരണാധികാരി സുൽത്താൻ ബഹദൂർഷാവിനെ പരാജിതനാക്കി. ഹുമയൂണിനെ ഭയപ്പെട്ടതിനാൽ ബഹദൂർഷാ പോർച്ചുഗീസുകാരുടെ സഹായമഭ്യർത്ഥിച്ച് ദൂതന്മാരെ നിയോഗിച്ചു. പോർച്ചുഗീസുകാർ പെട്ടന്ന് പ്രതികരിക്കുകയും സുൽത്താൻ പോർച്ചുഗീസുകാർക്ക് വാസി, മാഹിം തുടങ്ങിയ ചില തുറമുഖങ്ങൾ വിട്ടു കൊടുത്തുകൊണ്ടുള്ള ഒരു സന്ധിയുണ്ടാക്കുകയും ചെയ്തു. പോർച്ചുഗീസുകാർ തുറമുഖങ്ങൾ കൈവശപ്പെടുത്തുകയും അവരുടെ അധികാരം സമീപ പ്രദേശങ്ങൾ പിടിച്ചെടുത്ത് സ്ഥാപിക്കുകയും ചെയ്തു.

ഈ സന്ധി പ്രകാരം പോർച്ചുഗീസുകാർ വലിയ ആനുകൂല്യങ്ങൾ നേടുകയും അവരുടെ അധികാരവും സ്വാധീനവും വർദ്ധിപ്പിക്കുകയും ചെയ്തു. കൂടാതെ സുൽത്താൻ ദിയു തുറമുഖത്തിന്റെ നിയന്ത്രണം അവർക്കു വിട്ടു കൊടുക്കുകയും അതിന്റെ ഭരണം അവരെ ഏല്പിക്കുകയും ചെയ്തു. ഇതിന്നു പോർച്ചുഗീസുകാർ അവിടെ ലഭിക്കുന്ന നികുതിയുടെ പകുതി നൽകേണ്ടിയിരുന്നു. അപ്രകാരം അവർ ദിയു ഭരിക്കുകയും അവിടെ കോട്ട കെട്ടുകയു ചെയ്തു.

വളരെക്കാലം പോർച്ചുഗീസുകാർ ദിയു ദ്വീപു കൈവശം കിട്ടുവാൻ ആഗ്രഹിക്കുകയും മാലിക് ഇയാസിന്റെയും അയാളുടെ പുത്രന്മാരുടെയും ഭരണകാലം അത് പിടിച്ചെടുക്കുവാൻ പലവട്ടം പരിശ്രമിക്കുകയും ചെയ്തിരുന്നു. എന്നാൽ അത് കീഴടക്കുവാൻ അവർക്ക് ഒരിക്കലും കഴി

ഞ്ഞിരുന്നില്ല. അവർ അള്ളാഹുവിന്റെ ഇംഗിതത്തിൽ തങ്ങളുടെ ആഗ്ര ഹങ്ങളിൽ നിരാശരായി പിന്മടങ്ങുകയും ചെയ്തു. ഈ അവസരം അള്ളാ ഹുവിന്റെ വിധിയും അവരുടെ ആഗ്രഹവും ഒന്നിച്ചു വരികയാൽ അക്കാ ര്യം അവർക്ക് എളുപ്പമായി. അള്ളാഹ് (അവന്നു സ്തുതി) ബഹദൂർഷാ അവരുടെ കൈകളാൽ മരണപ്പെടുമെന്നും വിധിച്ചു[1]. അവർ അയാളെ വധിക്കുകയും ശരീരം കടലിലേക്കെറിയുകയും ചെയ്തു. നമ്മൾ അള്ളാ ഹുവിൽ നിന്നു വരികയും അവനിലേക്കു മടങ്ങുകയും ചെയ്യുന്നു. ഇത് സംഭവിച്ചത് ഹിജ്റ 943 റമദാവദന്നു (1537 എ.ഡി) ആയിരുന്നു. സുൽത്താന്റെ രക്തസാക്ഷിത്വത്തിന്നു ശേഷം ദിയു മുഴുവനായും പോർച്ചു ഗീസുകാരുടെ നിയന്ത്രണത്തിന്നധീനപ്പെടുകയും അവർ അവിടെ സ്ഥിര വാസം ഉറപ്പിക്കുകയും ചെയ്തു. അതായിരുന്നു സർവ്വശക്തനും സർവ്വ ജ്ഞനുമായ അള്ളാഹുവിന്റെ വിധി. ആർക്കും ആ വിധി ഇല്ലാതാക്കു വാനോ അതിനോടു തർക്കിക്കുവാനോ കഴിയുകയില്ല.

ഹിജ്റ വർഷം 944-ൽ പോർച്ചുഗീസുകാർ പറവണ്ണ കടന്നാക്രമിക്കു കയും ഖമർ അലി ഇബ്രാഹിം മരക്കാരുടെ പുത്രനായ കുട്ടി ഇബ്രാഹിം മരക്കാരെയും അയാളുടെ ഒപ്പമുള്ള സുഹൃത്തുക്കളെയും വധിക്കുകയും ചെയ്തു. കൂടാതെ അവർ പട്ടണത്തിന്നു തീ വെച്ച ശേഷം മടങ്ങി വരി കയും ചെയ്തു. താനൂർ രാജാവുമായുള്ള സന്ധി ബലത്തിൽ നിലനിൽക്കു മ്പോഴും അവരുടെ അനുവാദപത്രം വാങ്ങി താനൂരിലേയും പരവണ്ണയി ലേയും ജനങ്ങൾ വാണിജ്യ യാത്രകൾ നടത്തുമ്പോഴുമാണ് ഇതെല്ലാം നടന്നത്. ഈ പ്രവൃത്തിയുടെ ഹിസാംത്മകത കാരണം കുട്ടി ഇബ്രാഹിം ഒരു കപ്പൽ നിറച്ചും കുരുമുളകും ചുക്കും പോർച്ചുഗീസുകാരിൽ നിന്നും അനുവാദപത്രം വാങ്ങാതെ ജിദ്ദാ തുറമുഖത്തേക്കയച്ചതാണെന്നു പറയ പ്പെടുന്നു. പോർച്ചുഗീസുകാർ ഏറ്റവുമധികം വെറുത്തിരുന്ന ഒരു കാര്യം കുരുമുളകും ചുക്കും കയറ്റിക്കൊണ്ട് മറ്റുള്ളവർ അന്യ സ്ഥലങ്ങളിലേക്കു പ്രത്യേകിച്ചും ജിദ്ദയിലേക്കു നടത്തുന്ന വാണിജ്യ യാത്രകളായിരുന്നു.

അപ്പോൾ സാമൂതിരി പോർച്ചുഗീസുകാർക്കും കൊച്ചിക്കാർക്കും എതിരെ യുദ്ധം ചെയ്യാൻ കൊടുങ്ങല്ലൂരിലേക്കു പുറപ്പെട്ടു. യുദ്ധം ദിവ സങ്ങൾ നീണ്ടുനിന്നു. അള്ളാഹ് സാമൂതിരിയുടെ മനസ്സിൽ അവരെപ്പറ്റി ഭയം ജനിപ്പിക്കുകയും പരിണതഫലമായി അയാൾ അവിടെ നിന്നും യാതൊന്നും നേടാതെ മടങ്ങുകയും ചെയ്തു. അപ്പോൾ പോർച്ചുഗീസു കാർ കൊടുങ്ങല്ലൂരിൽ ഒരു കോട്ട കെട്ടി[2]. അത് സാമൂതിരിയ്ക്ക് കീഴ്പ്പെ ടുത്താനുള്ള ശക്തമായൊരു തടസ്സമായി.

ഈ സംഭവത്തിന്നു ശേഷം അലി ഇബ്രാഹിം മരക്കാരും ഫക്കീഹ് അഹമ്മദ് മരക്കാരും സഹോദരൻ കുഞ്ഞി മരക്കാരും (അല്ലാഹ് അവർക്ക് സ്തുതിയായിരിക്കട്ടെ) 42 കപ്പലുകളുടെ ഒരു കൂട്ടത്തോടെ കായൽ പട്ട

ണത്തേക്കു പുറപ്പെട്ടു. അവർ പുത്തലത്തിലെത്തിയപ്പോൾ കപ്പലുകൾ അവിടെ നങ്കൂരമിടുകയും ദിവസങ്ങളോളം അവിടെ വെറുതെ അലസമായി താമസിക്കുകയും ചെയ്തു. പോർച്ചുഗീസുകാർ അവിടെ കുറച്ചു കപ്പലുകളുമായി എത്തുകയും യുദ്ധം ചെയ്യുകയും അള്ളാഹുവിന്റെ നിശ്ചയമെന്നോണം അവരുടെ കപ്പലുകളെല്ലാം പിടിച്ചെടുക്കുകയും ചെയ്തു. ഏറ്റുമുട്ടലിൽ മരക്കാരുടെ സംഘത്തിലെ പലരും രക്തസാക്ഷികളായിവീണു. ഇത് സംഭവിച്ചത് 944 ഹിജ്റ (1538 എ.ഡി) ഷാബാൻ മാസത്തിലായിരുന്നു. അവശേഷിച്ചവർ മലബാറിലേക്കു മടങ്ങി. വഴിയിൽ നല്ലമ്പിള്ളിയിൽ അലി ഇബ്രാഹിം മരക്കാർ മരണം പ്രാപിച്ചു. അള്ളാഹ് അയാളുടെ മീതെ ദയയും അനുഗ്രഹവും വർഷിക്കട്ടെ.

അതേവർഷം കണ്ണൂരിന്നടുത്ത കക്കാടിലെ നാട്ടുകാരുടെ കുറച്ചു കപ്പലുകൾ പോർച്ചുഗീസുകാർ പിടിച്ചെടുത്തു. അല്ലാഹു പിശാചുക്കളായ ആക്രമകാരികളെ നശിപ്പിക്കട്ടെ!

ഭാഗം–8

സുലൈമാൻ പാഷയുടെ ദിയുവും സമീപപ്രദേശങ്ങളും സന്ദർശനം – മിസറിലേക്കുള്ള (ഈജിപ്ത്) മടക്കം

മുൻപ് പരാമർശിക്കപ്പെട്ടിരുന്ന തുർക്കി സുൽത്താനായ സുലൈമാൻ ഷായുടെ വസീറായ (മന്ത്രി) സുലൈമാൻ ബാഷാ[1] ഹിജ്റ 944-ൽ (1538 എ.ഡി) ആയിരുന്നു പൂർണ്ണമായി ഒരു യുദ്ധത്തിന്നൊരുങ്ങിക്കൊണ്ട് നൂറു യുദ്ധക്കപ്പലുകളും ധാരാളം ചരക്കു ബോട്ടുകളും മറ്റു യുദ്ധ സാമാഗ്രികളുമായി ഏഡൻ തുറമുഖത്തിൽ എത്തിച്ചേർന്നത്. ആ പ്രദേശത്തിന്റെ സുൽത്താനായ ഷെയ്ക്ക് അമീർ ബിൻ ദാവൂദിനെയും മറ്റു പ്രധാനികളായ ചിലരെയും അയാൾ വധിക്കുകയും തുറമുഖം പിടിച്ചെടുക്കുകയും ചെയ്തു. പിന്നീട് അയാൾ ഗുജറാത്തിന്നു നേരെ തിരിക്കുകയും ദിയുവിന്നു നേർക്കു വീഴുകയും ചെയ്തു. കൂടെ കൊണ്ടു വന്നിരുന്ന വലിയ പീരങ്കികൾ ഉപയോഗപ്പെടുത്തി കോട്ടയുടെ ചുമരുകളിലെ പ്രധാനഭാഗം തകർത്തു. യുദ്ധത്തിന്നിടയിൽ അല്ലാഹ് സുലൈമാൻ ബാഷയുടെ മനസ്സിൽ പോർച്ചുഗീസുകാരെ പ്രതി ഭയം ജനിപ്പിക്കുയും അയാൾ ഈജിപ്തിലേക്കു മടങ്ങുകയും അവിടെ നിന്നും റോമിലേക്കു തിരിക്കുകയും ചെയ്തു. പോർച്ചുഗീസുകാർ ദിയുവിലെത്തിയപ്പോൾ കോട്ടകൾ നന്നാക്കി പുനർനിർമ്മിക്കുകയും കൂടുതൽ സുരക്ഷിതമാക്കുകയും ചെയ്തു.

അലി ഇബ്രാഹിം മരക്കാരുടെ മരണത്തിന്റെ ഒരു വർഷത്തിനു ശേഷം ഫക്കീഹ് അഹമ്മദ് മരക്കാരും സഹോദരൻ കുഞ്ഞിമരക്കാരും പതിനൊന്ന് കപ്പലുകളുമായി സിലോണിലേക്കു പുറപ്പെട്ടു. ഈ വിവരമറിഞ്ഞ പോർച്ചുഗീസുകാർ അവരെ പിന്തുടരുകയും യുദ്ധത്തിൽ അവരുടെ കപ്പലുകൾ പിടിച്ചെടുക്കുകയും ചെയ്തു. അവരിൽ പലരും രക്തസാക്ഷികളായി തീരുകയും ബാക്കി ശേഷിച്ചവരിൽ ചിലർ സിലോണിൽ രാജാവിനെ സന്ദർശിക്കുകയും ചെയ്തു. അവരിൽ ഫക്കീഹ് അഹമ്മദ് മരക്കാരും കുഞ്ഞി മരക്കാരും ഉണ്ടായിരുന്നു. എന്നാൽ സിലോൺ രാജാവ് അവരെ ചതി പ്രയോഗിച്ചു വധിക്കുകയാണുണ്ടായത്. തീർച്ചയായും അല്ലാഹുവിൽ നിന്നും വന്ന നമ്മൾ അല്ലാഹുവിലേക്കു മടങ്ങുന്നു.

ഭാഗം-9

സാമൂതിരി-പോർച്ചുഗീസ് നാലാം സന്ധി

ഹിജ്റ946 ഷാബാൻ മാസത്തിൽ (1540 എ.ഡി) പോർച്ചുഗീസുകാർ സമാധാനം ആവശ്യപ്പെട്ടു സാമൂതിരിയുടെ അടുത്തു വന്നു. അപ്പോൾ അയാൾ പൊന്നാനിയിലായിരുന്നു. താനൂർ, കൊടുങ്ങല്ലൂർ രാജാക്കന്മാരുടെ മുമ്പാകെ വെച്ച് സന്ധിയുണ്ടാക്കി. ഇതിനെ തുടർന്നു സാമൂതിരിയുടെ പ്രജകൾ പോർച്ചുഗീസുകാരിൽ നിന്നും പാസ്സുകൾ സ്വീകരിച്ച് വാണിജ്യ യാത്രകൾ തുടർന്നു വന്നു.

അപ്പോൾ ഹിജ്റ 952, മുഹ്റം 8-നു (1545 എ.ഡി) പോർച്ചുഗീസുകാർ കണ്ണൂരിലെ ഒരു പ്രമുഖനായ അബൂബക്കർ ആലിയെ വധിക്കുകയുണ്ടായി. ഒപ്പം അയാളുടെ അളിയൻ കുഞ്ഞി സൂപ്പിയേയും വധിച്ചിരുന്നു. അറക്കൽ ആലി ആദി രാജാവിന്റെ അമ്മാമനായിരുന്നു അബൂബക്കർ ആലി. കുഞ്ഞി സൂപ്പി രാജാവിന്റെ അച്ഛനും. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അവർക്കുണ്ടാകട്ടെ. പോർച്ചുഗീസുകാരും കണ്ണൂരിലെ ജനങ്ങളും തമ്മിൽ ഒരു നീണ്ട കാലത്തെ വിദ്വേഷം ഇത്തരത്തിലുണ്ടായി.[1] ക്രമേണ സമാധാനം സ്ഥാപിക്കപ്പെട്ടു.

ഭാഗം-10

സാമൂതിരിക്കും പോർച്ചുഗീസുകാർക്കുമിടയിൽ വിദ്വേഷം

ഹിജ്റ 957 മുഹ്റം 1-നു (1550 എ.ഡി) സാമൂതിരിയും മലബാറിലെ രാജാക്കന്മാരിലൊരാളും കൊച്ചിയുടെ തെക്കുഭാഗം രാജ്യമുള്ള കൊച്ചിയുടെ സഖ്യ കക്ഷിയുമായ ഒരു പ്രധാന രാജാവും തമ്മിൽ ഒരു സന്ധി ഒപ്പിട്ടു. പോർച്ചുഗീസുകാർ അയാളെ കുരുമുളക് രാജാവെന്നും വിളിച്ചു വന്നു. എന്തെന്നാൽ അയാളുടെ പട്ടണങ്ങളിൽ നിന്നും വലിയ അളവിൽ കുരുമുളക് കയറ്റി അയച്ചു വന്നു. അയാൾ സാമൂതിരിയുടെ സഖ്യകക്ഷിയിലൊരാളായി രാജ്യം വിട്ടുകൊടുത്തു. പകരമായി സാമൂതിരി അയാളുടെ സഹോദരനെ സാമൂതിരിയുടെ പിന്തുടർച്ച വഴിയിൽ നാലാം അവകാശയായി പരിഗണിക്കുകയും ചെയ്തു. മലബാറിൽ നടപ്പുള്ള പഴയ നാട്ടു നടപ്പനുസരിച്ച് സാമൂതിരി അപ്രകാരം അയാളുടെ സഹോദരനെ നാലാമനായി നിയോഗിക്കുകയും ചെയ്തു.

'കുരുമുളക് രാജാവ്'[1] തന്റെ പട്ടണത്തിലേക്ക് മടങ്ങിയെത്തിയപ്പോൾ അവിടെ കൊച്ചി രാജാവും പോർച്ചുഗീസുകാരും അയാൾക്കെതിരായി ഒരു യുദ്ധം നടത്തുവാനെത്തിയിരുന്നു. തുടർന്നുള്ള യുദ്ധത്തിൽ കുരുമുളക് രാജാവ് അഗ്നിക്കിരയായി മരിച്ചു. ഇത് നടന്നത് ഹിജ്റ 957 ജമാദി അൽ അവ്വൽ (1550 എഡി) മാസത്തിലായിരുന്നു.

കുരുമുളക് രാജാവിന്റെ മരണവാർത്തയറിഞ്ഞറിപ്പോൾ സാമൂതിരി പോർച്ചുഗീസുകാർക്കും അവരുടെ സഖ്യകക്ഷിക്കും എതിരായി യുദ്ധം ചെയ്യുവാൻ കോഴിക്കോട്ടു നിന്നും പുറപ്പെട്ടു. കുരുമുളക് രാജാവിന്റെ പട്ടണത്തിൽ അയാൾ എത്തിച്ചേരുകയും പോർച്ചുഗീസുകാർക്കും കൊച്ചിക്കാർക്കുമെതിരായി യുദ്ധം ചെയ്യുകയും ചെയ്തു. തന്റെ സമ്പത്തിന്റെ വലിയൊരു ഭാഗം അയാൾക്കു ഇക്കാര്യത്തിൽ ചെലവഴിക്കേണ്ടി വന്നുവെങ്കിലും തനിക്കോ തന്റെ സഖ്യകക്ഷിക്കോ ഒന്നും നേടാൻ കഴിയാതെ കോഴിക്കോട്ടേക്കു മടങ്ങുകയും ചെയ്യേണ്ടി വന്നു.

അതേ വർഷം ജമാദി അൽ അമീർ 8-ന് കുരുമുളകു രാജാവിന്റെ ഒരു വലിയ സൈന്യം പുഴ കടക്കുകയും കൊച്ചിയിൽ പ്രവേശിക്കുകയും ചെയ്തു. അവർ കടന്നു പോയ വഴിയിലെ ഓരോ ഭവനവും അഗ്നിക്കിരയാക്കി. കൊച്ചിയിലവർ വരുത്തിയ നാശം വമ്പിച്ചതായിരുന്നു. അവരിതു ചെയ്യുവാൻ കാരണം തങ്ങളുടെ രാജാവ് കൊച്ചിക്കും പോർച്ചുഗീസുകാർക്കുമെതിരായ യുദ്ധത്തിൽ വധിക്കപ്പെട്ടതാണ്. അല്ലാഹു അവരെ

നന്നാക്കിയെടുക്കുവാൻ നല്ലവണ്ണം ശിക്ഷിക്കുമാറാകട്ടെ. ഇത് സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ വീണ്ടും സംഘട്ടനത്തിനിടയാക്കി. പോർച്ചുഗീസുകാർ ഗോവയിൽ നിന്നും വലിയ യുദ്ധസന്നാഹത്തോടെ പുറപ്പെടുകയും തിക്കോടിയിൽ കരക്കിറങ്ങുകയും ചെയ്തു. അവർ വീടുകളും അവിടുത്തെ വലിയ ജമായത്ത് പള്ളിയും തീവെച്ചു നശിപ്പിച്ചു. ഇതെല്ലാം നടന്നത് ഹിജ്റ 957 ഷവ്വാൽ 14 (1550 എഡി) ശനിയാഴ്ചയായിരുന്നു. ഈ സംഭവത്തിന്റെ രണ്ടാം ദിവസം അവർ പന്തലായിനിയിലെത്തുകയും അവിടുത്തെ വീടുകളും പീടികകളും ഇസ്ലാം മതത്തിന്റെ ആരംഭഘട്ടത്തിൽ അവിടെ സ്ഥാപിച്ചിരുന്ന വലിയ ജമായത്തു പള്ളിയും തീവെച്ചു നശിപ്പിക്കുകയും ചെയ്തു. തുടർന്നുള്ള വ്യാഴാഴ്ചയിൽ പ്രഭാതത്തോടെ അവർ പൊന്നാനിയിലിറങ്ങുകയും അവിടുത്തെ പല വീടുകളും പാണ്ടികശാലകളും വലിയ ജമായത്ത് പള്ളിയടക്കമുള്ള നാലു പള്ളികളും തീവെച്ചു നശിപ്പിച്ചു. ഈ മൂന്നു പട്ടണങ്ങളിലുമായി വലിയ അംഗസംഖ്യ വരുന്ന മുസ്ലീമിങ്ങൾ രക്തസാക്ഷികളായി തീർന്നു.

ഹിജ്റ 960 ജമാദി അൽ അമീർ (1553 എഡി) അവസാനം മുസ്ലീമിങ്ങളുടെ ഒരു വൈദിക നേതാവായ അലി അൽ റൂമി കീലക്കരക്കടുത്തുവെച്ച് പോർച്ചുഗീസുകാരുമായുള്ള യുദ്ധത്തിൽ വധിക്കപ്പെട്ടുവെന്നും അയാളുടെ മുഴുവൻ കപ്പലുകളും അവർ പിടിച്ചെടുത്തുവെന്നും ഒരു വാർത്ത പരന്നു. അല്ലാഹ് ആദിനേയും തൽമൂദിനേയും നശിപ്പിച്ചതു പോലെ പോർച്ചുഗീസുകാരെയും നശിപ്പിക്കുമാറാകട്ടെ.[2] തീർച്ചയായും നമ്മളെല്ലാം അല്ലാഹുവിന്റേതാണ്; നമ്മൾ അല്ലാഹുവിലേക്കു മടങ്ങുകയും ചെയ്യും. അപ്രകാരമാണ് സർവ്വജ്ഞനും സർവ്വശക്തനുമായ അല്ലാഹുവിന്റെ വിധി. ഈ സംഭവത്തിനു അല്പം മുമ്പ് അലീ അൽ റൂമി പോർച്ചുഗീസുകാരുടെ അല്പം കപ്പലുകൾ പിടിച്ചെടുക്കുകയും കായൽ പട്ടണത്തിനടുത്ത് പുന്നക്കായലിൽ പോർച്ചുഗീസുകാർ താമസിച്ചു വരുന്നദിക്കിൽ കരക്കിറങ്ങിയിരുന്ന അയാൾ അവരെ ആക്രമിക്കുകയും പോർച്ചുഗീസുകാരെ നശിപ്പിക്കുകയും ചെയ്തിരുന്നു.

ഹിജ്റ 960 റജബ് (1553 എഡി) മാസം യൂസഫ് എന്നു പേരുള്ള ഒരു തുർക്കിക്കാരൻ മാലിദ്വീപിൽ നിന്നും ആ അവസരം കപ്പൽ യാത്രകളുടെ മാസമല്ലാതിരുന്നിട്ടും പൊന്നാനിയിലെത്തുകയുണ്ടായി. ദ്വീപിൽ താമസിച്ചിരുന്ന പോർച്ചുഗീസുകാരിൽ നിന്നും പിടിച്ചെടുത്ത കുറേ വലിയ പീരങ്കികൾ അയാൾ കൂടെ കൊണ്ടു വന്നിരുന്നു.

ഭാഗം-11

സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിലുള്ള അഞ്ചാമത്തെ സമാധാന ഉടമ്പടി

പോർച്ചുഗീസുകാർ അവരുടെ പ്രവർത്തനം അതേപടി തുടർന്നപ്പോൾ മുസ്ലീംകളുടെ ശക്തിയും അധികാരവും ക്ഷയിച്ചു. സാമൂതിരി പോർച്ചുഗീസുകാരുമയി സമാധാനക്കരാറിലേർപ്പെട്ടു. അദ്ദേഹത്തിന്റെ പ്രജകൾ മറ്റുള്ളവരെപ്പോലെ അനുമതിപത്രത്തോടെ വാണിജ്യം തുടർന്നു.

ഹിജറ 963 മുഹറ മാസത്തിൽ സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ സമാധാന ഉടമ്പടികൾ ഒപ്പുവെച്ചു. ഈ ഉടമ്പടിക്കു രണ്ടു വർഷത്തിനു ശേഷം കണ്ണൂർ, ധർമ്മടം തുടങ്ങിയ പട്ടണങ്ങളിലേയും സമീപ പ്രദേശങ്ങളിലേയും മുസ്ലീംകളും പോർച്ചുഗീസുകാരും തമ്മിൽ വൈരാഗ്യം വളർന്നു. ഈ ശത്രുത രണ്ടു വർഷം നീണ്ടു നിന്നു. പിന്നീട് മുസ്ലീംകൾ പോർച്ചുഗീസുകാരുമായി സമാധാനത്തിലേർപ്പെടുകയും പഴയതു പോലെ അനുമതി പത്രത്തോടെ കടൽയാത്രകളും വാണിജ്യവും ആരംഭിക്കുകയും ചെയ്തു.

വലിയ നേതാവും ശക്തനുമായിരുന്ന ആലിആദിരാജ പോർച്ചുഗീസുകാരുമായുള്ള പോരാട്ടക്കാലത്ത് ധാരാളം പണം ചെലവഴിച്ചിരുന്നു. പക്ഷെ കോലത്തിരിയോ അദ്ദേഹത്തിന്റെ പ്രജകളോ ഇയാളെ സഹായിച്ചില്ല. ഇക്കാലത്തായിരുന്നു ശപിക്കപ്പെട്ട പോർച്ചുഗീസുകാർ ക്രോധത്തോടെ ആദിരാജയുടെ ദ്വീപുകൾ[1] ആക്രമിച്ചത്. പോർച്ചുഗീസുകാർ അമീനിദ്വീപിലേക്കു പോവുകയും അവിടുത്തെ നിവാസികളെ കൊല്ലുകയും നാനൂറിലധികം സ്ത്രീപുരുഷന്മാരെ പിടിക്കപ്പെടുകയും വിലപ്പെട്ടതെല്ലാം നശിപ്പിക്കുകയും വീടുകളും പള്ളികളും കത്തിക്കുകയും ചെയ്തു. അമീനി ഒഴിയുംമുമ്പ് അവർ ഷെയ്താൽകം ആക്രമിച്ച് ധാരാളം പേരെ കൊല്ലുകയും പിടിക്കുകയും ചെയ്തു.

ഈ ദ്വീപുകളിലെ ജനങ്ങൾക്ക് ആയുധം ഉപയോഗിക്കുവാനോ യുദ്ധം ചെയ്യാനോ അറിയില്ലായിരുന്നു. ഇത് വകവെക്കാതെ ധാരാളം ആളുകൾ ശത്രുവിനെതിരെ യുദ്ധം ചെയ്യുകയും രക്തസാക്ഷികളാകുകയും ചെയ്തു. അവരിൽ ശ്രദ്ധിക്കപ്പെടേണ്ട ഒരു ഖാസിയും ഭക്തയായ ഒരു സ്ത്രീയുമുണ്ടായിരുന്നു. ഖാസി മുതിർന്ന ഒരു വ്യക്തിയും സദ്ഗുണ സമ്പന്നനും ഭക്തനുമായിരുന്നു. ദ്വീപിലെ ജനങ്ങൾക്ക് ആയുധങ്ങളില്ലാത്തതിനാൽ അവരുടെ മതവിശ്വാസം മാത്രം കൈമുതലാക്കിക്കൊണ്ട് അവർ പോരാടി രക്തസാക്ഷികളായി. അവർ ജീവൻ വെടിയും വരെ കല്ലും മണ്ണും വടികളും കൊണ്ട് പോർച്ചുഗീസുകാരെ നേരിടുകയും വലിയ ആഘാതങ്ങൾ

ഏല്പിക്കുകയും ചെയ്തു. അല്ലാഹു അവരിൽ അന്തമായ കനിവ് ചൊരിയട്ടെ.

മലബാർ തീരത്ത് ദ്വീപുകൾ ധാരാളമാണെങ്കിലും നഗരസമാനമായ അഞ്ചെണ്ണമേയുള്ളു. അമീനി, കർദ്വീപ്, ആന്തൂർ, കൽപ്പേനി, മൽകി എന്നിവയാണവ. ഈ ദ്വീപുകളിൽ ജനവാസം കൂടിയവ അക്തി, കാഞ്ചമഞ്ഞല, കൽതാൻ, ഷെയ്തലകം എന്നിവയാണ്.

അപ്പോൾ അല്ലാഹു (എല്ലാ യശസ്സും അവനു മാത്രം) അവന്റെ ദാസന്മാരെ പരീക്ഷണത്തിനു വിധേയമാക്കാൻ ആഗ്രഹിച്ചുകൊണ്ട് പോർച്ചുഗീസുകാർക്ക് മലബാറിലെ തീരദേശ പട്ടണങ്ങളായ ഗുജറാത്ത്, കൊങ്കൻ, തുടങ്ങിയ സ്ഥലങ്ങളിൽ അവരുടെ അധികാരം സ്ഥാപിക്കാനായി. മിക്ക പട്ടണങ്ങളും അവരുടെ നിയന്ത്രണത്തിലാവുകയും കച്ചവടസ്ഥാപനങ്ങൾ നിലവിൽ വരികയും ചെയ്തു.

ഹോർമുബ്, മസ്കത്ത്, ദീപ്മഹൽ (മാലദ്വീപുകൾ), ഷാംതറ (സുമാത്ര), മലാക്ക, മലൂകു (മെളുക്കാസ്), മൈലാപൂർ, നക്ഫതൻ, ചോളമണ്ഡലത്തിലെ മറ്റു തീരദേശ പട്ടണങ്ങൾ, സിലോണിലെ പല തീരപട്ടണങ്ങൾ തുടങ്ങിയവയിലെല്ലാം അവർ കോട്ടകൾ കെട്ടി. കൂടാതെ അവർ ചൈന വരെ എത്തിപ്പെട്ടു. ഇവിടങ്ങളിലെല്ലാം അവരുടെ വാണിജ്യം അഭിവൃദ്ധിപ്പെടുകയും മുസ്ലീം കച്ചവടക്കാർ ക്ഷയിക്കുകയും പോർച്ചുഗീസുകാരുടെ അടിമകളാവുകയും ചെയ്തു. മുസ്ലീം വണിക്കുകളെ പോർച്ചുഗീസുകാർക്ക് വലിയ താത്പര്യമില്ലാത്ത ചരക്കുകളിൽ മാത്രം കച്ചവടം ചെയ്യാൻ അനുവദിച്ചു. പോർച്ചുഗീസുകാർക്ക് താത്പര്യമുള്ള വസ്തുക്കളെല്ലാം വൻലാഭം കൊയ്യുന്നവയായിരുന്നു. അത്തരം ചരക്കുകളെ അവർ കുത്തകയാക്കിയതോടൊപ്പം മറ്റുള്ളവർക്ക് അവരുടെ അധികാരത്തിൽ ഒരു തരത്തിലും ഇടപെടാൻ പറ്റുന്നതും ആക്കിയില്ല. കുരുമുളകിലും ഇഞ്ചിയിലും തുടങ്ങിയ കുത്തക കറുവപ്പട്ട, ഗ്രാമ്പു തുടങ്ങിയ സുഗന്ധദ്രവ്യങ്ങളിലേക്ക് വ്യാപിപ്പിച്ചു കൊണ്ട് വൻ ലാഭം കൊയ്തു. ഇത്തരം വസ്തുക്കളിൽ കച്ചവടം ചെയ്യാൻ മുസ്ലീങ്ങളെ അനുവദിച്ചില്ലെന്നതു മാത്രമല്ല വാണിജ്യാവശ്യ സമുദ്രയാത്രകൾ അവർക്കു നിഷേധിക്കുകയും ചെയ്തു. അറേബ്യൻ തീരത്തെ മലാക്ക, ആഷി, ദനശ്രീ തുടങ്ങിയ പ്രദേശങ്ങളിൽ അവരെ വിലക്കി. മലബാറിൽ മുസ്ലീങ്ങൾക്കു വേണ്ടി ഒന്നും ബാക്കി വെച്ചില്ല. അവരുടെ വാണിജ്യം അടക്ക, തേങ്ങ, വസ്ത്രങ്ങൾ എന്നിവയിലൊതുങ്ങി. അവരുടെ സമുദ്രയാത്ര ഗുജറാത്ത്, കൊങ്കൻ, ചോളമണ്ഡലം, കൊയിൽ തുടങ്ങിയ സ്ഥലങ്ങളിൽ മാത്രമൊതുങ്ങി. മലബാർ, ഗോവ, അറേബ്യൻ തീരങ്ങൾ എന്നിവിടങ്ങളിലേക്ക് ഇറക്കുമതി ചെയ്ത അരി ഹനൂർ, ബസലൂർ, മഞ്ചലൂർ തുടങ്ങിയവിടങ്ങളിൽ നിന്നായിരുന്നു. അവിടങ്ങളിലെല്ലാം കോട്ട കെട്ടി പോർച്ചുഗീസു

കാർ തടസ്സപ്പെടുത്തി. ഭൂമിയിലെ എല്ലായിടങ്ങളിൽ നിന്നും വാണിജ്യവസ്തുക്കൾ ഇറക്കുമതി ചെയ്ത് സംഭരിക്കുകയും എല്ലായിടങ്ങളിലും ഇത് ശക്തിപ്പെടുത്തുകയും ചെയ്തു.

തീരപട്ടണങ്ങളിലെ രാജാക്കന്മാർ പോർച്ചുഗീസുകാർക്ക് പൂർണ്ണമായി അടിമപ്പെടുകയും അവിടങ്ങളിൽ അവരുടെ അധീശത്വം ഉറപ്പിക്കുകയും ചെയ്തു. പോർച്ചുഗീസുകാരുടെ അനുമതിയോ സുരക്ഷയോ ഇല്ലാതെ മുസ്ലീംങ്ങൾക്ക് സമുദ്രസഞ്ചാരം സാദ്ധ്യമായിരുന്നില്ല. ഇപ്രകാരം പോർച്ചുഗീസുകാർക്ക് ധാരാളം കച്ചവടവും കൂടുതൽ കപ്പലുകളും സ്വന്തമാക്കുവാൻ കഴിഞ്ഞു. മറിച്ച് മുസ്ലീങ്ങൾക്ക് സമുദ്രസഞ്ചാരമില്ലെന്നു മാത്രമല്ല ഉള്ളവ പോർച്ചുഗീസ് കപ്പലുകൾ വഴി മാത്രമുള്ളതായിരുന്നു.

പോർച്ചുഗീസുകാർ നിർമ്മിച്ച കോട്ടകൾ ആക്രമിക്കുവാൻ ആരും മുതിർന്നില്ല; അവർക്കെതിരെ പരിശുദ്ധ യുദ്ധങ്ങൾ നയിച്ച സുൽത്താൻ ആലിആദിൽഷാ ഒഴിച്ച്. സുൽത്താൻ ഷാംതറ (സുമാത്ര)യും ജലത്തയും ആക്രമിച്ച് മുസ്ലീം സ്വാധീന മേഖലയാക്കി. മുസ്ലീംകൾക്ക് ചെയ്ത ഈ സേവനത്തിന് അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകട്ടെ. പോർച്ചുഗീസുകാരുടെ കൈവശമുള്ള രണ്ടു കോട്ടകളായ കോഴിക്കോടും ചാലിയവും അവരിൽ നിന്നും പിടിച്ചെടുത്തത് മറ്റൊരു രാജാവായ കോഴിക്കോട്ടെ സാമൂതിരിയായിരുന്നു. തന്റെ രാജ്യത്ത് പോർച്ചുഗീസുകാർ നിർമ്മിച്ച കോട്ടകൾ പിടിച്ചടക്കി മൂന്നാമൻ സിലോണിലെ ഭരണാധികാരിയായിരുന്നുവെങ്കിലും അത് നിലനിർത്താൻ അദ്ദേഹത്തിനായില്ല.

ആരംഭത്തിൽ തങ്ങളുടെ സുരക്ഷയിലുള്ളവരോടും അനുമതിപത്രം വാങ്ങിയവരോടും പോർച്ചുഗീസുകാർ പരിഗണന കാണിച്ചു. അവരിൽ നിന്ന് അനുമതി പത്രം തേടിയവരെയും കപ്പലുടമകളേയും അവർ ഉപദ്രവിച്ചില്ല. പക്ഷെ ഹിജറ 960 (1558 എ.ഡി) മുതൽ അവർ അനുമതി പത്രങ്ങൾ യാത്രാമസമയം മാത്രം കൊടുത്തു. കപ്പലുകൾ അവർക്ക് പറ്റാവുന്നത് ഏറ്റെടുക്കുകയും വസ്തുക്കൾ കൈക്കലാക്കുകയും ചെയ്തു. മുസ്ലീമിങ്ങളെയും മറ്റുള്ളവരെയും വളരെ ക്രൂരമായി കൊല്ലുകയും അറവ് ചെയ്യുകയും കയറുപയോഗിച്ച് കടലിൽ താഴ്ത്തുകയും ചെയ്തു.

1562 എ.ഡി - ഹിജ്റ 970-ലോ അതിന്നു മുമ്പോ അവർ ഗോവ പിടിച്ചെടുക്കുകയും അബിസീനിയക്കാരായ മുസ്ലീം വണിക്കുകളെ ആക്രമിച്ച് ക്രിസ്തുമതം സ്വീകരിക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. നിർബന്ധത്തിനു വഴങ്ങി ധാരാളം പേർ ക്രിസ്തുമതം വിശ്വസിച്ചു. കഴിയാവുന്നതെല്ലാം കൈക്കലാക്കി പോർച്ചുഗീസുകാർ തിരോധാനം ചെയ്തപ്പോൾ അവർ അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടു ഇസ്ലാമിലേക്കു തിരിച്ചു വന്നു. പക്ഷെ ക്രിസ്തുമതം സ്വീകരിക്കുവാൻ വിമുഖത കാണിച്ച ഒരു അബിസീനിയൻ സ്ത്രീയെ അവർ വധിച്ചു.

ഭാഗം-12

സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിലുള്ള എതിർപ്പിന്റെ കാരണവും പോർച്ചുഗീസുകാരുടെ പിന്മാറ്റത്തിന്റെ ആരംഭവും

മുസ്ലീമിങ്ങളുടെ ശക്തി ക്ഷയിക്കുകയും അവരുടെ എല്ലായിടത്തെയും സമുദ്ര വാണിജ്യം പോർച്ചുഗീസുകാരുടെ കനപ്പെട്ട പ്രവർത്തനങ്ങളാൽ നിലച്ചു പോവുകയും ചെയ്തു. അപ്പോൾ വളർപ്പട്ടണം, തിക്കോടി, പന്തലായിനി, മറ്റു ചില പ്രദേശങ്ങൾ എന്നിവിടങ്ങളിലെ മുസ്ലീമിങ്ങൾ സ്വയം സംഘടിക്കുയും പോർച്ചുഗീസുകാരുടെ ലൈസൻസ് അഥവാ അനുവാദം വാങ്ങാതെ വാണിജ്യവസ്തുക്കൾ കയറ്റിയ ബോട്ടുകളിൽ യുദ്ധത്തിന്നു തയ്യാറായ വിധം ആയുധങ്ങളും വെടിമരുന്നും നിറച്ച് കടലിൽ സഞ്ചരിക്കുകയും ചെയ്തു. അവർ വേഗത്തിൽ പോർച്ചുഗീസുകാരുമായി ഏറ്റുമുട്ടുകയും തുടർന്നു നടന്ന യുദ്ധത്തിൽ പോർച്ചുഗീസ് കപ്പലുകളും ബോട്ടുകളും പിടിച്ചെടുക്കുകയും ചെയ്തു. ഇതു കോഴിക്കോട്ടെ സാമൂതിരിയുടെ പ്രജകളെ ഇളക്കി വിടുകയും പൊന്നാനി, പുത്തനങ്ങാടി, കക്കാട് എന്നിവിടങ്ങളിലെ പലരും പോർച്ചുഗീസു കപ്പലുകളും ബോട്ടുകളും പിടിച്ചെടുക്കുകയും ധാരാളം പോർച്ചുഗീസുകാരെ തടവുകാരാക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിലൂടെ പോർച്ചുഗീസുകാരുടെ ധാരാളം സമ്പത്ത് മുസ്ലീമിങ്ങളുടെ കൈകളിലെത്തി. ഗുജറാത്ത്, കൊങ്കൺ, മറ്റു പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നും അവർ കാഫിർമാർക്ക് അവകാശപ്പെട്ട ധാരാളം കപ്പലുകൾ പിടിച്ചെടുക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളുടെ പരിണതഫലമായി ആക്രമണ ശേഷം പോർച്ചുഗീസുകാർക്ക് വേണ്ടത്ര മുൻകരുതലും അകമ്പടിയായി വേണ്ടത്ര സന്നാഹവുമുള്ള കപ്പലുകളും ഇല്ലാതെ കടലിൽ യാത്ര ചെയ്യാൻ കഴിയാതെ വന്നു.

ഈ സ്ഥിതി ക്രമേണ പോർച്ചുഗീസുകാരെ സാമ്പത്തിക തകർച്ചയിലേക്കു നയിച്ചു. ഇതു മുസ്ലീമിങ്ങൾക്കു അവരുടെ സമ്പത്തു പിടിച്ചടക്കുവാനുള്ള അവസരങ്ങൾ കുറച്ചു. അപ്രകാരം മുസ്ലീമിങ്ങൾ തങ്ങൾക്കിടയിൽ പരസ്പരം കൊള്ള ചെയ്യുന്ന ഒരു സ്ഥിതിയുണ്ടാക്കി. ഇത്തരം ഒരു സ്ഥിതിക്കു കാരണമായി ആരോപിക്കപ്പെട്ടത് ചെറിയ പടക്കപ്പലുകളുടെ ഉടമകളായ മിക്ക മുസ്ലീമിങ്ങളും സമ്പന്നരായിരുന്നില്ലെന്നും പലരും കൂട്ടായി ഉടമസ്ഥരായിരുന്നുവെന്നുമാണ്. അതിനാൽ അവർ കരക്കു മടങ്ങുന്നതിനു മുമ്പ് കടലിലിറക്കിയ പണം കഴിയുന്നത്ര വീണ്ടെടുക്കുവാൻ

നിർബന്ധിതരായി. പോർച്ചുഗീസുകാരിൽ നിന്നും പിടിച്ചടക്കിയത് വേണ്ട ത്രയില്ലെന്നു കണ്ടപ്പോൾ അവർ മുസ്ലീമോ മുസ്ലീമല്ലാത്തതോ ആയ ആരിൽ നിന്നും തങ്ങൾക്കു പിടിച്ചെടുക്കാൻ കഴിയുന്നത്ര പിടിച്ചെടുക്കു ന്നതിൽ സംശയിച്ചിരുന്നില്ല. കടലിലേക്കു യാത്രക്കിറങ്ങുന്നതിനു മുമ്പ് അവർ ഒരു മുസ്ലീമിന്റെ സ്വത്തിൽ കൈവെക്കുകയില്ലെന്നു സത്യം ചെയ്തി രുന്നുവെങ്കിലും പ്രയോഗത്തിൽ അവർ തങ്ങളുടെ കൈകളിൽ വരുന്ന മുസ്ലീമുകൾക്കവകാശപ്പെട്ട സമ്പത്തു പോലും മടക്കി നൽകിയിരുന്നില്ല. അവരുടെ മീതെ ഒരു വിധി പ്രസ്താവിക്കുവാൻ കഴിവുള്ള ഒരു നേതാവ് അവരിലുണ്ടായിരുന്നില്ല. രാജ്യം ഭരിച്ചിരുന്നവർക്ക് കൊള്ള ചെയ്ത സമ്പത്തിന്റെ വിഹിതം ലഭിക്കണം എന്നു മാത്രമാണുണ്ടായിരുന്നത്. വെറും ഉപദേശവും നല്ല അഭിപ്രായവും സ്വയം മന:സാക്ഷിയുള്ളവർക്കും ശുദ്ധ മനസ്കർക്കും മാത്രമേ ഗുണമാവുകയുള്ളു. അത്തരക്കാർ അവ രിൽ ചുരുക്കമായിരുന്നു.

ഹിജ്റ 976 റമദാൻ (1566 എഡി) മാസം മദ്ധ്യത്തിൽ പൊന്നാനി, പന്ത ലായിനി, മറ്റു ചില സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഒരു കൂട്ടം ആൾക്കാർ പന്ത്രണ്ടു കപ്പലുകളിലായി പൊന്നാനിയിൽ നിന്നും പുറപ്പെ ട്ടു. അവർ പൊന്നാനിയിലേക്കു ബംഗാളിൽ നിന്നും അരിയും പഞ്ചസാ രയും കൊണ്ടുവരുന്ന പോർച്ചുഗീസുകാരുടെ ഒരു വലിയ ചരക്കു കപ്പൽ പിടിച്ചെടുക്കുകയും ചെയ്തു.

ഹിജ്റ 976 (1568 എഡി) ജമാദി അൽ ആഖീർ 8 ശനിയാഴ്ച മറ്റൊരു കൂട്ടം ആൾക്കാർ പൊന്നാനി, പന്തലായനി, മറ്റു പ്രദേശങ്ങൾ എന്നിവിട ങ്ങളിൽ നിന്നും പതിനേഴു കപ്പലുകളുമായി പുറപ്പെട്ടു. കുട്ടി പോക്കർ കൂട്ടത്തിലുണ്ടായിരുന്നു[1]. അവർ ചാലിയത്ത് ഒരു വലിയ പോർച്ചുഗീസ് ചരക്കു കപ്പലുമായി മുഖാമുഖം വന്നുചേർന്നു. ആ ചരക്കു ബോട്ട് കൊച്ചി യിൽ നിന്നും വരുന്നതായിരുന്നു. അതിൽ യാത്രക്കാരായി ആയിരത്തോളം പേരുണ്ടായിരുന്നു. പട്ടാളക്കാരും ക്രിസ്തുമതത്തിലേക്കു പുതുതായി മതം മാറിയവരും അടിമകളും ധാരാളം സമ്പത്തും ഉപകരണങ്ങളും എല്ലാമു ണ്ടായിരുന്നു.

അവർക്കിടയിൽ ഒരു ഭയങ്കര യുദ്ധമുണ്ടായി. ഈ ഏറ്റമുട്ടലിനിടയിൽ ചരക്കു കപ്പലിനു തീപിടിച്ചു, പൂർണ്ണമായും കത്തി നശിച്ചു. കുറച്ചു പീര ങ്കികൾ പിടിച്ചെടുക്കുവാൻ മുസ്ലീമിങ്ങൾക്കു കഴിഞ്ഞു. കൂടാതെ അവർക്കു നൂറോളം പട്ടാളക്കാരെയും കുറേ പ്രമുഖരെയും അടിമകളെയും ചില ഭൃത്യരെയും പിടിച്ചെടുക്കുവാൻ കഴിഞ്ഞു. ബാക്കിയുള്ളവർ അഗ്നിയിലോ കടലിലോ നശിച്ചു പോയി. അല്ലാഹുവിന്നു സ്തുതി.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞു ഇതേ മുസ്ലീമിങ്ങളുടെ കൂട്ടം കായൽ പട്ടണത്തേക്കു പുറപ്പെട്ടു. വഴിയിൽ പോർച്ചുഗീസുകാരുടെ 22 കപ്പലു കൾ അവർ പിടിച്ചെടുത്തു. ഈ കപ്പലുകൾ കായൽ പട്ടണം, കോറമ

ണ്ടൽ, മറ്റു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിന്നും അരി കയറ്റി വരുന്നവ യായിരുന്നു. അവയിൽ പുതുതായി ക്രിസ്തുമതത്തിലെത്തിയ കുറേപ്പേരും മൂന്നു ചെറിയ ആനകളും ഉണ്ടായിരുന്നു. മുസ്ലീമിങ്ങൾ ഈ മതം മാറ്റ ക്കാരെയും ആനകളേയും പിടിച്ചെടുത്തു പൊന്നാനിപ്പുഴയുടെ തീരത്തു കൊണ്ടു വന്നു.

ഹിജ്റ 978 ജമാദുൽ ആഖിറിൽ (1570 എ.ഡി) കുട്ടിപ്പോക്കർ മംഗലാ പുരം പുഴയിൽ ആറു കപ്പലുകളുമായി പ്രവേശിച്ചു. അയാൾ കരയിലേക്കു നീങ്ങുകയും പോർച്ചുഗീസ് കോട്ടകൾക്ക് മുഴുവൻ തീവെക്കുകയും ഒരു പോർച്ചുഗീസ് കപ്പൽ പിടിച്ചെടുത്ത് സുരക്ഷിതനായി തിരിച്ചെത്തുകയും ചെയ്തു. അയാൾ കണ്ണൂരിലേക്കുള്ള വഴിയിൽ 14 പോർച്ചുഗീസ് കപ്പലു കൾ കണ്ടെത്തി. അവരുമായുള്ള ഏറ്റുമുട്ടലിൽ അയാൾ ശഹീദാവുകയും ചെയ്തു. മൃതദേഹം കണ്ടെത്തുവാൻ കഴിഞ്ഞില്ല. കപ്പലുകളിൽ രണ്ടെണ്ണം മാത്രം രക്ഷ നേടി. അല്ലാഹു അയാളെ അനുഗ്രഹിക്കട്ടെ! പോർച്ചുഗീസു കാരുമായുള്ള യുദ്ധത്തിൽ അയാൾ ആത്മാർത്ഥത വെച്ചു പുലർത്തി.

കണ്ണൂരിലെ പൗരമുഖ്യനായ ആലിആദിരാജ പോർച്ചുഗീസുകാരിൽ നിന്നും മുസ്ലീംകൾ അനുഭവിക്കുന്ന കാഠിന്യവും ദുരിതങ്ങളും നേരിട്ട് മനസ്സിലാക്കി അയാൾ സുൽത്താൽ അലി ആദിൽഷായ്ക്ക് സമ്മാനങ്ങ ളോടെ കത്തുകളയച്ചു. കത്തുകളിൽ മലബാറിലെ പോർച്ചുഗീസുകാരുടെ ആഗമവും ഏകാധിപത്യവും കൊണ്ടനുഭവിക്കുന്ന ദുരിതങ്ങൾ വിവരി ക്കുകയും ഒരു വിശുദ്ധ യുദ്ധത്തിലൂടെ മുസ്ലീംകളെ മോചിപ്പിക്കാനുള്ള ആവശ്യം ചൂണ്ടിക്കാട്ടുകയും ചെയ്തു. ഇന്ത്യയിലെ പോർച്ചുഗീസ് തല സ്ഥാനമായ ഗോവയിലേക്ക് ഒരു സൈന്യത്തെ അയക്കേണ്ടതാണെന്നുള്ള ആശയം സുൽത്താനിൽ അല്ലാഹു ദ്യോതിപ്പിക്കുകയും ചെയ്തു.

ഈ പട്ടണം ഒരു കാലത്ത് സുൽത്താന്റെ പിതാമഹന്റേതായിരുന്നു. വിജയനഗരത്തെ നശിപ്പിക്കുകയും അതിന്റെ ഭരണാധികാരിയെ വധിക്കു കയും ചെയ്തശേഷം അലി ആദിൽഷായും നൈസാം ഷായും തമ്മിൽ ഒരു സന്ധി നടപ്പിലാക്കുകയുണ്ടായി. സന്ധിയുടെ വകുപ്പുകൾ അവർ ഗോവയും ചൗളും കീഴടക്കണമെന്നായിരുന്നു.

പെട്ടന്നു തന്നെ ആദി രാജാവിന്റെ കത്തു കിട്ടിയതോടെ സുൽത്താൽ ആലി ആദിൽഷാ നേരിട്ടു തന്റെ മന്ത്രിമാരോടു കൂടെ ഗോവയിൽ എത്തു കയും പോർച്ചുഗീസുകാർക്കെതിരായി യുദ്ധം ആരംഭിക്കുകയും ചെയ്തു. അവർക്കുള്ള ഭക്ഷ്യ സാമഗ്രികൾ സുൽത്താൻ തടസ്സപ്പെടുത്തി. ഗോവ യിൽ പോർച്ചുഗീസുകാർക്കെതിരായി താൻ ആക്രമണം തുടങ്ങിയതായി അറിയിച്ചു കൊണ്ട് ആദിൽഷാ സാമൂതിരിക്ക് കത്തെഴുതുകയും ചെയ്തു. ഈ യുദ്ധത്തിൽ സാമൂതിരി തന്നെ സഹായിക്കണമെന്നും പോർച്ചുഗീ സുകാർക്കുള്ള ഭക്ഷ്യവസ്തുക്കൾ തടസ്സപ്പെടുത്തണമെന്നും ആവശ്യപ്പെ

ട്ടു. കഴിഞ്ഞ കുറെ വർഷങ്ങളായി സാമൂതിരിയും അയാളുടെ പ്രജകളും പോർച്ചുഗീസുകാർക്കെതിരെ ഒരു തുറന്ന യുദ്ധത്തിലായിരുന്നു. ആദിൽഷായുടെ ദൂതൻ ഈ എഴുത്ത് സാമൂതിരി പോർച്ചുഗീസുകാർക്കെതിരായി ചാലിയത്ത് നടത്തുന്ന സമരമുഖത്താണ് കൈമാറിയത്.

നൈസാംഷായും അദ്ദേഹത്തിന്റെ മന്ത്രിമാരും ചൗളിൽ എത്തുകയും ആതാക്രമിക്കുകയും ചെയ്തു. അവർ വലിയ പീരങ്കികളോടെ കോട്ട തകർത്തു. അത് കീഴടങ്ങാറായപ്പോൾ നൈസാം ഷാ തന്റെ പ്രവർത്തനങ്ങളിൽ ഇളവു വരുത്തി. കാരണം അയാൾ ആദിൽഷായെപ്പറ്റി സംശയാലുവും പോർച്ചുഗിസ് ശക്തിയെപ്പറ്റി വൻ ധാരണയും ഉൾക്കൊണ്ടു. നൈസാംഷാ ആക്രമണം നിർത്തുകയും ശത്രുവുമായി സന്ധിയിലേർപ്പെടുകയും ചെയ്തു.

സുൽത്താൻ ആദിൽഷായെ സംബന്ധിച്ച് ഗോവ ആക്രമിക്കുന്നതിൽ നിന്നുള്ള പരാജയത്തിൽ നിന്നും കുറ്റവിമുക്തനാകേണ്ടിയിരുന്നില്ല. കാരണം അയാളുടെ സൈന്യസങ്കേതം ഗോവയിൽ നിന്ന് വളരെ അകലെയും പട്ടണത്തിനും സങ്കേതത്തിനുമിടയിൽ ഒരു നദിയുണ്ടെന്നുള്ളതുമായിരുന്നു. കൂടാതെ ഗോവയിലെ കോട്ട വളരെ ശക്തമായതിനാൽ സർവ്വശക്തനായ ദൈവത്തിനൊഴിച്ച് മറ്റാരാലും കീഴ്പ്പെടുത്താൻ കഴിയുമായിരുന്നില്ല. ഈ വൈഷമ്യങ്ങൾക്കു പുറമേ ആദിൽഷായുടെ മന്ത്രിമാരിൽ ചിലർ പോർച്ചുഗീസുകാരുമായി കൈകോർക്കുകയും സുൽത്താനെ സ്ഥാനഭ്രഷ്ടനാക്കി പകരം ഗോവയിൽ പോർച്ചുഗീസുകാരോടൊപ്പമുണ്ടായിരുന്ന ബന്ധുക്കളിലൊരാളെ സ്ഥാനത്തിരുത്തുവാൻ അനുവദിക്കുകയും ചെയ്തു. ഈ ചതി മണത്തറിഞ്ഞ ആദിൽഷാ പരിണതഫലങ്ങളെപ്പറ്റി ഭയപ്പെടുകയും സ്വകാര്യമായി തന്നെ സങ്കേതം വിട്ടൊഴിയുകയും ചെയ്തു. അയാൾ ഒരു സുരക്ഷിത സ്ഥാനത്തെത്തിയപ്പോൾ തന്റെ മന്ത്രിമാരെ വരുത്തി അവരെ ഭീഷണിപ്പെടുത്തി തടവിലിടുകയും പദവികളിൽ നിന്നൊഴിവാക്കുകയും ചെയ്തു. ആദിൽഷാ പോർച്ചുഗീസുകാരുമായി ചില പ്രത്യേക കാരണങ്ങളാൽ സന്ധിയിലേർപ്പെട്ടു. എന്നാൽ പോർച്ചുഗീസുകാർ ഈ ഉടമ്പടിക്കിടയിൽ പട്ടണം സുരക്ഷിതമാക്കുകയും പുറത്തു നിന്നും ആർക്കും കടന്നുവരാനാവാത്തവിധം ശക്തമാക്കുകയും ചെയ്തു. സർവ്വശക്തനും സർവ്വജ്ഞനുമായ അല്ലാഹുവിന്റെ നിശ്ചയം ഇതായിരുന്നു. നൈസാംഷായും അദ്ദേഹത്തിന്റെ മന്ത്രിമാരും ആദിൽഷായുടെ ചില മന്ത്രിമാരും സുൽത്താനോടു വഞ്ചനാപൂർവ്വം പെരുമാറിയ കാര്യവും നിരീക്ഷിക്കേണ്ടതുണ്ട്. ഇസ്ലാമിന്റെ ശത്രുക്കളായ പോർച്ചുഗീസുകാരിൽ നിന്ന് അവർ കൈക്കൂലി വാങ്ങുകയും അവർക്കു ഭക്ഷണസാമഗ്രികൾ എത്തിക്കുകയും ചെയ്തു. അല്ലാഹു അവരുടെ ദുഷ്ചെയ്തികൾക്ക് തക്കതായ പ്രതിഫലം നൽകട്ടെ.

ഭാഗം-13

ചാലിയം യുദ്ധവും കീഴടക്കലും

1571 എ.ഡി :

ഗോവയിലേക്ക് മുസ്ലീം ആക്രമണം നടക്കുന്ന സന്ദർഭമായതിനാലും പോർച്ചുഗീസുകാരുടെ അതിക്രമങ്ങൾ അസഹനീയമായി തുടരുന്നതിനാലും അവർക്കെതിരായ യുദ്ധത്തിന് മുസ്ലീംകളുടെ ഭാഗത്തു നിന്ന് ശക്തമായ ആവശ്യം ഉയരുകയും ചെയ്തതിനാൽ സാമൂതിരി ചാലിയം കോട്ട ആക്രമിക്കുവാനുള്ള തീരുമാനത്തിലുറച്ചു നിന്നു. എങ്കിലും മുസ്ലീമിങ്ങൾക്ക് ആവശ്യമായ കപ്പലുകൾ അയക്കുവാനും സഹായം ചെയ്യുവാനും കഴിഞ്ഞില്ല. പൊന്നാനിയിൽ നിന്നും ചാലിയത്തു നിന്നും സഹായത്തിനെത്തിയവരെ നയിക്കുവാൻ സാമൂതിരി തന്റെ മന്ത്രിമാരെ നിയമിച്ചു. വഴിയിൽ വെച്ച് ഇവരോടൊപ്പം പറവണ്ണ, താനൂർ, പരപ്പനങ്ങാടി എന്നീ പ്രദേശങ്ങളിൽ നിന്നുള്ളവരും കൂടിച്ചേർന്നു. ഈ മുസ്ലീമിങ്ങളെല്ലാം ഹിജറ 979 സഫർ 24 നോ 25 നോ രാത്രി ചാലിയത്തേക്ക് പ്രവേശിച്ചു. മുസ്ലീമിങ്ങൾക്കും പോർച്ചുഗീസുകാർക്കുമിടയിലുള്ള യുദ്ധം രാവിലെ ആരംഭിച്ചു. കോട്ടക്കു പുറത്തുള്ള ശത്രുക്കളുടെ വീടുകളും പള്ളികളും മണ്ണുകൊണ്ടുള്ള കോട്ടകളും അഗ്നിക്കിരയാക്കുകയും പൊളിച്ചു മാറ്റുകയും ചെയ്തു. മുസ്ലീമിങ്ങളുടെ ഭാഗത്ത് മൂന്നുപേർ മാത്രം രക്തസാക്ഷികളായി. പോർച്ചുഗീസുകാരുടെ പക്ഷം ധാരാളം പേർ മരിച്ചു. കല്ലുകൊണ്ടു നിർമ്മിച്ച ദൃഢമായ കോട്ടയിൽ ശത്രുക്കൾ അഭയം തേടുകയും അവിടെ വാസമുറപ്പിക്കുകയും ചെയ്തു. മുസ്ലീംകളും സാമൂതിരിയുടെ നായർ പടയാളികളും അവരെ ആക്രമിച്ചു. ഈ പരിശുദ്ധയുദ്ധത്തിൽ പങ്കെടുക്കാൻ ധാരാളം ആളുകൾ കൂട്ടം കൂട്ടമായി പല നഗരങ്ങളിൽ നിന്നും എത്തിച്ചേർന്നു. അവർ കോട്ടക്കു ചുറ്റും കിടങ്ങുകൾ കുഴിക്കുകയും അവിടെ എല്ലായ്പ്പോഴും കാവലിരിക്കുകയും ചെയ്തു. രഹസ്യമായി പോർച്ചുഗീസുകാർക്ക് ഭക്ഷണം കിട്ടുവാൻ അവസരം ലഭിച്ചില്ല. ഈ യുദ്ധത്തിൽ സാമൂതിരി വൻതുക ചെലവാക്കി. യുദ്ധം തുടങ്ങി രണ്ടുമാസം കഴിഞ്ഞപ്പോൾ പൊന്നാനിയിൽ നിന്ന് സാമൂതിരി അവിടെയെത്തി. കോട്ടയുടെ ചുറ്റും നിരീക്ഷകർ എല്ലായ്പ്പോഴും നിരീക്ഷണം നടത്തിയിരുന്നതിനാൽ ഉപരോധം ചെയ്യപ്പെട്ടവർക്ക് പുതുതായി ഭക്ഷ്യസാമഗ്രികൾ ലഭിച്ചില്ല. കോട്ടക്കുള്ളിലെ എല്ലാ ഭക്ഷ്യസാമഗ്രികളും തീർന്നു പോയതിനാൽ അവർ ചെറുജീവികളെയും നായകളെയും തിന്നൊടുക്കി. എല്ലാ ദിവസവും സേവകരും പുരുഷന്മാരും സ്ത്രീകളും ക്രിസ്തുമതം സ്വീകരിച്ചവരും ഭക്ഷ്യ ദൗർബല്യത്താൽ അനുവാദം വാങ്ങിക്കൊണ്ട് കോട്ടക്കു പുറത്തുവന്നു.

കൊച്ചിയിൽ നിന്നും കണ്ണൂരുനിന്നും പോർച്ചുഗീസുകാർ ചാലിയത്തെ ഉപരോധിതർക്ക് ഭക്ഷണസാമഗ്രികൾ അയച്ചു കൊടുത്തിരുന്നുവെങ്കിലും ശത്രുക്കളിൽ നിന്നും അവ രക്ഷിച്ച് വിതരണം ചെയ്യുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തിയിട്ടും അവർക്ക് ലഭിച്ചിരുന്നില്ല. ഉപരോധം നടക്കുമ്പോൾ പോർച്ചുഗീസുകാർ സാമൂതിരിയുടെ മുമ്പാകെ ദൂതന്മാരെ അയക്കുകയും കോട്ടയിൽ സൂക്ഷിച്ച വലിയ പീരങ്കികൾ വിട്ടു കൊടുക്കാമെന്നും യുദ്ധത്തിനു ചെലവായ പണം പൂർണ്ണമായും വഹിച്ചുകൊള്ളാമെന്നും അറിയിച്ചിരുന്നു. സാമൂതിരിയുടെ മന്ത്രിമാർക്ക് ഈ വാഗ്ദാനം സ്വീകാര്യമായിരുന്നെങ്കിലും സാമൂതിരി അനുകൂലിച്ചില്ല. ഭക്ഷണമില്ലാതെ പോർച്ചുഗീസുകാർ വലിയൊരു വിഷമാവസ്ഥയിലായിരുന്നപ്പോഴും സമാധാനം നടപ്പിലാക്കാനുള്ള വഴിയൊന്നും കണ്ടെത്താതിരുന്നതിനാലും അവർ കോട്ടയും കോട്ടക്കുള്ളിലെ മുഴുവൻ സാമഗ്രികളും പിഴ കൊടുത്തു കീഴടങ്ങാമെന്നും ദൂതർ മുഖേന അറിയിച്ചു. എന്നാൽ അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകണമെന്നും കയ്യിൽ കൊള്ളുന്ന വസ്തുക്കൾ കൊണ്ടു പോകുന്നതാണെന്നും അറിയിച്ചിരുന്നു. ഹിജറ 979 ജമാദുൽ ആഖിൽ 16 (1571 എ.ഡി) തിങ്കളാഴ്ച അർദ്ധരാത്രി അവരെ സുരക്ഷിതരായി കോട്ടയിൽ നിന്നും പോകുവാൻ അനുവദിച്ചു. അവരെ പ്രോത്സാഹിപ്പിച്ച താനൂർ രാജാവടക്കം ദയനീയമായി പറഞ്ഞയക്കപ്പെട്ടു. അയാൾ ഉള്ളിൽ പോർച്ചുഗീസുകാർക്കൊപ്പവും പുറത്തു സാമൂതിരിയുടെ സുഹൃത്തെന്നും ഭാവിച്ചിരുന്നു. താനൂർ രാജാവ് അവർക്ക് വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊടുത്ത് താനൂർക്ക് പോയി. അതിനു ശേഷം പോർച്ചുഗീസു കപ്പലുകൾ കൊച്ചിയിൽ നിന്നും അവിടെയെത്തി. താനൂർ രാജാവ് അവരെ സഹായിക്കുകയും വിചാരിച്ചതു പോലെ അവരോട് നല്ല പോലെ വർത്തിക്കുകയും ചെയ്തു. അത്യന്തം തകർച്ച അനുഭവിച്ചാണ് പോർച്ചുഗീസുകാർ കൊച്ചിയിലെത്തിയത്.

കോട്ടയിൽ കണ്ട പീരങ്കികളും മറ്റു സാമഗ്രികളും സാമൂതിരി കൈവശപ്പെടുത്തി കോട്ട തട്ടിനിരപ്പാക്കി കല്ലും മണ്ണും മാറ്റി അതിനെ സമതലമാക്കി. കല്ലിന്റെയും മരത്തിന്റെയും വലിയൊരു ഭാഗം അയാൾ കോഴിക്കോട് കെട്ടിടമുണ്ടാക്കാൻ കടത്തിക്കൊണ്ടുപോയി. ഈ കോട്ട കെട്ടിയ പോർച്ചുഗീസുകാർ നശിപ്പിച്ചിരുന്ന ജുമാ അത്തു പള്ളി പഴയ സ്ഥാനത്തു വീണ്ടും കെട്ടിപ്പടുക്കുവാൻ കുറേ സാമഗ്രികൾ വിട്ടു കൊടുത്തു. യുദ്ധാരംഭത്തിൽ ചാലിയം രാജാവുമായി നടത്തിയ കരാറുപ്രകാരം കോട്ട നിന്നിരുന്ന സ്ഥലവും ചുറ്റുപാടും അയാൾക്ക് വിട്ടുകൊടുക്കുകയും ചെയ്തു.

സാമൂതിരി കോട്ടയും അതിലെ സാമഗ്രികളും കയ്യടക്കി കഴിഞ്ഞപ്പോൾ ഗോവയിൽ നിന്നും കപ്പലുകൾ വഴി പോർച്ചുഗീസുകാരെ ശക്തിപ്പെടു

ത്തുവാനായി കപ്പലുകളും പത്തേമാരികളും എത്തിച്ചേർന്നു. എന്നാൽ നിരാശയോടെ മടങ്ങുവാനായിരുന്നു അവരുടെ വിധി. ഇതെല്ലാം സംഭവിച്ചത് അല്ലാഹുവിന്റെ നിശ്ചയവും സഹായവും കൊണ്ടും മുസ്ലീമിങ്ങളോടുള്ള അവന്റെ കാരുണ്യവും കൊണ്ടുമാണ്.

ഭാഗം-14

ചാലിയം നഷ്ടപ്പെട്ട ശേഷം പോർച്ചുഗീസുകാരുടെ വിധി

അറിഞ്ഞാലും! തങ്ങളുടെ ചാലിയം കോട്ട നഷ്ടപ്പെട്ട ശേഷം അധിശക്തരായ പോർച്ചുഗീസുകാർ ഹിംസാത്മകമായ ക്രോധത്തിലായിരുന്നു. അവർ സാമൂതിരിയോടും മുസ്ലീമിങ്ങളോടും കഠിനമായ വിദ്വേഷം പുലർത്തുകയും സാമൂതിരിയുടെ പട്ടണങ്ങൾ നശിപ്പിക്കുവാൻ അവസരം കാത്തിരിക്കുകയുമായിരുന്നു. പൊന്നാനിയിലോ ചാലിയത്തോ കോട്ടകൾ കെട്ടുവാനും പ്രതികാരമായി മുസ്ലീമിങ്ങളെയോ സാമൂതിരിയേയോ ഭീഷണിപ്പെടുത്തുവാനും ചാലിയം കോട്ടയുടെ പേരിൽ പകരം വീട്ടുവാനും അവർ കാത്തിരിക്കുകയായിരുന്നു. എന്നാൽ ഹിജ്റ 987 വരെ (1580 എ.ഡി) അല്ലാഹു ഈ ലക്ഷ്യം നേടുവാൻ എളുപ്പം അനുവദിച്ചിരുന്നില്ല.

1573 എ.ഡി: ഹിജറ 980 ശവ്വാൽ 22-ന് അവർ ചാലിയത്തേക്കിറങ്ങുകയും പല വീടുകളും

അങ്ങാടികളും തീവെക്കുകയും ചെയ്തു. പിറ്റേവർഷം അവർ പരപ്പനങ്ങാടിയിൽ പെട്ടന്നൊരാക്രമണം നടത്തുകയും ഈ ആക്രമണത്തിൽ നാലു മുസ്ലീമിങ്ങൾ ശഹീദുകളാകുകയും ശത്രുപക്ഷത്ത് വളരെപ്പേർ മരിച്ചു വീഴുകയും ചെയ്തു. സാമൂതിരി ചാലിയം കോട്ട പിടിച്ചെടുത്തതിനു ശേഷം അയാളുമായി സമാധാനത്തിലെത്തുവാൻ പോർച്ചുഗീസുകാർ തയ്യാറായിരുന്നില്ല. പകരം അയാളോടും മുസ്ലീമിങ്ങളോടും വിദ്വേഷം പുലർത്തുകയും പകരം അവരെ ആക്രമിക്കുവാൻ ഒരവസരത്തിനായി കാത്തിരിക്കുകയും ചെയ്യുകയായിരുന്നു.

1577 എ.ഡി: അതിനു ശേഷം ഹിജറ 985-ൽ പോർച്ചുഗീസുകാർ താനൂരിലേക്ക് അരി കൊണ്ടു പോവുകയായിരുന്ന മുസ്ലീമിങ്ങളുടെ ചെറുതും വലുതുമായ അമ്പത് പത്തേമാരികൾ പിടിച്ചെടുത്തു. മുസ്ലീമിങ്ങൾ വൻതോതിൽ രക്തസാക്ഷികളായി. ഏകദേശം 3000 മുസ്ലീമിങ്ങളും അവരുടെ സഹായികളായ ഹലീഷ്യക്കാരും തടവുകാരായി. ഈ പരാജയം മുസ്ലീമിങ്ങളുടെ വാണിജ്യപുരോഗതിയെ തകിടം മിറച്ചു. സർവ്വശക്തനും

സർവ്വജ്ഞനുമായ അല്ലാഹുവിന്റെ വിധി അതായിരുന്നു. അവനല്ലാതെ മറ്റാരും തന്നെ ഇതിന്റെ പൊരുളറിയുന്നില്ല. എന്നാൽ അല്ലാഹുവിന്റെ വഴിയിൽ യുദ്ധം ചെയ്യുന്നവന് മഹത്തായ പാരിതോഷികമുണ്ട്. അവൻ രക്തസാക്ഷിത്വം വരിക്കുകയും ക്ഷമയോടെ എല്ലാ ദുരതങ്ങളും അനുഭവിക്കുകയും ചെയ്യുന്നു. അല്ലാഹു (എല്ലാ സ്തുതികളും അവനു മാത്രം) ഇതിനെല്ലാം ഒരു വഴി കാണുമെന്നും അവരുടെ ഉദ്യമത്തിൽ ഉറച്ചു നിൽക്കുവാൻ ശക്തി പകരട്ടെയെന്നും പ്രത്യാശിക്കുകയും ചെയ്യുന്നു. അല്ലാഹുവാണ് എല്ലാറ്റിനും സന്തോഷവും ആശ്വാസവും പ്രദാനം ചെയ്യുന്നത്. കാരണം അവൻ പറഞ്ഞിട്ടുണ്ട് :

"ഒരു ബുദ്ധിമുട്ടിനു ശേഷം അല്ലാഹു ആശ്വാസം തരും"

"നിശ്ചയമായും ഓരോ കഷ്ടപ്പാടുകൾക്കൊപ്പവും ഒരു സമാശ്വാസമുണ്ട്" (94 :5-6)

അതേവർഷം "മൗസിം" തുടക്കത്തോടെ സൂറത്തിലേക്കു പോകുന്ന കുറേ കപ്പലുകൾ പോർച്ചുഗീസുകാർ പിടിച്ചെടുത്തു. അക്കൂട്ടത്തിൽ ധാരാളം വിലപിടിച്ച വസ്തുക്കളുള്ള സുൽത്താൻ ജലാലുദ്ദീൻ ബാദുഷായുടെ കപ്പലുകളുമുണ്ടായിരുന്നു. പോർച്ചുഗീസുകാരുടെ ഈ തെമ്മാടിത്തം സുൽത്താനും അവർക്കുമിടയിൽ വലിയ വിദ്വേഷമുണ്ടാക്കി. ഈ കൊള്ളയിൽ നിന്നും അവർ വലിയൊരു ലാഭം പ്രതീക്ഷിച്ചിരുന്നതിനാൽ സമാധാനത്തിനു വേണ്ടി വസ്തുക്കൾ മടക്കിക്കൊടുത്തില്ല. അല്ലാഹു (എല്ലാ സ്തുതിയും അവനു തന്നെ) സുൽത്താൻ ജലാലുദ്ദീൻ അക്ബറെ പോർച്ചുഗീസുകാർക്കെതിരായ ഒരു യുദ്ധത്തിനു സന്നദ്ധമാക്കുമെന്നും അയാൾ അവരെ ദിയു, ഗുജറാത്ത്, ദാമൻ, വാസ്സ് തുടങ്ങിയ തുറമുഖങ്ങളിൽ നിന്നും പുറത്താക്കുമെന്നും ഈ വിധത്തിൽ അവരുടെ അധീനതയിൽ നിന്നുള്ള എല്ലാ തുറമുഖങ്ങളിൽ നിന്നും ഈ കടൽക്കൊള്ളക്കാരെ പുറത്താക്കുമെന്നും നാം ആശിക്കുന്നു. നിശ്ചയമായും അല്ലാഹു സർവ്വ ശക്തനും അക്രമികളെ നേരിടാൻ വളരെ പ്രാപ്തനുമാണ്.

പത്തേമാരികളുടെ ഉടമകളായ ചില മുസ്ലീമിങ്ങൾ ആദിലാബാദ് തുറമുഖത്തേക്കൊഴുകുന്ന പുഴയിലേക്ക് സഞ്ചരിക്കുകയുണ്ടായി. അവരെ പിടികൂടുവാനായി ചില പോർച്ചുഗീസുകാർ അവരുടെ പിന്നാലെ പുറപ്പെട്ടു. ആ പത്തേമാരികളെ പിടികൂടുവാൻ കഴിയാതെ വന്നപ്പോൾ പോർച്ചുഗീസുകാർ അവിടെ നങ്കൂരമിട്ട എല്ലാ കപ്പലുകളെയും നശിപ്പിക്കുവാനുള്ള ലക്ഷ്യത്തോടെ തുറമുഖത്തിനു തീയിട്ടു. എന്നാൽ അവിടെ നങ്കൂരമിട്ട കപ്പലുകളിൽ ചിലത് ധർമ്മപട്ടണം, കണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിലെ നിവാസികളുടേതും മറ്റു സ്ഥലങ്ങളിലേയും പോർച്ചുഗീസ് യാത്രാനുമതിപത്രങ്ങൾ നേടിയവയായിരുന്നു. പിന്നീടവർ ഖറാഫത്തൻ തുറമുഖം നശിപ്പിച്ചു. ഇക്കാരണത്താൽ ദാവൂൾ തുറമുഖത്തിന്റെ നായബ് 150

പോർച്ചുഗീസുകാരെയും അവരുടെ മുഖ്യന്മാരെയും വീരസൈനികരുമ ടക്കമുള്ളവരെയും പിടികൂടി. അവരെ അയാൾ വധിക്കുകയും ചിലരെ ആദിൽഷായ്ക്ക് അയച്ചു കൊടുക്കുകയും ചെയ്തു. സുൽത്താൻ ആദിൽഷാ അയാളുടെ ചില മന്ത്രിമാരെയും സൈന്യത്തെയും എല്ലാ സമയവും ഗോവയെ നിരീക്ഷിക്കുവാൻ നിയമിക്കുകയും അപ്രകാരം അവിടുത്തെ നിവാസികൾക്ക് മറ്റു പ്രദേശങ്ങളിൽ നിന്ന് ഭക്ഷ്യധാന്യം വരുന്നത് തടയുകയും ചെയ്തു. ഗോവയിലെ തന്നെ ശത്രുക്കൾക്കെതിരെ ആലി ആദി രാജ, സാമൂതിരി, കോലത്തിരി എന്നിവർക്ക് സഹായമഭ്യർത്ഥിച്ചു കൊണ്ട് സുൽത്താൻ ദൂതന്മാരെ സമ്മാനങ്ങളോടെ നിയോഗിച്ചു. ദൂതൻ തന്റെ സമ്മാനങ്ങളോടൊപ്പം കോട്ടിക്കുളത്തെത്തിയപ്പോൾ അവിടുത്തെ ഭരണാധികാരി അയാളെ തടയുകയും തടവിലാക്കുകയും ചെയ്തു. ഇയാൾ കോലത്തിരിയുടെ മൂന്നാം തലമുറിയിലെ വ്യക്തിയും പോർച്ചുഗീസുകാരുടെ സ്വാധീനത്തിൽ പ്രവർത്തിക്കുന്ന ആളുമായിരുന്നു. എന്നാൽ ദൂതൻ രഹസ്യമായി തടവറയിൽ നിന്നും രക്ഷപ്പെട്ടു. കോട്ടിക്കളം രാജാവ് എല്ലാ സമ്മാനങ്ങളും വസ്തുക്കളും പിടിച്ചെടുക്കുകയും ചെയ്തു. ഇവ മടക്കി കിട്ടുവാൻ കോലത്തിരിയും ആദിരാജാവും കത്തുകളയച്ചെങ്കിലും ഫലമുണ്ടായില്ല. ദൂതൻ രക്ഷപ്പെട്ടിരുന്നില്ലെങ്കിൽ അയാളെയും അനുയായികളെയും പോർച്ചുഗീസുകാർക്ക് കൈമാറുമായിരുന്നു. ഈ സംഭവം നടന്നത് ഹിജ്റ 986-ലായിരുന്നു (1578 എ.ഡി).

1578 എ.ഡി: അതേ വർഷം മലബാറിലെ വിശ്വാസികൾക്കെല്ലാം പ്രധാനപ്പെട്ട കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ സാമൂതിരി എത്തിയപ്പോൾ ചില പോർച്ചുഗീസുകാർ അവിടെയെത്തി അയാളുമായി സന്ധിസംഭാഷണത്തിലേർപ്പെട്ടു. അവർ കോഴിക്കോട് ഒരു കോട്ട കെട്ടണമെന്ന വ്യവസ്ഥയിൽ അയാളതിനു സമ്മതം നൽകുകയും ചെയ്തു. എന്നാൽ പോർച്ചുഗീസുകാർ പൊന്നാനിയിൽ കോട്ട കെട്ടുവാൻ ആവശ്യപ്പെടുകയും സാമൂതിരി അത് നിഷേധിക്കുകയും ചെയ്തു. അപ്പോൾ അയാൾ തന്റെ നിവാസികളിലെ പ്രധാനികളായ മൂന്നുപേരെ സന്ധിവ്യവസ്ഥകൾ ക്കായി പോർച്ചുഗീസുകാർക്കൊപ്പം ഗോവയിലേക്കയക്കുകയും ചെയ്തു. ഇവർ പോർച്ചുഗീസുകാർക്കൊപ്പം ഗോവയിലെത്തി. വലിയ ബഹുമതികളോടെയും ആദരവോടെയും മുഖ്യനായ വൈസ്രോയ് അവരെ സ്വീകരിക്കുകയും ദയാപൂർവ്വം പെരുമാറുകയും ചെയ്തു. ശേഷം അവർ സാമൂതിരിയെ സമീപിക്കുകയും സന്ധിസംഭാഷണങ്ങളിൽ പോർച്ചുഗീസുകാർക്ക് പൊന്നാനിയിൽ കോട്ടകെട്ടണമെന്ന ആവശ്യം പരാജയപ്പെടുകയും ചെയ്തു. ഈ സംഭവം നടന്നത് ഹിജറ 987(1579 എ.ഡി)യിലായിരുന്നു.

1579 എ.ഡി: - ഈ വർഷം ആദിൽഷായും പോർച്ചുഗീസുകാരും തമ്മിൽ സന്ധിയുണ്ടാക്കുകയും അവർ അയാൾക്ക് ഒരു നിശ്ചിത തുക നൽകുകയും ചെയ്തു.

കൊച്ചിരാജാവ് സാമൂതിരിക്കെതിരായി യുദ്ധസന്നാഹങ്ങളിലേർപ്പെട്ടു. കാരണം മേൽപ്പറഞ്ഞ ക്ഷേത്രത്തിൽ നിന്നും അയാൾക്ക് സാമൂതിരിയെ പുറത്താക്കണമെന്നുണ്ടായിരുന്നു. അയാൾ കുറേ ആളുകളെക്കൂട്ടി സാമൂതിരിക്കെതിരായ യുദ്ധം ചെയ്യാൻ സഹായം അഭ്യർത്ഥിച്ചു കൊണ്ടും ഗോവയിലെ വൈസ്രോയിക്കെഴുതി. ഇതിന്റെ പ്രതികരണമെന്നോണം മുഖ്യൻ ഒരു കൂട്ടം കപ്പലുകൾ അയച്ചു കൊടുത്തു. ഇവയെല്ലാം ഒത്തുചേർന്ന് സാമൂതിരിക്കെതിരായി യുദ്ധം നയിച്ചു. എന്നാൽ അല്ലാഹുവിന്റെ സഹായത്താൽ അയാൾ തന്റെ ചെറിയ സൈന്യത്താലെ പോർച്ചുഗീസുകാരെയും കൊച്ചിയേയും പരാജയപ്പെടുത്തി. സഖ്യസൈന്യത്തിലെ ധാരാളം ആളുകളെ വധിക്കുവാനും ഓടിക്കുവാനും കഴിഞ്ഞു. ചെറിയസൈന്യമാണെങ്കിലും സാമൂതിരിക്കും അനുയായികൾക്കും നാശനഷ്ടങ്ങളുണ്ടായില്ല. അതിനുശേഷം പോർച്ചുഗീസുകാരുടെ കപ്പലുകൾ കൊച്ചിയിൽ നിന്നും മുസ്ലീമിങ്ങളുടെ വാണിജ്യയാത്രയിൽ തടയുവാൻ പുറപ്പെടുകയും അവരുടെ പത്തേമാരികളും കപ്പലുകളും പിടിച്ചെടുക്കുകയും ചെയ്തു. അല്ലാഹു അവരെ ഉപേക്ഷിക്കുകയും ആ ഉപേക്ഷ തുടരുകയും ചെയ്യട്ടെ!

1582-83 എ.ഡി: ഹിജറ 990-ലോ 991-ലോ വർഷകാലാരംഭത്തിൽ പോർച്ചുഗീസുകാർ കോഴിക്കോട്, ജദീദ് തുറമുഖം, കാപ്പാട്, പന്തലായിനി, തിക്കോടി, പൊന്നാനി എന്നിവിടങ്ങളിലെ സാമൂതിരിയുടെ അനുയായികളെ സസൂക്ഷ്മം നിരീക്ഷിച്ചു കൊണ്ടിരുന്നു. ഇതിന്റെ ഫലമായി അവരുടെ വാണിജ്യയാത്രകളും സമീപപട്ടണങ്ങളുമായുള്ള ബന്ധങ്ങളും പൂർണ്ണമായും തടസ്സപ്പെട്ടു. തലൈമന്നാറിൽ നിന്നുള്ള അരിയുടെ ഇറക്കുമതി പൂർണ്ണമായും വിച്ഛേദിക്കപ്പെട്ടു. ഭയാനകമായ ഒരു ക്ഷാമം നേരിട്ടു. അത്തരത്തിൽ ഒരെണ്ണം മുമ്പൊരിക്കലും കണ്ടിട്ടില്ലായിരുന്നു. പോർച്ചുഗീസുകാർ മുൻപു പറഞ്ഞ തുറമുഖങ്ങളെല്ലാം ക്ഷേണം കൊണ്ടുവരുന്നത് തടസ്സപ്പെടുത്തി എന്നതായിരുന്നു ഇതിനു കാരണം. അവർ ഓരോ കപ്പലും പത്തേമാരിയും പിടിച്ചെടുത്തു. മുസ്ലീങ്ങൾ ഖുറാനിലെ താഴെപ്പറയുന്ന വചനങ്ങൾ തുടർച്ചയായി ചൊല്ലുന്നവിധം സാഹചര്യങ്ങൾ പരിമിതപ്പെടുത്തി :

"ദൈവം തമ്പുരാനെ! മർദ്ദകരായ ഈ പട്ടണത്തിലെ നിവാസികളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ! ഞങ്ങളെ സംരക്ഷിക്കാൻ നിന്നിൽ നിന്ന് ഒരാളെ ഉയർത്തേണമേ! നിന്നിൽ നിന്ന് ഞങ്ങളെ സഹായിക്കുവാൻ ഒരുവനെ ഉയർത്തിയാലും!" (ഖുറാൻ 4:13)

പിറ്റേവർഷാരംഭത്തിൽ പോർച്ചുഗീസുകാർ സാമൂതിരിക്കെതിരെ സന്ധി നടപ്പിലാക്കപ്പെട്ടു. വ്യവസ്ഥകൾ ഇപ്രകാരമാണ് :

1) പൊന്നാനിയിൽ ഒരു കോട്ട കെട്ടുവാൻ പോർച്ചുഗീസുകാരെ അനുവദിക്കണം.
2) തടവുകാരാക്കപ്പെട്ട എല്ലാ മുസ്ലീമിങ്ങളെയും പോർച്ചുഗീസുകാർ മോചിപ്പിക്കണം.
3) പോർച്ചുഗീസുകാർ തടവുകാരാക്കിയ സാമൂതിരിയുടെ എല്ലാ ആളുകളെയും വിട്ടയക്കണം.
4) മുസ്ലീമിങ്ങൾ തടവുകാരാക്കിയ എല്ലാ പോർച്ചുഗീസുകാരെയും മോചിപ്പിക്കണം.

പോർച്ചുഗീസുകാർ ഉടനെത്തന്നെ തങ്ങളുടെ പിടിയിലുള്ള മുസ്ലീം തടവുകാരെ സാമൂതിരിക്കു വിട്ടുകൊടുത്തു. സാമൂതിരി അടുത്ത വർഷാരംഭം പോർച്ചുഗീസുകാരുടെ മുഖ്യ ഉദ്യോഗസ്ഥൻ വന്നപ്പോൾ കോട്ട കെട്ടുവാൻ അനുവദിക്കുകയും ചെയ്തു. ഇപ്രകാരം പോർച്ചുഗീസുകാർക്കും സാമൂതിരിക്കുമിടയിൽ സന്ധി നടപ്പിലാക്കി.

സന്ധിയെ തുടർന്നുള്ള വർഷാരംഭത്തിൽ പോർച്ചുഗലിൽ നിന്നും നാലു കപ്പലുകൾ എത്തിച്ചേർന്നു. അതിൽ അവരുടെ രാജാവിന്റെ മുഖ്യ ഉദ്യോഗസ്ഥനുമുണ്ടായിരുന്നു. ഇതിൽ രണ്ടെണ്ണം ഗോവയിൽ നങ്കൂരമിട്ടു. മറ്റു രണ്ടെണ്ണം കൊല്ലത്തിനപ്പുറവും. അവിടെയുണ്ടായിരുന്ന പോർച്ചുഗീസ് മുഖ്യനെ ഓഫീസിൽ നിന്നും പുറത്താക്കി. പുതിയ മുഖ്യനും സാമൂതിരിയും തമ്മിൽ കണ്ടുമുട്ടുവാൻ കഴിഞ്ഞില്ല. എന്തെന്നാൽ അയാൾ കോഴിക്കോട് സാമൂതിരിയെ സന്ദർശിക്കുവാൻ എത്തിയിരുന്നില്ല. അയാൾ നേരിട്ട് ഗോവയിലേക്കു പോയി. പുതിയ മുഖ്യനെ സ്വീകരിക്കുവാൻ എല്ലാ ഒരുക്കങ്ങളും ചെയ്തിരുന്ന സാമൂതിരി അയാൾക്കു വേണ്ടി മനോഹരമായ സമ്മാനങ്ങളും ശേഖരിച്ചിരുന്നു. പക്ഷെ സാമൂതിരി നിരാശനായി. പുതിയ മുഖ്യൻ ഗോവയിലെത്തിയപ്പോൾ സാമൂതിരി തന്റെ മുഖ്യരെ അങ്ങോട്ടയച്ചു. അവർ അയാളെ സന്ദർശിക്കുകയും സന്ധി അംഗീകരിക്കപ്പെടുകയും ചെയ്തു. മുൻകാലത്തെന്നപോലെ ഗുജറാത്തിലെ തുറമുഖങ്ങളിലേക്കും മറ്റു സ്ഥലങ്ങളിലേക്കും വാണിജ്യ വസ്തുക്കളയക്കുവാൻ സാമൂതിരി തന്റെ പ്രജകൾക്കു വേണ്ടി അനുവാദം നേടിയെടുത്തു. കൂടാതെ കോഴിക്കോടു നിന്ന് അറേബ്യൻ തീരത്തേക്ക് ഒരോ വർഷാന്ത്യത്തിലും വാണിജ്യാവശ്യാർത്ഥം രണ്ടു കപ്പലുകളയക്കുവാനും അവകാശം നേടിയെടുത്തു.

അല്ലാഹു മുസ്ലീമിങ്ങളുടെ കാര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തട്ടെ! അവരുടെ നഷ്ടങ്ങൾ പരിഹരിക്കട്ടെ! അവരുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കട്ടെ! ആമീൻ!

കുറിപ്പുകൾ

അദ്ധ്യായം ഒന്ന്

1. പ്രവാചകൻ, അബ്ദു മനാഫിന്റെ മകൻ ഹാഷിമിന്റെ പിന്തുടർച്ചക്കാരനാണ്. ഹാഷിം കുടുംബം എന്നും പ്രവാചകനോടൊപ്പം നിൽക്കുകയും അതു കൊണ്ട് തന്നെ അവർക്ക് മറ്റു ഖുറേഷികളിൽ നിന്ന് എതിർപ്പ് നേരിടേണ്ടിയും വന്നു. ഹാഷിം പരമ്പരയാണ് ഒന്നാം ലോകയുദ്ധം വരെ ഹിജാസ് ഭരിച്ചിരുന്നത്. അവർ പ്രവാചകനുമായുള്ള ബന്ധത്താൽ 'അഹ്ൽ-ഇ-ബയ്ത്ത്' എന്നറിയപ്പെട്ടു. (കേരളത്തിൽ അവർ സയ്യിദ്മാരെന്നോ തങ്ങന്മാരെന്നോ അിറയപ്പെട്ടു). അബ്ദുൽ മുത്തലിബ്, ഹാഷിമിന് മദീനിയൻ വനിതയായ സൽമയിലുണ്ടായ ഒരേയൊരു സന്തതിയായിരുന്നു. പ്രവാചകനെ അദ്ദേഹത്തിന്റെ മാതാപിതാക്കളുടെ മരണശേഷം സംരക്ഷിച്ചത് മുത്തലിബായിരുന്നു. മക്കയിലെ സംസം ജലസ്രോതസ്സിന്റെ ഉടമയായ അദ്ദേഹം 'കഅബ', സന്ദർശനത്തിനെത്തുന്ന തീർത്ഥാടകർക്ക് അതിലെ ജലപാനം നൽകി. പ്രവാചകന്റെ ചരിത്രപരതയും പൂർവ്വിക പാരമ്പര്യവും ഊന്നൽ കൊടുക്കാനാണ് ഷെയ്ക്ക് സൈനുദ്ദീൻ ഈ പരാമർശം നടത്തുന്നത്. അഹ്ലു ബൈത്തുകൾക്കുള്ള ദാനം സൽക്കർമ്മമാണെന്നുള്ള ഖുർആൻ വാക്യത്തിനനുഗുണമായി (8:41) ഗ്രന്ഥകാരനിത് നിരീക്ഷിക്കുന്നു.

2. കോഴിക്കോട്ടെ സാമൂതിരി രാജാവ്. മൊറോക്കൻ മുസ്ലീം സഞ്ചാരിയായ ഇബ്നു ബത്തൂത്ത (1432–47) 'സാമൂരി' (സാമിരി) എന്ന പദം ആദ്യമായി ഉപയോഗിച്ചു കാണുന്നതിനാൽ ഇതൊരു അറബി മൊഴിമാറ്റമായി കണക്കാക്കാം. കടലിന്റെയും മലകളുടെയും രാജാവായ 'സമുദ്രഗിരിരാജ'യാണദ്ദേഹം. അതു കൊണ്ടു തന്നെ സാമൂതിരിയെ 'കുന്നലക്കോനാതിരി'യെന്നും 'ശൈലാബ്ധീശ്വരൻ' എന്നും വിശേഷിപ്പിക്കുന്നു. കോഴിക്കോട് തുറമുഖത്തിന്റെ അധിപനായതിനാൽ 'പുന്തുറക്കോൻ' എന്നും പൂർവ്വീകർ നെടിയിരുപ്പുകാരനായതിനാൽ 'നെടിയിരുപ്പ് സ്വരൂപം' എന്നും അറിയപ്പെട്ടു. 1442-ൽ കോഴിക്കോട് സന്ദർശിച്ച അബ്ദുൽ റസാഖ് 'സാമൂരി' എന്നു സംബോധന ചെയ്യുന്നുണ്ട്.

3. സന്ദർഭത്തിനനുസരിച്ചുള്ള അർത്ഥം കൊടുക്കാവുന്ന പദം. എന്നാൽ സാധാരണയായി 'പോരാട്ടം', 'യുദ്ധം', എന്നിവയെ ദ്യോതിപ്പിക്കുന്നു. 'പ്രയത്നം' എന്ന് അറബിയിൽ വിവക്ഷ. പോരാട്ടം മനസ്സു കൊണ്ടും പേന കൊണ്ടും ആവാം. സ്വന്തം ആത്മാവിനെ സംസ്കരിക്കുന്നതിനും ജിഹാദ് അനിവാര്യം തന്നെ. ഇവിടെ അവിശ്വാസികൾക്കും അക്രമികൾക്കും എതിരായ 'പരിശുദ്ധയുദ്ധം' എന്നു സാരം. സമകാലീനമായി ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുകയും ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നത് ഇതു തന്നെ.

4. ഖുർ ആൻ ആദ്ധ്യായം നാല് 'അൽ-നിസ' (സ്ത്രീ), വചനം എഴുപത്തഞ്ച് സ്ത്രീകളെയും അനാഥരെയും സംരക്ഷിക്കേണ്ടതിലേക്ക് വിരൽ ചൂണ്ടുന്നു.
5. ഖുർ ആൻ 'അൽ-ബഖറ" ('പശുക്കുട്ടി') എന്ന അദ്ധ്യായം, വചനം 216-ൽ യുദ്ധത്തിന്റെ അനിവാര്യതയേക്കാളും അതിന്റെ ആകസ്മികതയെ സൂചിപ്പിക്കുന്നു.
6. 'അൽ-തൗബ' ('പശ്ചാത്താപം') എന്ന അദ്ധ്യായത്തിൽ 111-ാം വചനം പോരാളികൾക്കുള്ള പറുദീസ വാഗ്ദാനം മുൻഗാമികളായ ജൂതരുടെ 'തൗറാത്തി'ലും ക്രൈസ്തവരുടെ 'സുവിശേഷത്തി'ലും എന്നതു പോലുള്ള ഒരു ഓർമ്മപ്പെടുത്തലുമായി അവതരിപ്പിക്കുന്നു.
7. 'പശുക്കുട്ടി' എന്ന അദ്ധ്യായത്തിലെ 261-ാം വചനം ദൈവമാർഗ്ഗത്തിൽ ധനവ്യയം ചെയ്യുന്നവർക്കുള്ള പരലോക പാരിതോഷികങ്ങളെ പരാമർശിക്കുന്നു.
8. 'അൽ-ഇമ്രാൻ' ('ഇമ്രാൻ കുടുംബം') എന്ന അദ്ധ്യായത്തിലെ വചനങ്ങൾ (169-170) ദൈവമാർഗ്ഗത്തിൽ പോരാടുന്നവർക്കുള്ള ശാശ്വതമായ സ്വർഗ്ഗീയ ജീവിതവും ദൈവസാന്നിദ്ധ്യവും ഓർമ്മപ്പെടുത്തുന്നു.
9. വിശ്വസനീയവും ആധികാരികവുമായ 'ഹദീസു'കൾ (നബി വചനങ്ങൾ) ക്രോഡീകരിച്ചവരാണ് ബുഖാരിയും (മരണം ക്രി.വ. 870) മുസ്ലീമും (മരണം ക്രി.വ. 875). ഖുർ ആൻ കഴിഞ്ഞാൽ ഏറ്റവും പ്രാധാന്യമുള്ളത് ഇവരുടെ കൃതികൾക്കാണ്. ബുഖാരി ഏകദേശം 7275 ഹദിസ്സുകൾ ഒൻപത് ഗ്രന്ഥങ്ങളിലായി വിഷയാനുക്രമം അവതരിപ്പിക്കുന്നുണ്ട്. ഇവരുടെ രചനകൾ പൂർണ്ണമായും തന്നെ വൈരുദ്ധ്യങ്ങൾക്കതീതമാണെന്നു പറയാം.
10. യമൻ വംശീയനായ പ്രവാചക സുഹൃത്തും കുട്ടുകാരനും: ഒരു പെൺ പൂച്ചക്കുട്ടിയുമായി നടക്കുന്നതിനാലാണ് പ്രവാചകൻ ഈ വിളിപ്പേര് (അ ബൂഹുറൈറ) എന്ന് നൽകിയത്. അബൂഹുറൈറയുടെ ഹദിസുകൾ പലതും വിവാദ വിഷയമായിട്ടുണ്ട്. പലതിലും പ്രവാചകപത്നി ആയിഷ തന്നെ വിയോജിക്കുന്നുണ്ട്. ഫാത്തിമ മെർഹിസ്സിയെപ്പോലുള്ള സ്ത്രീ വാദികൾ അബൂഹുറൈറ ഒരു സ്ത്രീ വിരോധിയാണെന്നു പോലും സ്ഥാപിക്കുന്നുണ്ട്. (Fathima Mernissi, "A Feminist Interpretation of Women's Rights in Islam", in Charles Kurzman (ed.) *Liberal Islam*, Oxford University Press, New York, 1998, pp 112-126)
11. ബദറിലെ മുസ്ലീംകളുടെ യുദ്ധവിജയത്തിന് പകരം വീട്ടാൻ മക്കയിലെ അവരുടെ ശത്രുക്കൾ നടത്തിയ യുദ്ധം. ക്രി.വ. 625-ൽ ഈ യുദ്ധത്തിൽ പ്രവാചകനും അൻപതോളം അനുയായികൾക്കും പരിക്കേൽക്കപ്പെട്ടു.
12. ക്രി.വ. 624-ൽ നടന്ന ഈ യുദ്ധം മുസ്ലീംകളുടെ ആദ്യത്തെ വൻവിജയമായിരുന്നു. കാരണം എതിരാളികളേക്കാൾ മൂന്നിലൊന്ന് പടയാളികൾ മാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ.
13. അന്ത്യനാളിൽ 'മിശിഹ' (ഈസാനബി അഥവാ യേശു) മോചകനായി വന്നു ദുഷ്ടനായ ദജ്ജാലിനെ നശിപ്പിച്ചു കൊണ്ട് വിശ്വാസികളെ സംരക്ഷിക്കുമെന്ന് മുസ്ലീംകൾ വിശ്വസിക്കുന്നു.

14. പ്രവാചകനെ നേരിട്ടു കണ്ടു വിശ്വസിച്ചു നിത്യസമ്പർക്കത്തോടെ ജീവിക്കുന്നവരെ 'സഹാബികൾ' (സഖാക്കൾ) എന്നറിയപ്പെടുന്നു.

അദ്ധ്യായം രണ്ട്

1. കൊടുങ്ങല്ലൂർ കേരള തീരദേശപട്ടണം. ജൂത-ക്രൈസ്തവ-ഇസ്ലാം മതങ്ങളുടെ ഭാരതത്തിലെ ആഗമസ്ഥാനം. ആദ്യത്തെ മുസ്ലിം പള്ളി ഇവിടെ സ്ഥിതിചെയ്യുന്നു. പുരാതനകാലത്ത് മുസിറിസ് (മുചിറി എന്ന് തമിഴ് രേഖകളിൽ) എന്നും അറിയപ്പെടുന്നു.
2. ചന്ദ്രൻ പിളർന്നത് ഖുർ ആൻ അദ്ധ്യായം 54 അൽ-ഖമർ (ചന്ദ്രൻ)-ൽ ഒന്നാം വചനം സാക്ഷ്യപ്പെടുത്തുന്നുണ്ട്. പ്രവാചകനും സഖാക്കൾക്കും മക്കയിലെ അവിശ്വാസികൾക്കും ദൃശ്യമാക്കപ്പെട്ട ഈ വസ്തുത രണ്ടാം വചനവും സാക്ഷ്യപ്പെടുത്തുന്നുണ്ട്.
3. ആദംമല, മനുഷ്യരാശിയുടെ ആദിപിതാവും പ്രവാചകനുമായ ആദമിന്റെ കാല്പാടുകളാൽ പുണ്യമാക്കപ്പെട്ടു എന്നു മുസ്ലിംകൾ വിശ്വസിക്കുന്നു. ഈ കാല്പാടുകൾ ഹൈന്ദവർ ശിവന്റെതെന്നും ക്രൈസ്തവർ സെന്റ് തോമസിന്റെതെന്നും ബൗദ്ധർ ബുദ്ധന്റേതുമാണെന്ന് വിശ്വസിച്ചും തീർത്ഥാടനം നടത്താറുണ്ട്.
4. കേരളോൽപ്പത്തിയിലെ ഐതിഹ്യപ്രകാരം കേരളത്തിലെ ഒരു രാജാവ്, ചേരമാൻ പെരുമാൾ, മക്കത്തുപോയി ഇസ്ലാംമതം വിശ്വസിക്കുകയുണ്ടായി. പെരുമാളിന്റെ ശവകുടീരം അറേബ്യൻ തീരത്തെ സഫർ പട്ടണത്തിൽ ഇപ്പോഴുമുണ്ട്. അവിടെയുള്ള ഒരു ശിലയിൽ (മീസാൻ കല്ല്) പെരുമാൾ വന്ന വർഷവും അന്തരിച്ച വർഷവും ഹിജറ 212 - 216 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
5. ഷഹർ മുഖല്ല, അറേബ്യൻ തീരത്തെ ഒരു പുരാതന പട്ടണം. ഇപ്പോൾ ഒമാനിലെ സലാല.
6. വാളും ആജ്ഞയും സൂചിപ്പിക്കുന്നത് കോഴിക്കോടിന്റെയും സാമൂതിരിമാരുടേയും ഉത്ഭവത്തെയാണ്. "ചത്തും കൊന്നും അടക്കിക്കൊൾക" എന്ന വരം.

അദ്ധ്യായം മൂന്ന്

1. മാമാങ്കോത്സവവേളയിൽ ചാവേറുകളുമായി ഏറ്റുമുട്ടി രാജാക്കന്മാരടക്കം ജീവത്യാഗം ചെയ്യാറുള്ള സമ്പ്രദായം മദ്ധ്യകാലകേരളത്തിൽ ഉണ്ടായിരുന്നു. ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായയിലായിരുന്നു മാമാങ്കം കൊണ്ടാടിയിരുന്നത്. 'കുറുമത്സരവും' 'കുടിപ്പകയും' ഇതിനു കൂടുതൽ കൊഴുപ്പേകി.
2. മരുമക്കത്തായം നായന്മാർക്കിടയിൽ ഉള്ളതുപോലെ മലബാറിലെ മുസ്ലിംകളും ആചരിച്ചിരുന്നു. അമ്മവഴിയുള്ള ഈ ദായക്രമം ഇവിടെയുണ്ടായ ആദ്യകാല മതപരിവർത്തനത്തിന് സൂചന നൽകുന്നു. ഇസ്ലാമിക നിയമപ്രകാരം ഈ സാമൂഹികാചാരം അനുവദനീയമല്ല.
3. നായന്മാർക്കിടയിൽ ഗ്രന്ഥകർത്താവ് നിരീക്ഷിക്കുംപോലെ, അന്ന് സർവ്വസാധാരണമായിരുന്നില്ല. എന്നാൽ ഫ്യൂഡൽ കാലഘട്ടത്തിന്റെ സവിശേ

ഷത എന്നോണം നായർ നമ്പൂതിരി സംബന്ധം വിലക്കപ്പെടാത്ത ഒരാനാചാരമായി നിലനിന്നു. (കാണുക : ഇളംകുളം കുഞ്ഞൻപിള്ള - സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി, ജന്മി സമ്പ്രദായം കേരളത്തിൽ മുതലായവ.)

4. നമ്പൂതിരി സ്ത്രീകൾ (അന്തർജനങ്ങൾ) അനുഷ്ഠിച്ചിരുന്ന ആചാരമാണിത്. പൊതുവെ 'ഘോഷാ' സമ്പ്രദായം (മറയും മറക്കുടയുമായി നടക്കുന്നവർ) ആചരിക്കുന്ന ഇവർ അന്തിക്കുമാത്രം പുറത്തിറങ്ങുന്നു. അത്തരം വേളകളിൽ അവരെ കണ്ടെന്നു പറയുന്ന പുലയരുടെയും പറയരുടെയും കൂടെ പോകാൻ അവർ നിർബ്ബന്ധിതരാകുന്നു. ഇത് പുലപ്പേടി, പറപ്പേടി, മണ്ണാപ്പേടി എന്നാണ് അറിയപ്പെട്ടിരുന്നത്.
5. പുണൂൽധാരികളിൽ നമ്പൂതിരിമാരാണ് ഏറ്റവും ഉന്നതർ. അമ്പലവാസികളും മറ്റും അവർക്കു താഴെയാണ്.

അദ്ധ്യായം നാല്

ഭാഗം-1

1. ഇന്ത്യയിലേക്കും പൗരസ്ത്യദേശങ്ങളിലേക്കും വരുവാൻ അനുകൂല കാലാവസ്ഥ.
2. ഖാവരി (1501-1516 എ.ഡി) ഈജിപ്തിലെ അടിമവംശജനായ മാംലൂക് രാജാവ്.
3. കോഴിക്കോട് തീരത്തെ (കുറ്റിച്ചിറ) മിസ്കാൽ പള്ളി. അറബി നാവികൻ നഖുദ മിസ്കാൽ പണികഴിപ്പിച്ചത്.
4. ഗോവ. അന്നത്തെ വിജയനഗരത്തിന്റെ ഭാഗം പിടിച്ചടക്കിയ കാലം മുതൽ പോർച്ചുഗീസുകാർ അവസാനംവരെ അവരുടെ താവളവും തലസ്ഥാനവുമാക്കി.

ഭാഗം-2

1. പോർച്ചുഗീസ് അതിക്രമങ്ങൾ ഏറ്റവും കൂടുതൽ മുസ്ലിംകൾക്കെതിരായിരുന്നു. അവർക്കെതിരെയുള്ള ഏറ്റുമുട്ടലുകൾ പോർച്ചുഗീസുകൾ കുരിശുയുദ്ധമായി കണക്കാക്കി. വാണിജ്യ ഘടകങ്ങൾക്കപ്പുറം മതപരവുമായിരുന്നു കാരണങ്ങൾ. കടലിലും കരയിലുമുള്ള വിവരണാതീതമായ ക്രൂരതകൾ ഒ.കെ.നമ്പ്യാർ (പോർത്തുഗീസ് കടൽക്കൊള്ളക്കാരും ഇന്ത്യൻ നാവികരും), ഡാൻവേഴ്സ് (പോർച്ചുഗീസ് ഇൻ ഇന്ത്യ) എം.എൻ.പിയേഴ്സൻ (എസ്താദൊ-ദ - ഇന്ത്യ ഏന്റ് ദി ഹജ്) എന്നിവർ വിശദീകരിക്കുന്നുണ്ട്.

ഭാഗം-3

1. തെക്കെ ഇന്ത്യയിലെ സുൽത്താന്മാർ (അഹ്മദ് നഗർ, ബീജാപൂർ, ഗോൽക്കൊണ്ട, ബീറാർ, ബീഡാർ) രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ഏറ്റുമുട്ടിയിരുന്നു. മതം അവരെ ഒരിക്കലും ഐക്യപ്പെടുത്തിയിരുന്നില്ല.

ഭാഗം-4

1. സാമൂതിരിയുടെ മന്ത്രിമാരിൽ രാജ്യരക്ഷ തേനഞ്ചേരി ഇളയതിനായിരുന്നു. മങ്ങോട്ടച്ചൻ റവന്യൂ മന്ത്രിയുമായിരുന്നു.

ഭാഗം-5

1. കോൺസ്റ്റാന്റിനോപ്പിൾകാരനായ അമീർ മുസ്തഫ ഗുജറാത്ത് ഭരണാധികാരി ബഹദൂർഷായുടെ സൈന്യാധിപനായിരുന്നു. പോർച്ചുഗീസുകാരെ പരാജയപ്പെടുത്തുന്നതിൽ മുഖ്യ പങ്ക് വഹിച്ചു. പിന്നീട് ദിയു ഗവർണറായി.

ഭാഗം-6

1. സാമൂതിരിയുടെ നാവികരായിരുന്ന മരക്കാർമാരെക്കുറിച്ച് ബഹദൂർഷായ്ക്ക് വലിയ മതിപ്പുണ്ടായതിനാൽ പോർച്ചുഗീസുകാരെ നേരിടാൻ ഗുജറാത്തിലേക്ക് അവരെ നിയോഗിക്കണമെന്ന് സാമൂതിരിയോടഭ്യർത്ഥിച്ചു.

ഭാഗം-7

1. സുലൈമാൻ ബാഷ കോൺസ്റ്റാന്റിനോപ്പിളിലെ സുൽത്താൻ സലീമിന്റെ സൈന്യാധിപനായിരുന്നു. ബഹദൂർഷായുടെ അന്ത്യത്തോടെ പോർച്ചുഗീസുകാരെ നേരിടാൻ അദ്ദേഹം ദിയുവിലേക്ക് നിയോഗിക്കപ്പെട്ടു.
2. ഈ കോട്ട കെട്ടിയത് 1537 എ.ഡി.യിലായിരുന്നു.

ഭാഗം-9

1. കോഴിക്കോടിനും കൊച്ചിക്കുമുള്ളത്ര പ്രാധാന്യം പോർച്ചുഗീസുകാർ കണ്ണൂരിന് നൽകിയില്ലെങ്കിലും ഗോവയിലേക്കും ദിയുവിലേക്കുമുള്ള അവരുടെ വഴിയിൽ ഒരു പ്രധാന ഇടത്താവളമായിരുന്നു അത്. കൂടാതെ കേരളത്തിലെ ഒരേയൊരു മുസ്ലിം ഭരണാധികാരിയും (അറക്കൽ രാജാവ്) അവിടെയായിരുന്നു. അതുകൊണ്ടുതന്നെ കണ്ണൂരിനും തന്ത്രപ്രാധാന്യമുണ്ട്.
2. ഇവിടെ ഗ്രന്ഥകർത്താവ് പൂർവ്വിക ചരിത്രം ഓർമ്മിപ്പിക്കുകയാണ്. അവിശ്വാസവും അഹന്തയും എങ്ങിനെ ഒരു സമൂഹത്തെ നശിപ്പിച്ചു എന്ന് ആദിന്റെയും തൽമൂദിന്റെയും ഉദാഹരണങ്ങളിൽകൂടി വ്യക്തമാക്കുന്നു.

ഭാഗം-10

1. ഇത് വടക്കുംകൂർ രാജാവിനെ സൂചിപ്പിക്കുന്നു. പിമിയൻട എന്നും വിളിച്ചുവന്നു. അയാൾ സാമൂതിരിയുടെ സുഹൃത്തായിരുന്നു. കെ.പി.പത്മനാഭമേനോൻ, കേരളചരിത്രം, I പു.502-3

ഭാഗം-11

1. കണ്ണൂരിലെ ആദിരാജാവിന്റെ കീഴിലായിരുന്നു ലക്ഷദ്വീപ്.

ഭാഗം-12

1. കുഞ്ഞാലി മരക്കാർ രണ്ടാമൻ എന്നറിയപ്പെടുന്ന കുട്ടിപ്പോക്കർ. പൊന്നാനി മുതൽ മംഗലാപുരംവരെയുള്ള തീരദേശങ്ങളിലും കായൽപട്ടണത്തും പോരാട്ടങ്ങൾ നടത്തി. കണ്ണൂരിലെ ഏഴിമലക്കടുത്ത് നാവിക പോരാട്ടത്തിൽ അന്ത്യം.

അനുബന്ധം - I

കേരള വർത്തമാനം - ഒരു വാമൊഴി ചരിത്രരേഖ

ഡോ: കെ.കെ.എൻ.കുറുപ്പ്

കേരളത്തിലെ പോർച്ചുഗീസ് ആഗമനത്തെക്കുറിച്ച് ഒരു വാമൊഴി ചരിത്രരേഖ 1793-ൽ കോഴിക്കോട് വലിയ ഖാസിയിൽ നിന്ന് ബ്രിട്ടീഷുകാർ ശേഖരിക്കാനിടയായി. ലണ്ടനിലെ ഇന്ത്യാ ഓഫീസ് ലൈബ്രറി ആൻഡ് റെക്കോർഡ്സിൽ കേരള വർത്തമാനം, നമ്പർ 11 ആയി സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത രേഖ പൂർണരൂപത്തിൽ ഇവിടെ ചേർത്തിരിക്കുന്നു. ഡോ: കെ.കെ.എൻ.കുറുപ്പ് മലബാറിലെ കോളനി ബന്ധങ്ങളെക്കുറിച്ചുള്ള പഠനത്തിനിടയ്ക്ക് 1978-ൽ ലണ്ടനിൽ നിന്ന് ശേഖരിച്ച ഈ രേഖ ചരിത്ര വിദ്യാർത്ഥികളെ സംബന്ധിച്ച് പുതുമയുള്ളതാണ്. 1496 മുതൽ 91 വർഷത്തെ ചരിത്ര സംഭവങ്ങൾ വിവരിക്കുന്ന രേഖയിൽ ഹിജ്റ വർഷവും തുടർന്ന് കൊല്ലവർഷവും കൊടുത്തിരിക്കുന്നത് വായനക്കാരുടെ സൗകര്യാർത്ഥം ഇംഗ്ലീഷ് വർഷമാക്കി മാറ്റിയാണ് ഇവിടെ രേഖപ്പെടുത്തുന്നത്. ഭാഷ നവീകരിച്ചിട്ടില്ല.

കേരള വർത്തമാനം

ഹരിഃ കേരളത്തിലെ വർത്തമാനങ്ങൾ ഇനിയും പറയുന്നു. ശക്രവൃത്തി എന്ന പെരുമാള മക്കത്തേക്ക് പോവാൻ തക്കവണ്ണം പുറപ്പാടായപ്പോൾ മലയാളത്തിൽ തന്റെ നാടുകൾ ഒക്കെയും അതാത് രാജാക്കന്മാർക്കു പകുത്തുകൊടുത്തു. അന്ന് സാമൂതിരി എന്ന രാജാവ് ദൂരത്താകകൊണ്ട് ആ രാജാവിനെ അപ്പോൾ നാട കൊടുപ്പാൻ സംഗതി വന്നതും ഇല്ല. പിന്നെ താമൂതിരി എന്ന രാജാവ വന്നാറെ പെരുമാള താമൂതിരി രാജാവിന തന്റെ മുദ്രവാള കൊടുത്ത രാജാവിനോട് പറഞ്ഞു. രംവാളുകൊണ്ട രാജ്യങ്ങൾ വെട്ടി മടക്കിക്കൊള്ളുകയെ വേണ്ടൂ എന്ന പെരുമാള കല്പിച്ചതുപോലെ തന്നെ കുറഞ്ഞൊരു കാലം താമൂതിരി രാജാവ പ്രെയത്നം ചെയ്ത ഇരുന്നതിന്റെ ശെഷം കോഴിക്കോട്ടു രാജ്യം താമൂതിരിക്കായി ആകയും ചൈതു. അന്ന ആ രാജാവിനെ വന്ന കണ്ട ഇസ്ലുലായ്മ ആയിട്ടുള്ളവരെ കൊഴിക്കോട്ട് കുടിയിരിക്കുകയും ചൈതു. അന്ന കൊഴിക്കോട്ടേക്ക പല ദിക്കുകളിലും നിന്നും കച്ചോടക്കാരും പല പണിക്കാരും വന്ന വാർത്ത

കച്ചോടവും തൊരങ്ങളും കൊഴിക്കൊട്ട വലുതായി തുടങ്ങി. അന്ന മല യാളത്തിൽ ഉള്ള രാജ്യങ്ങളിൽ ഒകൊഴിക്കൊട്ട രാജ്യവും നഗരവും പ്രധാ നമായി തീരുകയും ചൈതു. പിന്നെ ഇസ്സ്ലായ്മ ആയിട്ട ഉള്ളവരെ കൊഴി ക്കോട്ടേക്ക് പല ദിക്കുകളിലും നിന്ന് വന്ന ഒരുമിച്ച കൂടിയാറെ മലയാള ത്തിലുള്ള രാജാക്കന്മാരിൽ താമൂതിരി എന്ന രാജാവിന്റെ ശക്തി എല്ലാ ദിക്കുകളിലും പ്രധാനമാകയും ചൈതു. അന്ന മലയാളത്തിൽ രാജാക്ക ന്മാരിൽ ബലം ഉള്ളവരും ബലം ഇല്ലാത്തവരും ഉണ്ട. അവര തങ്ങളിൽ വെച്ചിട്ട ഉള്ള അതിര കവിഞ്ഞ നടക്കാറുമില്ല. അത പെരുമാള കല്പിച്ച വെച്ച പോയിട്ട ഉള്ള കല്പന പ്രമാണിച്ചിട്ടത്രേ ആകുന്നതു. ആ രാജാക്ക ന്മാർക്ക ഒരു കാതം രാജ്യം ഉള്ളവരും അതിൽ ഏറ്റം ഉള്ളവരും ഉണ്ട. അവർക്കു നൂറ ആള് ഉള്ളവരും ഇരുന്നൂറ ആള് മുന്നൂറ ആള് ഉള്ളവരും ആയിരം ആള് ഉള്ളവരും അയ്യായിരത്തോളം ഉള്ളവരും പതിനായിരം ആള് ഉള്ളവരും മുപ്പതിനായിരം ആള് ഉള്ളവരും നൂറായിരം ആള് ഉള്ളവരും അതിൽ അപ്പുറം ആള് ഉള്ളവരും ഉണ്ട. ചില നാട്ടിൽ രണ്ട രാജാക്കന്മാര കൂറായിട്ടുകൂടി ഉള്ള രാജ്യങ്ങളും ഉണ്ട. ഒരു രാജ്യത്തെ മൂന്ന രാജാക്ക ന്മാരും അതിൽ ഏറ്റം ഉള്ള രാജാക്കന്മാരും ഉണ്ട. രണ്ട രാജാക്കന്മാര കൂറായിട്ടുള്ള രാജ്യങ്ങളിൽ ഒരു രാജാവിൽ ബലം ഏറെയുണ്ട എന്നു വരികിലും തങ്ങളിൽ പിണങ്ങി രാജ്യം കവിഞ്ഞു നടക്കുമാറും ഇല്ല. കൂറാ യിട്ടുള്ള രാജാക്കന്മാരെ വല്ല കാരിയങ്ങൾക്കും എടങ്ങുപോയി എന്നു വരി കിലും തങ്ങളിലുള്ള ഒരുമക്ക ഭെദം വരികയും ഇല്ല. പിന്നെ രാജാക്കന്മാ രിൽ പുരുഷാരം ഏറിയിട്ടുള്ള രാജാവ തെക്കും കൊല്ലം മുതൽ കന്യാ കുമാരി എട അടക്കി വാഴുന്ന രാജാവ ആകുന്നത. അന്ന ആ രാജാവിനെ തിരുവതി എന്നു പേരാകുന്നത. പിന്നെ പുരുഷാരം ഏറിയിട്ടുള്ള രാജാവ മാടായിയും വളപട്ടണവും കണ്ണൂർക്ക ചുറ്റും എടക്കാടും ധർമ്മംവും ഉടെയ രാജാവ കോലത്തിരി രാജാവ ആയിരിക്കുന്നത. രംരാജാക്കന്മാ രിൽ ഒക്കേയും കരിശനം ഏറീട്ടും ബലം ഏറീട്ടും രാജ്യത്തിങ്കൽ കെളി പെരുതായിട്ടും മറു രാജ്യങ്ങളിൽ കീർത്തി ഉണ്ടായിട്ടും താമൂതിരി രാജാവ ആകുന്നത. ശെഷം മലയാളത്തിൽ ഉള്ള രാജാക്കന്മാരുടെ ഇടയിൽ ഒക്കെയും സ്ഥാനമാനങ്ങളും ബഹുമാനങ്ങളും താമൂതിരി രാജാവിന്ന ഉണ്ട. അത എന്തുകൊണ്ട ശക്രവൃത്തി പെരുമാള ഇസ്സ്ലായ്മ ആയിട്ടു ഉള്ളവരെ തന്റെ രാജ്യത്തിങ്കൽ കെളി പെരുതായിട്ടും മറുരാജ്യങ്ങളിൽ കീർത്തി ഉണ്ടായിട്ടും താമൂതിരി രാജാവ ആകുന്നത്. ശെഷം മലയാള ത്തിൽ ഉള്ള രാജാക്കന്മാരുടെ ഇടയിൽ ഒക്കെയും സ്ഥാനമാനങ്ങളും ബഹുമാനങ്ങളും താമൂതിരി രാജാവിന്ന ഉണ്ട. അത എന്തുകൊണ്ട ശക്ര വൃത്തി പെരുമാള ഇസ്സ്ലായ്മ ആയിട്ടു ഉള്ളവരെ തന്റെ രാജ്യത്തിങ്കൽ ഇരുത്തി വിശ്വസിക്ക കൊണ്ടും അവരെ ഉള്ള സ്നേഹം കൊണ്ടും മറു രാജ്യത്തിങ്കൽ നിന്ന വരുന്ന പരദേശികളെയും കപ്പക്കാരെയും ബഹുമാ

നിച്ച പ്രീതിയാക്കി അമെക്കുക കൊണ്ടും അത്രെ ആകുന്നത. താമൂതിരി രാജാവ് യുദ്ധത്തിന്ന എങ്കിലും വലുതായിട്ടുള്ള കാര്യങ്ങൾക്ക എങ്കിലും ഒരെടത്തെക്ക എഴുന്നെള്ളുംപൊൾ പെരുമാള കൊടുത്ത മുദ്രവാള മുമ്പിൽ എഴുന്നെള്ളിക്കുകയും ചെയ്യും. താമൂതിരി എന്ന രാജാവ ശെഷം മലയാ ളത്തിൽ ഉള്ള രാജാക്കന്മാരൊടെ ഒര ഹെതുചൊല്ലി പടയുണ്ടായി എന്ന വരികിൽ ഏതാനും ദ്രവ്യം എങ്കിലും ഒരു രാജ്യം എങ്കിലും കൊടുത്ത സമാധാനം പറഞ്ഞാൽ അവരെ നല്ലവണ്ണം ഇരുത്തി ഒഴിഞ്ഞ പൊരികയും ചെയ്യും. ദ്രവ്യം എങ്കിലും രാജ്യമെങ്കിലും കൊടുക്കാതെ രാജാവ ഇരു ന്നാലും തന്റെ ബലം കൊണ്ട ആ രാജാവിന്റെ നാട നശിപ്പിക്കുകയും ഇല്ല. എറക്കാലം ആ രാജ്യത്തിങ്കലെ അത്യത്തലെക്കൽ പാർത്തിട്ട എങ്കിലും രാജ്യമെങ്കിലും ദ്രവ്യമെങ്കിലും വാങ്ങി ഒഴിഞ്ഞ പൊരുമാറത്രെ ആകുന്നത. അത കിഴുമരിയാതെ സൂക്ഷിച്ച പണ്ടത്തെ നടപ്പപൊല അല്ലാതെ ഒന്നും ചെയ്യരുത് എല്ലൊ എന്ന വെച്ചിട്ടത്രെ ആകുന്നത. സാമൂ തിരി രാജാവ അല്ലാതെ മലയാളത്തിലെ മറ്റ ഉള്ള രാജാക്കന്മാര തങ്ങ ളിൽ എടഞ്ഞ യുദ്ധം ഉണ്ടായി എന്ന വരികിൽ തങ്ങളിൽ വെട്ടി ചാകയും നാട നശിപ്പിക്കയും എത്രെ ആകുന്നത. മലയാളത്തിൽ പറുങ്കി വന്ന വർത്തമാന 1498ൽ പന്തറാണി കൊല്ലത്ത പറങ്കീടെ മൂന്ന ക്പ്പല വന്ന മൊശം തെറ്റു കൊണ്ട അവിടെ നൂർത്തി കരക്കെ എറങ്ങി കൊഴിക്കൊട്ട വന്ന മലയാളത്തിലെ വർത്തമാനങ്ങൾ ഒക്കെയും അറിഞ്ഞ അന്ന കച്ചൊ ടങ്ങൾ ഒന്നും ചെയ്യാതെകണ്ട അവരുടെ രാജ്യം പൊറത്തിക്കാവിലെക്ക പൊകയും ചൈതു. പറങ്കി മലയാളത്തിൽ വരുവാൻ ഹെതു മുളക നിരൂ പിച്ചിട്ട എത്രെ ആകുന്നത. അവിടെ നിന്ന രണ്ട സംവത്സരം കഴിഞ്ഞാറെ പൊറത്തിക്കാവിൽ പറുങ്കിരാജ്യത്തിൽ നിന്ന ആറ കപ്പല കൊഴിക്കൊട്ട വന്ന എറങ്ങി. കച്ചൊടക്കാരുടെ മര്യാദയിൽ കച്ചൊടം ചെയ്യുന്നതിന്റെ ഇടയിൽ സാമൂതിരി രാജാവിന്റെ കാര്യക്കാരന്മാരട പറങ്കി പറഞ്ഞു മാപ്പി ളമാരുടെ കച്ചൊടപ്പാടും അറവിക്കാരുടെ കച്ചൊടപ്പാടും അറിവക്ക പൊകുന്ന ചരക്കുകളും മാറ്റി നൃത്തിയാൽ അവര പണ്ടാരത്തിലെക്ക തരുന്ന ദ്രവ്യത്തിങ്കൽ ഏറെ ഞങ്ങൾ തരാമെന്ന പറങ്കി പറെകയും ചൈതു. അതിന്റെ ഇടയിൽ മാപ്പിളമാരൊട പറങ്കി ഏറ്റങ്ങളായിട്ട ചിലത ചെയ്യുകകൊണ്ട അതിന്റെ അമർച്ച വരുത്തുവാൻ തക്കവണ്ണം രാജാവ് കല്പിച്ച ആളുകളെ അയെച്ചാറെ അവരുമായിട്ട ഏറ്റ എടത്ത. എഴുവ താള പറങ്കീടെ ആളുകൾ മരിക്കുകയും ചൈത ശെഷം ഉള്ള പറങ്കികൾ ഒക്കയും അപ്പോൾ കപ്പലിൽ കയറി കരക്ക നില്ക്കുന്നവരൊത്ത വലിയ വെടിവെച്ചപ്പോൾ അങ്ങൊട്ടും വലിയ വെടിവെക്കുകയും ചൈതു. കുറ ഞ്ഞൊരു നേരം അങ്ങൊട്ടും ഇങ്ങൊട്ടും വെടി ഉണ്ടായാറെ ആ കപ്പല ഒക്കയും കൊച്ചിക്ക പോയി. അവിടെ എറങ്ങി ആ രാജാവുമായി കണ്ട ഒരു കൊട്ട കൊച്ചിയിൽ തീർക്കുകയും ചൈതു. അന്ന എത്രെ മലയാള

ത്തിൽ മുമ്പിനാൽ ഒരടെത്ത പറുങ്കി കൊട്ട ഇട്ട ഇരുന്നത. അപ്പോൾ അവിടെ ഒരു പള്ളി ഉണ്ടായിരുന്നു. അത പൊളിച്ചകളെകയും ചൈതു. അന്ന പറുങ്കി കൊച്ചീൽ ഉള്ളവരൊട എല്ലാവരൊടും നല്ലവണ്ണം ഇരുന്ന കച്ചൊടങ്ങൾ പലതും ചൈതതിന്റെ ശെഷം കണ്ണൂർക്ക ചെന്ന ആ ദിക്കിൽ ഉള്ളവരൊട എല്ലാവരൊടും നല്ലവണ്ണം ഇരുന്ന അവിടെയും ഒര കൊട്ട കെട്ടുകയും ചൈതു. അവിടെയു പല കച്ചൊടപ്പാടും ചൈതും മുളകും വാങ്ങി പൊറത്തിക്കാവിലെക്ക ചിലര പൊകയും ചൈതു. മുളക് കൊണ്ടു പോകണം എന്ന തന്നെ നിരൂപിച്ചിട്ടത്രെ അവർ ഇത്ര വഴി പൊന്ന വന്ന ത. പിന്നയും ഒരു വർഷം കഴിഞ്ഞാറെ പൊറത്തിക്കാവിലെ നാല കപ്പല വന്ന കൊച്ചീലും കണ്ണൂരും എറങ്ങി. മുളകും ചുക്കും കൊണ്ട അവര അങ്ങൊട്ടു തന്നെ പൊകയും ചൈതു. അന്ന താമൂതിരി എന്ന രാജാവ കൊച്ചിക്ക നെരെ ബലവും കൊണ്ട ചെന്ന കൊച്ചിക്കോവിലകം പിടിച്ചു. അന്ന പടയുടെ എടയിൽ കൊച്ചിയിൽ രാജാക്കന്മാരെ മൂന്നാളപായം വരി കയും ചൈതു. താമൂതിരി രാജാവ കൊച്ചിയിൽ നാട ജയിച്ച കൊഴിക്കൊ ട്ടെക്ക പൊരികയും ചൈതു. അതിന്റെ ശെഷം ഒന്നര കൊല്ലം പടിഞ്ഞാറെ പത്ത കപ്പല വന്നതിൽ ഏഴ പുതിയ കപ്പലും മൂന്ന കപ്പല മുമ്പിനാൽ ഇരിവത്തെട്ട കപ്പല വന്നതിൽ ഉള്ളതും കൂടി പത്ത കപ്പല വന്നു. ആ മൂന്ന കപ്പല മുന്നാൽ ഇരിവത്തെട്ട കപ്പല വന്നതും പൊകുമ്പോൾ വഴിക്ക നിന്നിരുന്ന കപ്പല ആകുന്നത. ശെഷം പുതിയ കപ്പല ഏഴും കൊച്ചി യിൽ നിന്ന ചരക്കുകൾ കയറ്റിപൊകയും ചൈതു. ആ വർത്തമാനം താമൂ തിരി രാജാവ കെട്ടാറെ ആ കപ്പല പിടിപ്പാനായി കൊണ്ട ആറായിരം നായരൊട കൂടെയും വളരെ മാപ്പിളമാരൊട കൂടെയും കൊച്ചിക്ക ചെന്നാറെ വലിയ വെടി ഏറ്റം വെക്കുകയും കൊണ്ട അന്ന കൊച്ചിയിൽ കടപ്പാൻ സംഗതി വന്നതും ഇല്ല. അതിന്റെ ശെഷം പൊന്നാനി വയ്കാര മാപ്പിളമാരെ മൂന്ന ഉരുവിൽ കയറ്റി കപ്പല നിർക്കുന്നതിന്ന നെരെ ചെന്ന വെടി വെച്ചാറെ അങ്ങൊട്ടും ഇങ്ങൊട്ടും വെടി ഉണ്ടായടത്തെ മാപ്പിളമാരെ ഏറെ മരിച്ചാറെ ശെഷം ഉള്ളാള പിന്നൊക്കം തന്നെ പൊരികയും ചൈതു. അതിന്റെ ശെഷം പൊന്നാനി വായ്ക്കരെയും വെളിയം കൊട്ടകാരെയും കൂടി നാല ഉരുവിൽ കൂടി കാപ്പാട്ടക്കാരെയും കൊല്ലത്തകാരെയും കൂടി മൂന്ന ഉരുവിലും കൂടി ഏഴ് ഉരുവിൽ മാപ്പിളമാരെ കയറ്റി പറങ്കിയുമായിട്ട വലുതായിട്ടുള്ള പട ഉണ്ടായെടുത്ത. അവ ജയം മാപ്പിളമാർക്ക വന്നതും ഇല്ല. അക്കാലം വർഷം അടുത്ത വരികകൊണ്ട കൊഴിക്കോട്ടക്ക തന്നെ പൊരികയും ചൈതു. അതിന്റെ ശെഷം 1509 ആ മതിൽ കൊഴിക്കോട്ട പിടിപ്പാനായി കൊണ്ട തന്നെ പറുങ്കി വന്ന കൊഴിക്കൊട്ട ഇറങ്ങി മിസ്കാലപള്ളി ചുട്ടു. താമൂതിരി കൊവിലകത്ത കയറി ഇരിക്കുകയും ചൈതു. അന്ന താമൂതിരി രാജാവ ദൂരത്ത ഒരു രാജ്യത്ത പടക്ക പോയി രിക്ക ആവുന്നത. അപ്പൊൾ കൊഴിക്കൊട്ട ഉള്ള നായന്മാരെ എല്ലാവരും

കൂടി ഒന്നിച്ച പറങ്കിയുമായി പട ഉണ്ടായി. കൊഴിക്കൊട്ട കോവിലകത്ത നിന്ന പറങ്കിയെ നീക്കുകയും ചൈതു. അന്നത്തെ പടക്ക പറങ്കിയുടെ ആള അഞ്ഞൂറ ആള മരിക്കുകയും ചൈതു. ശെഷം ഉള്ളവര ഒക്കെയും കപ്പലിൽ കയറി പൊകയും ചൈതു. രം പറഞ്ഞ താലീഹിന്റെയും സംബ രത്തിന്റെയും മുമ്പെ ഒരിക്കൽ പറങ്കി പൊന്നാനി വായ്ക്കൽ എറങ്ങി കരക്ക കയറ്റി വെച്ചിരിക്കുന്ന ഉരുവിൽ അമ്പത ഉരു ചുട്ട മാപ്പിളമാരിൽ എഴുവതാളെ വെട്ടിക്കൊല്ലുകയും ചൈതു. അതിന്റെ ശെഷം തെക്കും കൊല്ലത്ത രാജാവിനെ പറുങ്കി ചെന്നു കണ്ട നല്ലവണ്ണം പറഞ്ഞ അവിടെ ഒരു കൊട്ട ഇടുകയും ചൈതു. തെക്കും കൊല്ലത്തും കൊച്ചിയിലും എറ ങ്ങുന്ന മുളക പൊലെ പിന്നെ ഒരെടത്തും എറങ്ങുകയുമില്ല. അതുകൊണ്ട് എത്രെ അവിടെ കൊട്ട ഇട്ടത. അതിന്റെ ശെഷം പറങ്കി ഗൊവയിൽ ചെന്ന പട വെട്ടി ഗൊവ പിടിക്കുകയും ചൈ!യ്തു. അന്ന ഗൊവ ആദിരിശാ എന്ന സുൽത്താന ഉള്ളത ആകുന്നത. അതിന്റെ ശെഷം പറുങ്കി ഗൊവയിൽ ഇരുന്ന അവിടത്തെ മുഖമാക്കി വെച്ചു. മലയാളത്തിലെ കാര്യങ്ങൾ പറ ങ്കിക്ക ഉള്ളത ഒക്കെയും പറങ്കിയുമായി പട വെട്ടി ആദിരിശ എന്ന സുൽത്താന്തന്നെ ഗൊവ പിടിക്കുകയും ചൈതു. പിന്നെയും പറങ്കി രണ്ടാ മതും പെരുബലവും കൊണ്ടു ചെന്ന ആദിരിശാ എന്ന സുൽത്താനുമായി പടവെട്ടി പറുങ്കി തന്നെ ഗൊവ പിടിക്കുകയും ചൈതു. രം നാട്ടിൽ വളരെ കൊട്ട ഇട്ട ബലം തികച്ച നൃത്തുകയും ചൈതു. അന്ന പറുങ്കിയുടെ ബലം ദിവസം ദിവസം വർദ്ധന ആകുന്നത. അങ്ങിനെയിരിക്കുന്ന സമയത്ത താമൂതിരി രാജാവ് പറങ്കിയുമായിട്ട നല്ലവണ്ണം ആയി. തങ്ങളിൽ എണങ്ങി സമാധാനമാകയും ചൈതു. അതിന്റെ ഹെതുവാകുന്നത തങ്ങളിൽ എടഞ്ഞ ദിവസം പഴുതാക കൊണ്ടും മാപ്പിളമാരുടെ കച്ചൊടം ചുരുങ്ങി വരിക കൊണ്ടും അന്ന ഉണ്ടായിരുന്ന താമൂതിരി രാജാവ തീപ്പെട്ട പൊക കൊണ്ടും എളയ രാജാവ പിന്നെ താമൂതിരി രാജാവ ആയി. താൻ നിരൂ പിച്ച നൊക്കിയാറെ പറുങ്കിയൊട എണങ്ങി ഇരിക്കുക നല്ലതല്ല എന്ന നിരൂപിക്കുക ആയത. അത തന്റെ നഗരവും മാപ്പിളമാരുടെ കച്ചൊടവും നന്നായി വരണമെന്ന നിരൂപിച്ചിട്ടും കൊച്ചീലും കണ്ണൂരും കച്ചൊടപ്പാടു കൾ നല്ലവണ്ണം ഉണ്ട എന്ന കെൾക്ക കൊണ്ടും പറങ്കിയുമായിട്ട എണ ങ്ങിയാൽ കൊഴിക്കൊട്ടും നന്നായി വരുമല്ലൊ എന്ന നിരൂപിച്ച തങ്ങളിൽ എണങ്ങി കൊഴിക്കട്ട ഒര കൊട്ട ഇടുവാൻ സമ്മതിക്കുകയും ചൈതു. അപ്പൊൾ പറുങ്കിയുമായിട്ട ഒരു കാര്യം പറഞ്ഞ വെച്ചിട്ടെത്രെ സമ്മതിച്ച ഇരിക്കുന്നത. ആ കാര്യം നമ്മുടെ കൂടിപതികളായിട്ടുള്ള മാപ്പിളമാരെ കാലം തൊറും നാലകപ്പല ചുക്കും മുളകും കയറ്റി മുക്കത്തെക്ക ഓടി ക്കുന്നത നീയ്യ നിരൊധിക്കരുതെന്ന എത്രെ ആകുന്നത. അത പറുങ്കി സമ്മതിച്ചിട്ടും ഉണ്ട. അന്ന പറുങ്കി കൊട്ടപ്പണി തുടങ്ങി ഇരിക്കുംപൊൾ മാപ്പിളമാർ അറവിക്കരക്ക ചുക്കും മുളകും നാല കപ്പലിൽ കയറ്റി ഓടി

പ്പാനും തുടങ്ങി. പറുങ്കിയുടെ കത്തും കൊടിയും വാങ്ങി ഓടിക്കയും ചൈതു. അന്ന 1514 ആകുന്നത. മക്കത്തെക്ക ഓടിച്ച കപ്പല ചരക്ക വിറ്റ കൊഴിക്കൊട്ടക്ക എത്തുകയും ചൈതു. പറുങ്കിയുടെ കൊട്ടപ്പണിയും തീരു കയും ചൈതു. അതിന്റെ ശെഷം പറങ്കി മക്കത്തെക്ക ചുക്കും മുളകും കയറ്റി ഓടിപ്പാൻ സമ്മതിക്കയില്ല എന്ന പറഞ്ഞു. ചുക്കും മുളകും മറ്റൊ രുത്തരെ കച്ചൊടം ചെയ്യരുതെന്ന വിരോധിച്ച താൻ തന്നെ ചെയ്തു തുട ങ്ങുകയും മറ്റ ഒരുത്തരെ ഒരു കണ്ടം ചുക്കും എങ്കിലും ഒര കുരുമുളക എങ്കിലും ഒര ഉരുവിൽ കയറ്റി അവൻ കണ്ടാൽ ആ ചരക്കും അതിലുള്ള മുതലും അവൻ അടക്കം എടുത്ത തുടങ്ങുകയും താമൂതിരി രാജാവിനെ പിടിച്ച കൊണ്ട പോവാൻ ഭാവിക്കയും ചെയ്തപ്പോൾ അന്ന രാജാവ അവന്റെ ചതിയിൽ അകപ്പെട്ടതും ഇല്ല. പറുങ്കിയുടെ കൊട്ട കുടി ഒറ ച്ചാറെ ആ കൊട്ടയുടെ അരിയത്ത ഒര വീട രാജാവിന ഇരിപ്പാൻ തക്ക വണ്ണം ഉണ്ടാക്കി ആ വീട്ടിലെക്ക രാജാവ വരണമെന്നും പൊറത്തിക്കാവ രാജാവ ഒര ബഹുമാനം കൊടുത്തയച്ചിട്ട ഉണ്ട എന്നും പറങ്കി രാജാവി നൊട ചെന്നു പറഞ്ഞു. ആ രാജാവ രം വീട്ടിലേക്കയെഴുന്നള്ളി അവിടെ ഇരിക്കുംപൊൾ ഇത ചതിപ്പാൻ ഉള്ള വഴി ആകുന്നത എന്ന അതിൽ ഒരു പറുങ്കി തന്നെ രാജാവിനൊട അപ്പൊൾ പറഞ്ഞു. അത കെട്ടു കുടുമ്പൊൾ രാജാവ കുളങ്ങരെപ്പൊയി വരട്ടെ എന്ന പറഞ്ഞ അവിടെ നിന്ന എഴു ന്നെറ്റ എഴുന്നള്ളുകയും ചൈതു. ആ രാജാവിനൊട ആ വർത്തമാനം പറഞ്ഞ പറുങ്കിയെയും അവന്റെ കൂട്ടത്തിൽ ഉള്ളവരെയും അപ്പൊൾ തന്നെ പറുങ്കി കൊഴിക്കൊട്ട നീക്കി കണ്ണൂര ആക്കുകയും ചൈതു. അതിന്റെ ശെഷം നായന്മാരെ വെട്ടിക്കൊല്ലുകയും മാപ്പിളമാരെ കൂടി പൊറ പ്പെടിച്ച പൊകയും ചെയ്ക കൊണ്ട താണ വീതിയിൽ ഉള്ള മാപ്പിളമാരെ ഒക്കെയും കെഴക്കും തീലക്കെലക്ക വാങ്ങി ഒരുമിച്ചു കൂടുകയും കൊച്ചി യിൽ ഇരിക്കുന്ന മാപ്പിളമാരിൽ മൂപ്പന്മാരിൽ അഹമ്മതമരെക്കാരും കുഞ്ഞാലി മരെക്കാരും ആലമരെക്കാരും അവരൊട കൂടി ഉള്ള ആളു കളും കൂടി കൊച്ചിയിൽ നിന്ന പുറപ്പെട്ട കൊഴിക്കൊട്ട വന്ന രാജാവിനെ വന്ന കാണുകയും ചെയ്താറെ പറങ്കി നിരൂപിച്ച മാപ്പിളമാരിൽ ഏറെ കുറെ ആളുകളും താമൂതിരി രാജാവും നമുക്ക വിരോധം ആയി എന്ന ഒറെക്കയും ചൈത്. അന്ന പറുങ്കി കൊണ്ടവന്ന വസ്തുക്കൾ ഒക്കെയും കൂട്ടി കൊച്ചിയിൽ നിന്ന പൊറപ്പെട്ട പൊന്നാനി വായ്ക്കൽ വന്നിറങ്ങി വീടുകളും തെരുവും പള്ളികളിൽ ചിലതും ചുടുകയും കടലിന്റെ വക്കത്തു നിൽക്കുന്ന തെങ്ങുകൾ മുറിക്കുകയും ചൈതു. അവിടുന്ന ചിലര ഒക്കെയും മരിക്കുകയും ചൈതു. അതിന്റെ ശെഷം ഒരു ദിവസം അവിടെ പാർത്ത പിറ്റെ ദിവസം രാക്കുറിൽ കപ്പല ഓടിച്ച പന്ത്രാണി കൊല്ലത്ത ചെന്ന അവിടെക്ക കച്ചൊടത്തിന്ന വന്നിട്ട ഉള്ളവരുടെയും അവിടത്തെ ആയിട്ടും നാല്പത ഉരു പിടിച്ചപ്പൊൾ അവിടെയും ചിലര മരിക്കുകയും

ചൈതു. രം വണ്ണം നാടുകൾ ഒക്കെയും നാനാവിധമായി പ്രജുകൾക്ക് പൊറുതി കെട ആയപ്പോൾ താമൂരിരി രാജാവ അവനൊട പടക്ക തക്ക വണ്ണം കരുതുകയും ചൈതു. അന്ന താമൂതിരി രാജാവ കൊഴിക്കൊട്ട അല്ല കൊണ്ട പറുങ്കിയൊടു പട കൊടുപ്പാന്തക്കവണ്ണം തന്റെ കാരി യക്കാരൻ എളയതിന തിരുവെഴുത്ത എഴുതി അയെക്കുകയും ആ തിരു വെഴുത്തു കണ്ടാറെ എളയത പടെക്ക വെണ്ടുന്ന വട്ടങ്ങൾ ഒക്കെയും കൂട്ടു മ്പോൾ പല നാടുകളിൽ നിന്നും മാപ്പിളമാരെ കൊഴിക്കൊട്ടരികത്ത എത്തു കയും ചൈതു. അപ്പൊഴെക്ക താമൂതിരി രാജാവ കൊഴിക്കൊട്ടെക്ക എഴു ന്നള്ളുകയും ചൈതു. എഴുന്നള്ളത്ത എത്തി കൂടുംപൊൾ പട തുടങ്ങി പല ദിവസവും കഴിഞ്ഞാറെ പറുങ്കിക്ക കൊട്ടയിൽ കൊറ്റും കൊളും മുട ക്കുകയും പുറത്തുനിന്ന ഒരുത്തരെ കൊണ്ടു വന്ന തരുവാൻ ഇല്ല എന്ന ഒറെക്കുകയും കൊണ്ടും കൊട്ടയിൽ ഉള്ള മുതലുകൾ ഒക്കെയും എടുത്തു കപ്പലിൽ കയറ്റി കൊട്ട നാനാവിധം വരുത്തി പുറത്തുള്ളവരെ അറിയാതെ കപ്പലിൽ കയറി പൊകയും ചൈതു. അന്ന 1571 (?) ആകുന്നത. ആ പടെക്ക മാപ്പിളമാരുടെ വകയിലും നായന്മാരുടെ വകയിലും കൂടി രണ്ടാ യിരത്തിൽ ചില്ലുവാനം ആളുമരിച്ചിട്ടും ഉണ്ട അതിന്റെ ശെഷം രാജാ വൊടും മാപ്പിളമാരെടുത്തും പറുങ്കിക്ക ഏറ്റവും ദെക്ഷ്യയും ആയി. കുറെ കാലം കഴിഞ്ഞാറെ മാപ്പിളമാര ചില ഉരുക്കൾ ഒക്കെയും നന്നായി ചുക്കും മുളകും മറ്റും പല ചരക്കുകളും കയറ്റി കഞ്ചിരാത്തി എന്ന നാട്ടിലെക്കും ശെഷം ഉള്ള രാജ്യങ്ങളെക്കും നിറച്ച കത്തും കൊടിയും ഇല്ലാതെ ഒടി ക്കുംപൊൾ ചില ഉരുക്കൾ ഒക്കെയും പറുങ്കി പിടിച്ചുകൊണ്ട പൊകയും ചിലത വെടിവെച്ച കരെക്കടുപ്പിക്കയും ചില രാജ്യങ്ങളിൽ ചെന്ന കച്ചൊടം ചൈത കൊഴക്കം കൂടാതെ എത്തുകയും ചെയ്യും. അക്കാലത്തെ മൊശം തീർന്നാറെ ധർമപട്ടണത്തെ ഉള്ള മാപ്പിളമാരും അവരുടെ സമീപത്ത ഉള്ള വരും പറങ്കിയുമായി എണങ്ങി കത്തും കൊടിയും ഒടിച്ച തുടങ്ങുകയും ചൈതു. ആ കാലത്ത താമൂതിരി രാജാവും ആ രാജ്യത്ത ഉള്ള കുടിപതി കളും ശെഷം ഉള്ളവരും പറുങ്കിയുമായിട്ട വളരെക്കാലം എടങ്ങു തന്നെ ഇരുന്നത. അക്കാലം 1578-ൽ പറുങ്കിയുടെ ഒരു കപ്പല താനൂര വന്ന അടി ഞ്ഞാറെ അവിടെ എത്തി താനൂര രാജാവിന ചെന്ന കണ്ട പാർത്താറെ ആ വർത്തമാനം താമൂതിരി രാജാവ കെട്ടാറെ കപ്പലിൽ ഉള്ള മുതലു കളും ആളുകളെയും കൊടത്തയക്കണമെന്നും വെച്ച താനൂര രാജാവിന തിരുവെഴുത്ത എഴുതി അയച്ചാറെ ആ മുതലുകളും ആളുകളെയും ഇങ്ങോട്ട അയച്ചതും ഇല്ല. അപ്പോൾ പറുങ്കിയും താനൂര രാജാവും ആയിട്ട ഏറ്റവും വിശ്വാസം ആകയു ചൈതു. അപ്പൊൾ അവര തങ്ങളിൽ നിരു പിച്ച താമൂതിരി രാജാവിനെ ഉപദ്രവിപ്പാനായിട്ടും മാപ്പിളമാരെ നശിപ്പി പ്പാനായിട്ടും പൊന്നാനി വായ്ക്കൽ മൂടിപ്പാൻ ആയിട്ടും പൊന്നാനി വായ്ക്കാൽ അഴിയുടെ എടത്ത ഭാഗത്തെ ഒരു കൊട്ട ഇടുവാൻ ഭാവിച്ച

അതിന്ന വേണ്ടുന്ന കല്ലും കുമ്മായവും മറ്റും വെണ്ട പദാർത്ഥങ്ങളും ഉരു കയറ്റി പൊന്നാനി വായ്ക്കൽ സമീപത്ത കപ്പൽ എത്തിയപ്പൊൾ വലു തായിട്ടുള്ള ഒരു കാറ്റടിച്ചു. അതിൽ ചെറിയൊരു പായകപ്പല ഒഴികെ മറ്റ ഒക്കെയും കരക്കടിഞ്ഞ പൊളിഞ്ഞ പൊയാറെ ഏതാനും ആളുകൾ വെള്ളത്തിൽ മരിച്ചു പൊകയും ചിലര കരെക്ക ചെന്നവരെ പിടിക്കുകയും ചൈതു. ആ കപ്പലിൽ ഉണ്ടായിരുന്ന വലിയ തൊക്കുകൾ താമൂതിരി രാജാ വിന കിട്ടുകയും ചൈതു. അന്ന പൊന്നാനി വായ്ക്കൽ കൊട്ട ഇടുവാൻ സംഗതി വന്നതും ഇല്ല. അതിന്റെ ശെഷം പറുങ്കി താമൂതിരി രാജാവു മായി ചെന്ന പാലിയത്തെ കൊട്ടയിട്ട പ്രകാരങ്ങൾ പറെയുന്നു. കൊച്ചി യിൽ നിന്ന ഒരു കപ്പിത്താൻ രാജാവുമായി സമാധാനം ചെയ്യണമെന്ന വെച്ച പൊന്നാനി വായ്ക്ക വന്ന പാർത്തു. അവൻ അമ്പെ കൊഴിക്കൊട്ടും പൊന്നാനി വായ്ക്കലും കൂടി ഇരുന്ന വർത്തമാനം അറിഞ്ഞിട്ടുള്ളവൻ. പൊന്നാനിവായ്ക്കൽ നിന്ന പൊന്ന താനൂര രാജാവിനെ വന്ന കണ്ടു. അതു താമൂതിരി രാജാവും പറുങ്കിയുമായിട്ടും എണക്കെണ്ടുന്നതിന്ന താനൂര രാജാവ പ്രയത്നം ചെയ്യണമെന്ന വെച്ചിട്ടത്രെ ആകുന്നത. അന്ന കൊഴിക്കൊട്ട പറുങ്കിയുടെ കൊട്ട പിടിച്ച രാജാവ തന്ന ആകുന്നത. താനൂരെ രാജാവ കൊഴിക്കൊട്ട വന്ന താമൂതിരി രാജാവിനെ കണ്ട് പറു ങ്കിയുമായിട്ട ഉള്ള എടച്ചില തീർത്ത പറങ്കിക്ക ചാലിയത്ത കൊട്ട എടു വാൻ സമ്മതിച്ച കൊടുക്കുകയും ചൈതു. ആ സമ്മതിച്ച കൊടുത്ത ദിക്കു രാജാക്കന്മാരുടെ എഴുന്നെള്ളത്തും കെട്ടിമാറി നടക്കുന്നവരുടെ വഴിയും ആകുന്നതു എന്ന അറിഞ്ഞിട്ടും കൊഴിക്കൊട്ട നിന്ന ഉരുവുകൾ കയറ്റി അറവിക്കരെക്ക ഉള്ള വഴി മുട്ടിപ്പൊകുമെന്നും അറിഞ്ഞിരിക്ക എത്രെ ചാലി യത്ത കൊട്ട എടുവാൻ അനുവദിച്ചുകൊടുത്തത. അക്കാലം പറുങ്കി കൊട്ട കെട്ടേണ്ടുന്നതിന്ന വെണ്ടുന്ന വട്ടങ്ങൾ ഒക്കെയും കൂടി ചാലിയത്തഴിക്ക കത്ത വന്ന എറങ്ങി. അന്ന 1582 ആമത. അന്ന ചാലിയത്ത പറുങ്കി ഇട്ട കൊട്ടയുടെ വലിപ്പവും അതിശയങ്ങളും വിശെഷമായിട്ടെത്ര തീർത്തത. അന്ന കൊട്ടയിടുന്നതിന്റെ ഇടയിൽ ഒരു പറുങ്കി മാലിക്കഹിബിനി ദീനാറ ഉണ്ടാക്കിയ പള്ളിയിൽ നിന്ന ഒര കല്ലു പൊളിച്ച കൊണ്ട പൊയാറെ അവിടെ ഉള്ള മാപ്പിളമാര എല്ലാവരും കൂടി ആ കൊട്ടയിൽ ഉള്ള കപ്പി ത്താനെ ചെന്ന കണ്ട അന്യായം പറഞ്ഞപ്പൊൾ ആ കപ്പിത്താനും ആളു കളും കൂടി കല്ലും കുമ്മായവും എടുത്ത കൊണ്ട പള്ളിക്കൽ ചെന്ന പൊളിച്ച ഭാഗം നന്നാക്കുകയും ചൈതു. അപ്പൊൾ മാപ്പിളമാർക്ക് സന്തൊഷം ആകയും ചൈതു. അതിന്റെ പിറ്റെദിവസം പറുങ്കിയിൽ പലരും കൂടി പള്ളിക്കൽ ചെന്ന പള്ളിയുടെ കല്ല് ഒക്കെയും പൊളിച്ച കൊണ്ടു പൊയപ്പൊൾ പിന്നെയും മാപ്പിളമാരെല്ലാവരും കൂടി ചെന്ന കപ്പി ത്താനൊട അന്യായം പറഞ്ഞപ്പൊൾ നിങ്ങടെ രാജാവ ആ പള്ളിയും നിലവും ഇനിക്ക തന്നിരിക്ക കൊണ്ട ഞാൻ പൊളിക്കുക എന്ന പറുങ്കി

പറെകയും ചൈതു. അപ്പോൾ മാപ്പിളമാര എല്ലാരും ബദ്ധമടങ്ങിപ്പൊന്ന അവിടെ നിന്ന കുറയെ ദൂരത്ത ഒരു പള്ളി ഉണ്ടാക്കുകയും ചൈതു. അതിന്റെ ശെഷം പറുങ്കി മാപ്പിളമാര മറ ചെയ്ത കല്ല പൊളിച്ചു കൊണ്ട വന്ന കൊട്ടപ്പണി ചൈകയും ചൈതു. ആ കൊട്ടപ്പണി തീരുന്നതിന്റെ മുമ്പെ ആ കൊല്ലത്തിൽ തന്നെ താമൂതിരി രാജാവ തീപ്പെടുകയും ചൈതു. അതിന്റെ ശെഷം എളയ രാജാവ താമൂതിരി രാജാവായി പട്ടം കൊടുത്ത യാറെ ചാലിയത്തെ രാജാവുമായി പട തുടങ്ങി നാട നശിപ്പാൻ ഭാവിച്ച പ്പൊൾ താമൂതിരി രാജാവ പറെയുംവണ്ണം കെൾക്കൊണ്ടുന്ന ചാലിയത്ത രാജാവ താണു പറഞ്ഞാറെ പട വാങ്ങുകയും ചൈതു. അതിന്റെ ശെഷം താമൂതിരി രാജാവ താനൂർ രാജാവിനൊട പടക്ക പൊഴയി. അവിടെ ചെന്ന പടക്ക ഭാവിച്ചപ്പൊൾ കറുകൻ തിരുത്തിയും പൊന്നാനിയും താമൂതിരി രാജാവിന കൊടുത്ത നല്ലവണ്ണം പറഞ്ഞപ്പൊൾ സമ്മതിച്ച പൊരികയും ചൈതു. അതിന്റെ ശെഷം 1568 ആമതിൽ തൃക്കൊടിയും പന്ത്രാണ്ടി കൊല്ലവും പൊന്നാനി വായ്ക്കലും പറുങ്കി ചുട്ടകളകയും ചൈതു. അതിന്റെ ശെഷം1557 (?) ആമതിൽ പറുങ്കിയും രാജാവും ആയിട്ട എണ ങ്ങുകയും ചൈതു. അതിന്റെ ശെഷം 1571 (?) ആമതിൽ പിന്നെയും രിക്ക ളിൽ എടഞ്ഞു. അതിന്റെ ശെഷം എത്രെ പറങ്കി മങ്ങലപുരത്തും വാകി നൂരും കൊട്ട ഇട്ടിരിക്കുന്നത. പിന്നെ 1574 ആമതിൽ മാപ്പിളമാരിൽ കുട്ടി പൊക്കര മരെക്കാര പറുങ്കിയുടെ ഒര കപ്പല പിടിക്കുകയും ചൈതു. അതിന്റെ ശെഷം 1568(?) ആമതിൽ താമൂതിരി രാജാവ കൊച്ചിക്ക പട ക്കായി പൊകയും ചൈതു. അന്ന വഴിയിൽ തന്നെ രണ്ട മാസം പാർത്താറെ ആളുകൾക്ക വെള്ളത്തിൽ മരുന്നുകൾ കലക്കുക കൊണ്ട രണ്ടായിരത്തോളം ആളുകൾ അപായം വന്നാറെ താമൂതിരി രാജാവ പാലൊളിക്ക വാങ്ങി പാർത്ര. താമൂതിരി ഇരുന്നിരുന്ന ദിക്കിൽ താനൂര രാജാവിനെയാക്കി താൻ വാങ്ങി വന്ന അറിയാതെ ഇരിക്കുംപൊൾ താമൂ തിരി രാജാവിനെ പിടിപ്പാനായിട്ടു പറുങ്കി ചെന്ന താനൂര രാജാവിനെ പിടിച്ചു കൊണ്ടുപൊകയും ചൈതു. താനൂര രാജാവ അവിടെ പാർത്തീല എന്ന വരികിൽ താമൂതിരി രാജാവിനെ കൊണ്ടു പൊകയും ചെയ്യും. അതിന്റെ ശെഷം 1572 ആമതിൽ താമൂതിരി രാജാവ ചാലിയത്ത പറുങ്കി യുടെ കൊട്ട പിടിക്കുകയും അതിന്റെ ശെഷം 1585 ആമതിൽ പൊന്നാനി വായ്ക്കൽ കൊട്ടിയിടണമെന്ന വെച്ച പറുങ്കിയും രാജാവും ആയിട്ടെണ ങ്ങുകയും ചൈതു. 1588 ആമതിൽ കടലിൽ നിന്ന രാജാവിന്റെ കപ്പല ഒന്ന പറുങ്കി പിടിക്കുക കൊണ്ട രാജാവും പറുങ്കിയും ആയിട്ട പിന്നെയും എടെകയും ചൈതു. രം വർത്തമാനം പറുങ്കിയുടെയും രാജാവിന്റെയും ആകുന്നത. ശ്രീ ഗുരുഭ്യോനമഃ ശുഭമെസ്തുഃ രം വർത്തമാനം എ.ഡി.1792 ന്നു കൊഴിക്കൊട്ട കാത്രിയാരുടെ കിസ്സാവിൽ നിന്നു പറഞ്ഞു എഴുതിപ്പ തത്രെ.

അനുബന്ധം - II

(കോഴിക്കോട് ഖാസിയുടെ അറബി കയ്യെഴുത്തു ശേഖരത്തിൽ നിന്നും കാലിക്കറ്റ് യൂണിവേഴ്സിറ്റി അറബിക് വകുപ്പിലെ അബ്ബാസ് കെ.പി. (റിസർച്ച് സ്കോളർ), ഗവൺമെന്റ് ബ്രണ്ണൻ കോളേജിലെ അറബിക് പ്രൊഫസർ സിറാജുദ്ദീൻ ടി എന്നിവർ കണ്ടെത്തി വിവർത്തനം ചെയ്ത ഒരു കയ്യെഴുത്ത് പ്രതിയിൽ നിന്ന്)

മലബാറിൽ പറങ്കികളുടെ ആഗമനം

അവരുടെ (ഈ അഭിശപ്തരെ അല്ലാഹു നശിപ്പിക്കട്ടെ!) ആഗമം പ്രവാചക വർഷം (ഹിജറ) 904-ൽ (1498 എ.ഡി) ആയിരുന്നു. അറേബ്യൻ കരയിൽ നിന്നും വണിക്കുകൾ കുരുമുളകും ചുക്കുമായി പുറപ്പെട്ടത് തടഞ്ഞു നിർത്തിക്കൊണ്ടായിരുന്നു സംഘർഷം അവർ ആരംഭിച്ചത്. അപ്രകാരം അവർ കൊച്ചിയിലേക്ക് പോകുകയും ഒരു ചെറിയ കോട്ട സ്ഥാപിക്കുകയും ചെയ്തു. സാമൂതിരിപ്പാട് കൊച്ചിയിലേക്ക് പുറപ്പെടുകയും ആ യുദ്ധത്തിൽ മൂന്നു കൊച്ചി രാജാക്കന്മാർ വധിക്കപ്പെടുകയും ചെയ്തു. പറങ്കികൾ സാമൂതിരിപ്പാടിനെ മരങ്ങളിൽ കയറ്റിവെച്ച പീരങ്കികൾ കൊണ്ട് ആക്രമിക്കുകയും അനേകം പട്ടാളക്കാർ വധിക്കപ്പെടുകയും ചെയ്തു. പിന്നീടവർ കണ്ണൂരിൽ ഒരു ചെറിയ കോട്ട നിർമ്മിക്കുകയും കണ്ണൂരിലെ ആളുകൾ അവരോടുണ്ടാക്കിയ സന്ധി കാരണം ഏറ്റുമുട്ടുകയും ചെയ്തു.

സാമൂതിരിപ്പാട് സുൽത്താൻ നാദിർഷായ്ക്കും സുൽത്താൻ മുസാഫർ ഷായ്ക്കും സഹായം അഭ്യർത്ഥിച്ചു കൊണ്ടു അപേക്ഷ അയച്ചു. ഈജിപ്തിന്റെ ഭരണാധികാരി അമീർ ഹുസൈനെയും മാലിക് അയാസിനെയും ആയുധങ്ങളോടൊപ്പം ദിയുവിലേക്കയച്ചു. സാമൂതിരിപ്പാട് ആ സ്ഥലത്തേക്ക് നാലു കപ്പലുകളയച്ചു. അവയെല്ലാം നശിപ്പിക്കുകയും മാലിക് അയാസ് അപ്രത്യക്ഷമാവുകയും ചെയ്തു. അമീർ ഹുസൈനും സാമൂതിരിയുടെ കപ്പലുകളും രക്ഷപ്പെട്ടു. അമീർ ഹുസൈൻ ഈജിപ്തിലേക്ക് പോയി. സുലൈമാൻ പാഷ അമീർ ഹുസൈനോടൊപ്പം രണ്ടാമതൊരു സൈന്യത്തെ അയച്ചു. അവർ ഏഡനു സമീപം വെച്ച് ഏറ്റുമുട്ടുകയും ഹിജാസിലെ രാജാവ് അയാളെ കടലിലാഴ്ത്തുകയും ചെയ്തു.

ഈജിപ്ത് രാജാവിനും റോമൻ രാജാവിനും (ദിയു) ഇടയിൽ ഒരു സംഘർഷം നിലനിന്നിരുന്നു. അപ്രകാരം മുഴുവൻ രാജ്യവും റോമൻ രാജാ

വിന്നധീനമായി. ഹിജ്റ 915-ാം വർഷം (1510 എ.ഡി) പറങ്കികൾ വീണ്ടും കോഴിക്കോട് കരക്കിറങ്ങി മിസ്കാൽ പള്ളി കത്തിക്കുകയും സാമൂതിരിയുടെ കൊട്ടാരത്തിൽ പ്രവേശിക്കുകയും കൈക്കൂലി കൊടുത്തു കൊണ്ട് അദ്ദേഹത്തിന്റെ സിംഹാസനത്തിലിരിക്കുകയും ചെയ്തു. ആ സമയം സാമൂതിരി പൊന്നാനിയിലായിരുന്നു. അതേ വർഷം അവർ ഏഡൻ ആക്രമിക്കുകയും ചെയ്തു. പിന്നീടവർ കുരുമുളകിന്റെ പത്തായമായ തെക്കൻ കൊല്ലത്ത് അതിന്റെ കുത്തകക്കു വേണ്ടി ഒരു കോട്ട കെട്ടുകയും ചെയ്തു. പിന്നീടവർ ഗോവ തുറമുഖം പിടിച്ചെടുത്തു. സുൽത്താൻ അവരെ പരാജയപ്പെടുത്തിയെങ്കിലും അവർ വഞ്ചനാപൂർവ്വം കണ്ണൂരിലെ ജനങ്ങൾക്ക് കൈക്കൂലി കൊടുത്ത് പിടിച്ചെടുത്തു. ഹിജറ 920-ാം ആണ്ടിൽ (1514 എ.ഡി) അവർ സാമൂതിരിയുമായി കോഴിക്കോട് ഒരു കോട്ട കെട്ടുവാനുള്ള കരാറിലെത്തി. കോട്ടയുടെ നിർമ്മാണം പൂർത്തിയായപ്പോൾ അവർ അറേബ്യയിലേക്കുള്ള കച്ചവടക്കാരെ തടഞ്ഞു നിർത്തുകയും മുസ്ലീമിങ്ങളോട് ധാരാളം ക്രൂരത കാട്ടുകയും ചെയ്തു. അപ്രകാരം സാമൂതിരി രണ്ടാമതൊരപേക്ഷ സുൽത്താനത്തിലേക്കയക്കുകയും ചെയ്തു. പറങ്കികൾ സാമൂതിരിയെ തങ്ങളുടെ കോട്ടയിലേക്ക് വഞ്ചനാപൂർവ്വം ബന്ധനസ്ഥനാക്കുവാൻ വേണ്ടി ക്ഷണിക്കുകയുണ്ടായി. എന്നാൽ അല്ലാഹു അവന്റെ കാരുണ്യവും ഔദാര്യവും കൊണ്ട് ഈ ഗൂഡാലോചനയിൽ നിന്നും അദ്ദേഹത്തെ രക്ഷപ്പെടുത്തുകയും ചെയ്തു. പറങ്കികൾ ജിദ്ദാ തുറമുഖത്തേക്കു പോയി. അമീർ സുലൈമാൻ പാഷ കപ്പലുകളിൽ അവരെ പിന്തുടരുകയും അവർ നാശനഷ്ടങ്ങളോടെ മടങ്ങുകയും ചെയ്തു.

അവരുടെ നെറികെട്ട പെരുമാറ്റം കാരണം ഒരു സംഘർഷം ഉണ്ടാകുകയും അവർ കോഴിക്കോട് കോട്ട ഹിജ്റ 932-ൽ (1525 എ.ഡി) പിടിച്ചെടുക്കുകയും ചെയ്തു. കോഴിക്കോട് കോട്ടയിൽ 12 വർഷം അവർക്കിരിക്കുവാൻ കഴിഞ്ഞു. ഇതാകട്ടെ സാമൂതിരിയെ ചതിച്ചു കൊണ്ടും പന്തലായിനിയിലെ ജനങ്ങളുടെ ധാർഷ്ട്യപ്രകൃതം കൊണ്ടുമായിരുന്നു. കൊടുങ്ങല്ലൂരിൽ മുസ്ലീമിങ്ങൾക്കും ജൂതന്മാർക്കുമിടയിൽ ഒരു ഏറ്റുമുട്ടൽ ഉണ്ടാവുകയും ചെയ്തു. ഹിജ്റ 935-ാം വർഷം (1538 എ.ഡി) താനൂരിൽ ഒരു പറങ്കിക്കപ്പൽ ഉടഞ്ഞു പോകുകയും ചെയ്തു. താനൂർ രാജാവിനോട് അതിനെ തനിക്ക് കൈമാറാൻ ആവശ്യപ്പെട്ടു. അയാളത് നിഷേധിക്കുകയും അവരെ കൊച്ചിയിലേക്ക് അനുഗമിക്കുകയും പറങ്കികളെ കൂട്ടായ്മയിൽ ഒരു കോട്ട കെട്ടുവാൻ അനുവദിക്കുകയും ചെയ്തു. പറങ്കികൾ സൈന്യവുമായി വരികയും എന്നാൽ സാമൂതിരി തടഞ്ഞു വെച്ച് എല്ലാ കപ്പലുകളും പിടിച്ചെടുക്കുകയും ചെയ്തു. മുസ്ലീമിങ്ങൾക്ക് പീരങ്കികളും മറ്റുപകരണങ്ങളും ലഭിച്ചു.

ഹിജ്റ 937-ൽ (1531 എ.ഡി) ആലി ഇബ്രാഹിം മരക്കാർ സൂറത്തിലേക്ക് 30 കപ്പലുകളുമായി യാത്ര തിരിക്കുകയും എന്നാൽ പറങ്കികൾ അവ പിടിച്ചെടുക്കുകയും ചെയ്തു. ഹിജ്റ 938-ൽ (1532 എ.ഡി) അവർ ഒരു കരാറിലേർപ്പെടുകയും ചാലിയത്ത് ഒരു കോട്ട കെട്ടുകയും ചെയ്തു. ഈ കരാറിന്റെ മദ്ധ്യവർത്തി താനൂർ രാജാവായിരുന്നു. പറങ്കികൾ ഈ കോട്ട താനൂരിനും കോഴിക്കോടിനുമിടയിൽ ഒരു ചുമർ പോലെയാണ് കെട്ടിയത്. അത് പൂർത്തിയാകുന്നതിനു മുൻപ് സാമൂതിരി മരിക്കുകയും കരാർ അവസാനിക്കുകയും ചെയ്തു. ആ വർഷം അമീർ മുസ്തഫ ദിയുഷ (ദിയു)-വിൽ എത്തിച്ചേർന്നു.

ഹിജ്റ 940-ൽ (1533 എ.ഡി) അവർ ഒരു കരാർ ഒപ്പിട്ടു. സാമൂതിരി താനൂരുമായി യുദ്ധം നടത്തുകയും വളരെ ക്ഷീണിതനാവുകയും ചെയ്തു. അയാൾ താനൂർ രാജാവിന് കരുവൻ തുരുത്ത് ദ്വീപും പുതുപ്പൊന്നാനിയും നൽകി. ഈ കരാറിനു ശേഷം സാജന്തർ ഖാൻ ഗുജറാത്തിൽ നിന്നും കുഞ്ഞാലി മരക്കാരോടൊപ്പം സമ്മാനങ്ങളുമായി എത്തിച്ചേരുകയും ചെയ്തു. ഹിജ്റ 943-ൽ (1535 എ.ഡി) സുൽത്താൻ ബഹദൂർ ഷായുടെ മരണശേഷം പറങ്കികൾ സുൽത്താൻമാരുമായി ഒരു കരാറിലെത്തിച്ചേരുകയും ചെയ്തു.

